
ഫെബ്രുവരി 2014, വാള്യം : 22, ലക്കം : 2

അൽഹഖ്

# അൽഹഖ്

തബ്‌ലീഗ് 1393 | റ: അവ്വൽ – റ: ആഖിർ 1435 | മകരം – കുംഭം 1189



## വൈജ്ഞാനിക അനുഭൂതിയിൽ മാത്രം ഒതുങ്ങരുത്

ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) ജമാഅത്തിന്റെ മുമ്പാകെ വരും തലമുറകൾക്ക് പോലും മാർഗദർശനം ലഭിക്കുന്ന രീതിയിലുള്ള ചൊവ്വായ മാർഗം കാണിച്ചു തരികയുണ്ടായി. ഈ മാർഗം അവലംബിച്ചാൽ ആർക്കും വിജയത്തിന്റെ സോപാനങ്ങളിൽ എത്തിച്ചേരാൻ സാധിക്കുന്നതാണ്. ഇതും നമ്മുടെ ഉത്തരവാദിത്വത്തെ ഓർമിപ്പിച്ചു കൊണ്ട് ഇസ്‌ലാമിന്റെ വിജയത്തിനായി നമ്മുടെ കഴിവുകളെ വിനിയോഗിക്കേണ്ടതിലേക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. അതല്ലാതെ ഒരടയാളം പൂർത്തിയായതിലൂടെ ലഭിക്കുന്ന വൈജ്ഞാനിക അനുഭൂതിയിൽ മാത്രം കാര്യങ്ങളെ പരിമിതപ്പെടുത്തരുത്. അല്ലാഹു അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

(ഖുത്വുബ ജുമുഅ: 20.02.09)

അനുഗ്രഹപൂർത്തീകരണം എന്നതിന്റെ ഖുർആനിക വിവക്ഷ 7

മാതാപിതാക്കളോടുള്ള സൽപെരുമാറ്റം 13

മതനിയമസംഹിതയെ പാലിക്കേണ്ടത് സ്ത്രീകൾക്കും അനിവാര്യം 16

ഗിരിപ്രഭാഷണം 28

ചരിത്രം
HISTORY


# അഞ്ചുമൻ ഹംദർദാനെ ഇസ്‌ലാം

ടി.എം



ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)

ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) ക്ക് എട്ടോ ഒൻപതോ വയസ്സുള്ളപ്പോൾ ഖാദിയാനിലെ യുവാക്കൾ ചേർന്ന് ഒരു അഞ്ചുമന് രൂപം നൽകി. അതിന്റെ മേൽനോട്ടം ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) നായിരുന്നു. പഴയ അതിഥി മന്ദിരത്തിലായിരുന്നു അതിന്റെ ആദ്യകാല യോഗങ്ങൾ കൂടിയിരുന്നത്. അതിലെ അംഗങ്ങൾ ഏഴിൽ താഴെയായിരുന്നു. അതിലെ ഏറ്റവും ഊർജസ്വലനായ അംഗമായിരുന്നു ഖലീഫത്തുൽ മസീഹ് സാനി (റ).



ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ)

**ഹദ്റത് ഭായി അബ്ദുർ റഹ്മാൻ സാഹിബ് (റ)** പറയുന്നു;

തശ്ഹീസുൽ അസ്ഹാന്റെ ആദ്യ പേര് അഞ്ചുമൻ ഹംദർദാനെ ഇസ്‌ലാം എന്നായിരുന്നു. സയ്യിദ്നാ മഹ്മൂദിന് എട്ടോ ഒൻപതോ വയസ്സുള്ളപ്പോഴായിരുന്നു അത് സ്ഥാപിച്ചത്. അതായിരുന്നു അദ്ദേഹത്തിന്റെ ദീനീ പ്രവർത്തനങ്ങളുടെയും ആത്മീയ ഉയർച്ചയുടെയും ആദ്യപടി. അത് അദ്ദേഹത്തിന്റെ തന്നെ ആഗ്രഹത്തിന്റെ പരിണിതഫലമായിരുന്നു. മണിക്കൂറുകളോളം അദ്ദേഹം ഓഫീസിൽ വന്നിരിക്കുകയും വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്യുമായിരുന്നു. ചിലപ്പോൾ ടീമുകൾ ഉണ്ടാക്കി കളികൾക്കുള്ള നിർദേശങ്ങൾ നൽകുന്നു, ചിലപ്പോൾ സൈന്യം ഉണ്ടാക്കി സാങ്കൽപിക യുദ്ധത്തിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു, ചിലപ്പോൾ കള്ളന്മാരെയും കൊള്ളക്കാരെയും പിന്തുടരുകയും അവരെ പിടികൂടുകയും അവരുടെ കോടതി നടപടികൾ അരങ്ങേറുകയും ശിക്ഷ വിധിക്കുകയും ചെയ്യുന്നു, ചിലപ്പോൾ നല്ല പ്രവർത്തനം കാഴ്ച വെക്കുന്നവർക്ക് സമ്മാനങ്ങൾ നൽകുന്നു, ചിലപ്പോൾ വാദപ്രതിവാദങ്ങൾ വൈജ്ഞാനിക മൽസരങ്ങളുടെ രൂപം ആർജിക്കുന്നു. ജഡ്ജിമാരെ നിയമിക്കുന്നു, വിജയികളെ നിശ്ചയിക്കുന്നു. അതിന്റെ സൽപരിണാമങ്ങളിൽ ഒന്നാണ് അഞ്ചുമൻ ഹംദർദാനെ ഇസ്‌ലാം. അത് അദ്ദേഹത്തിന്റെ ആഗ്രഹത്തിന്റെയും അഭിലാഷത്തിന്റെയും പരിണിതഫലമായിരുന്നു.




ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)

തഫ്സീർ



ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)



وَكَذٰلِكَ جَعَلْنٰكُمْ اُمَّةً وَّسَطًا لِّتَكُوْنُوْا شُهَدَآءَ
عَلَى النَّاسِ وَيَكُوْنَ الرَّسُوْلُ عَلَيْكُمْ شَهِيْدًا (2:144)

# മുഹമ്മദ് നബി ഉൽകൃഷ്ട നബി
# മുസ്‌ലിം സമുദായം ഉൽകൃഷ്ട സമുദായം

ഈ ആയത്തിൽ ഒരു ഭാഗത്ത് അല്ലാഹു പറയുന്നു, നിങ്ങൾ നബിതിരുമേനി(സ) യിൽ നിന്ന് ആത്മീയാനുഗ്രഹങ്ങൾ കരസ്ഥമാക്കി ലോകസമുദായങ്ങൾക്ക് മാർഗദർശനം നൽകുക എന്നത് നിങ്ങളുടെ കടമയാകുന്നു. മറുഭാഗത്ത് പറയുന്നു, നിങ്ങളിൽ എന്തെങ്കിലും വക്രത ഉണ്ടാകുകയാണെങ്കിൽ നിങ്ങളെ സമുദ്ധരിക്കുന്നതിനായി മുഹമ്മദ് നബി (സ) യെ നിങ്ങളുടെ മേൽ നാം കാര്യദർശിയും മേൽനോട്ടക്കാരനും ആക്കിയിരിക്കുന്നു.

വാസ്തവത്തിൽ പ്രവാചകൻ എത്രത്തോളം ഉന്നതനാണോ അത്രത്തോളം ഉന്നതമായ സമുദായത്തെയാണ് അല്ലാഹുവിൽ നിന്ന് ആ പ്രവാചകന് ലഭിക്കുക. അഥവാ പ്രവാചകൻ ഉന്നതനും എന്നാൽ സമുദായം അധമവുമാണെങ്കിൽ പ്രവാചകന്റെ കഴിവുകൾ പാഴായിപ്പോകാൻ സാധ്യതയുണ്ട്. അല്ലാഹു തന്റെ ഒരു പ്രവാചകനെ അയക്കുകയും എന്നാൽ അദ്ദേഹത്തിന്റെ കഴിവുകൾക്കനുഗുണമായ സമുദായം അദ്ദേഹത്തിന് നൽകാതിരിക്കുകയും ചെയ്യുക എന്നത് അസാധ്യമാണ്. ഹദ്റത് മൂസാ (അ) ന് അദ്ദേഹത്തിന്റെ കഴിവുകൾക്കനുഗുണമായ സമുദായം ലഭിച്ചു. മുഹമ്മദ് നബി (സ) യ്ക്ക് അദ്ദേഹത്തിന്റെ കഴിവുകൾക്കനുഗുണമായ സമുദായം ലഭിച്ചു......

മുഹമ്മദ് നബി(സ)യുടെയും മൂസാ നബി(അ)ന്റെയും സമുദായത്തിൽ വ്യതിരിക്തത ഉണ്ടായിരുന്നു. കാരണം ഹദ്റത് മൂസാ(അ) ഒരു പരിമിതമായ കാലഘട്ടത്തിലേക്കും സമുദായത്തിനും വേണ്ടിയായിരുന്നു അയക്കപ്പെട്ടത്. പരിമിതമായ വികലതയെ ദൂരീകരിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ചുമതല. നബിതിരുമേനി(സ)യുടെ നിയോഗം മുഴുവൻ ലോകത്തിലേക്കുമായിരുന്നു. അന്ത്യനാൾ വരേക്കും നബി(സ)യുടെ ആത്മീയ കാലഘട്ടം നിർണയിക്കപ്പെട്ടിരുന്നു. അന്ത്യനാൾ വരേക്കുമുള്ള ജനങ്ങളുടെ ന്യൂനതകൾ ആ മഹാതമാവിന് ദൂരീകരിക്കേണ്ടിയിരുന്നു. അതിനാൽ നബി(സ) യ്ക്ക് ലഭിച്ച സമുദായം മൂസാ(അ)ന് ലഭിച്ചില്ല. അക്കാരണത്താലാണ് അല്ലാഹു മുസ് ലിംകളെ അഭിസംബോധന ചെയ്തു കൊണ്ട് പറഞ്ഞത്, നാം നിങ്ങളെ ഒരു ഉത്തമ സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് മേൽനോട്ടക്കാരായിരിക്കുകയും റസൂൽ നിങ്ങളുടെ മേൽനോട്ടക്കാരനായിരിക്കണമെന്നതാണ് നമ്മുടെ ഉദ്ദേശ്യം. അതായത് നിങ്ങളുടെ ശിക്ഷണം റസൂലിന്റെ മേൽനോട്ടത്തിലായിരിക്കണം. പിന്നീട് നിങ്ങളുടെ മേൽനോട്ടത്തിലായിരിക്കണം ലോകത്തിന്റെ സമുദ്ധാരണം. കാരണം ഒരു വ്യക്തിക്ക് എന്നെന്നേക്കുമായി ജീവിച്ചിരിക്കാൻ സാധ്യമല്ല. നബി (സ) യുടെ കഴിവുകൾ ആഗ്രഹിച്ചിരുന്നത് അദ്ദേഹത്തിന്റെ സമുദായവും ഉത്തമമായിരിക്കണമെന്നാണ്. അക്കാരണത്താലാണ് മുസ്‌ലിംകളെ ഉത്തമ സമുദായമാക്കിയത്. ചുരുക്കത്തിൽ മുഹമ്മദീസമുദായം ഉത്തമമാകേണ്ടത് അനിവാര്യമാകുന്നു. എങ്കിൽ മാത്രമേ ഇസ്‌ലാമിന്റെ ഉന്നത അധ്യാപനങ്ങൾ സ്വായത്തമാക്കി അവർക്ക് അതിനനുസരിച്ച് ലോകത്തെ സമുദ്ധരിക്കുവാൻ സാധിക്കുകയുള്ളു. അവരിൽ പ്രസ്തുത യോഗ്യത നൽകിയിരുന്നില്ലായെങ്കിൽ സൃഷ്ടികളുടെ സമുദ്ധാരണത്തിന്റെ ഉദ്ദേശ്യം തന്നെ പൂർത്തിയാകുമായിരുന്നില്ല.

ഈ ആയത്തിൽ നിന്ന് മുസ്‌ലിം സമുദായത്തിൽ ദൈവനിയോഗിതരുടെ ആഗമനത്തെ സംബന്ധിച്ചുള്ള തെളിവും ലഭിക്കുന്നുണ്ട്. കാരണം മുസ്‌ലിം സമുദായത്തെ എഴുന്നേൽപ്പിച്ചത് തന്നെ അവർ എല്ലാ കാലഘട്ടത്തിലും നബിതിരുമേനി(സ) യുടെ അനുഗ്രഹത്തെ ജനങ്ങളിലേക്ക് എത്തിച്ചു കൊണ്ടിരിക്കുന്നതിനു വേണ്ടിയിട്ടാണ് എന്നാണ് ഈ ആയത്തിൽ നിന്നും സ്ഥാപിതമാകുന്നത്. ഒരു കാലത്ത് സ്വയം മുസ്‌ലിംകൾ തന്നെ ഈ കടമ വിസ്മരിക്കുമെന്ന അപകട സാധ്യത ഉള്ള കാരണത്താൽ അല്ലാഹു പറയുന്നു, ഈ അനുഗ്രഹങ്ങൾ മുസ്‌ലിംകളുടെ സ്വന്തം ദുഷ്കർമ ഫലമായി നിലച്ചു പോകുമ്പോൾ മുഹമ്മദ് നബി(സ) സ്വയം മേൽനോട്ടക്കാരനായി ലോകത്ത് വരുന്നതാണ്. അതായത് മുസ്‌ലിം സമുദായത്തിന് മറ്റുള്ളവരുടെ മേൽനോട്ടക്കാരനാകാൻ സാധിക്കാതെ വരുകയും സ്വയം മേൽനോട്ടക്കാരനെ ആശ്രയിക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമാകുമ്പോൾ നബി തിരുമേനി(സ) അതിനെ സമുദ്ധരിക്കുന്നതാണ്. അക്കാരണത്താലാണ് അല്ലാഹു *യകൂനർ റസൂലു അലയ്ക്കും ശഹീദൻ* എന്നുള്ളതിനെ പിന്നിൽ വെക്കുകയും *തകൂനൂ ശുഹദാഅ അലന്നാസി* എന്നതിനെ ആദ്യം വെച്ചതും....

*യകൂനർ റസൂലു അലയ്ക്കും ശഹീദൻ* എന്നതിനെ രണ്ടാമതായി വെച്ചത് മനസ്സിലാക്കി തരുന്നത് അത് നബി (സ)യുടെ ആദ്യ നിയോഗത്തെയല്ല, മറിച്ച് രണ്ടാമത്തെ നിയോഗത്തെയാണ് സൂചിപ്പിക്കുന്നത് എന്നാണ്. അതായത് മുസ്‌ലിം സമുദായത്തിന്റെ മേൽനോട്ടത്തിൽ അപചയം ഉണ്ടാകുകയും മുസ്‌ലിംകളുടെ മാതൃക ഉത്തമമല്ലാതാകുകയും ചെയ്യുമ്പോഴെല്ലാം തന്നെ നബി (സ) തിരുമേനി സാക്ഷിയും മേൽനോട്ടക്കാരനുമായി ആഗതരാകുന്നതാണ്. പിന്നീട് മുസ്‌ലിംകൾക്ക് ശിക്ഷണം നൽകി അവരെ മറ്റുള്ളവർക്ക് ശിക്ഷണം നൽകുന്നതിന് യോഗ്യരാക്കി മാറ്റുന്നു.

ഇവിടെ മുഹമ്മദ് നബി(സ) യുടെ പ്രതിപുരുഷന്റെ ആഗമനമാണ് ഉദ്ദേശ്യം എന്ന് ഈ ക്രമം നമുക്ക് മനസ്സിലാക്കിതരുന്നു. കൂടാതെ നബി തിരുമേനി (സ)യുടെ കാലഘട്ടത്തിലെ ആളുകൾ മാത്രമല്ല അന്ത്യനാൾ വരേയുള്ള ആളുകളാണ് പരാമർശവിധേയർ എന്ന്‌വിശുദ്ധഖുർആന്റെ വാക്കുകളും മനസ്സിലാക്കി തരുന്നു.

*ചുരുക്കത്തിൽ യകൂനർറസൂലു അലയ്ക്കും ശഹീദൻ* എന്നതും അന്ത്യനാൾ വരെ സത്യമായി പുലർന്നു കൊണ്ടിരിക്കും. അതായത് അന്ത്യനാൾ വരെ മുസ്‌ലിം സമുദായം മേൽനോട്ടക്കാരായിരിക്കും. അതായത് അന്ത്യനാൾ വരെ ജനങ്ങൾ നബി(സ) യുടെ അനുഗ്രഹങ്ങൾ കരസ്ഥമാക്കി മറ്റുള്ളവർക്ക് പഠിപ്പിച്ചു കൊണ്ടിരിക്കുന്നതാണ്. അങ്ങനെ അന്ത്യനാൾ വരെ നബി (സ) തിരുമേനി സാക്ഷിയും മേൽനോട്ടക്കാരനും എന്നുള്ള കടമ നിറവേറ്റികൊണ്ടിരിക്കുന്നതാണ്. എന്നാൽ നബി(സ) തിരുമേനിക്ക് തന്റെ ഭൗതീകശരീരത്തോടു കൂടി എന്നെന്നേക്കുമായി ജീവിച്ചിരിക്കാൻ സാധ്യമല്ല എന്നതിനാൽ ഈ ആയത്ത് നബി (സ) യുടെ പ്രതിപുരുഷനെയാണ് സൂചിപ്പിപ്പിക്കുന്നത്.

പറയുന്നു, മുസ്‌ലിം സമുദായത്തെ മറ്റുള്ളവരുടെ പരിഷ്കരണത്തിനായിട്ടാണ് എഴുന്നേൽപ്പിച്ചിട്ടുള്ളത്. എന്നാൽ സ്വയം അതിൽ അപചയം ഉണ്ടാകുമ്പോൾ പുറത്തു നിന്നുള്ള ഏതെങ്കിലും നബിയായിരിക്കില്ല അതിനെ സമുദ്ധരിക്കുന്നത് മറിച്ച്, സ്വയം മുഹമ്മദ് നബി (സ) തന്നെ പ്രതിപുരുഷനായി കൊണ്ട് തന്റെ സമുദായത്തെ പരിഷ്കരിക്കുന്നതാണ്. ഈ ശൃംഖല അന്ത്യനാൾ വരെ തുടരുന്നതാണ്. ഈ ആയത്തും ഇസ്‌ലാം ഒരു ആഗോള മതമാണെന്നതിന് പ്രബലമായ തെളിവാണ്. (തഫ്സീറെ കബീർ, വാല്യം 2)

സമ്പാ: ഇബ്നു അശ്റഫ്




# പ്രലോഭനത്തിനുള്ള ശ്രമം

ഹ: ഹംസയും ഹ: ഉമറും പോലുള്ള പ്രൗഢ വ്യക്തികൾ ഇസ്‌ലാമിലേക്ക് വരുന്നുവെന്ന് കണ്ട ഖുറൈശികളെ അത് വളരെ ചിന്താകുലരാക്കി. അങ്ങനെ അവർ പരസ്പരം കൂടിയാലോചന നടത്തുകയും നബിതിരുമേനിയെ എങ്ങനെയെങ്കിലും ഇസ്‌ലാം മത പ്രചാരണത്തിൽ നിന്നും പിന്തിരിപ്പിക്കുന്നതിന് വേണ്ടി ആദ്യം അത്ബബ്നു റബി അയെ തിരുമേനിയുടെ അടുത്തേക്ക് അയക്കുകയും ചെയ്തു. അത്ബ് ആ ഉദ്യമത്തിൽ പരാജയപ്പെടുക മാത്രമല്ല, നബിതിരുമേനിയുടെ വ്യക്തിപ്രഭാവത്താൽ സ്വാധീനിക്കപ്പെട്ടു തിരിച്ചു വന്നിരിക്കുന്നുവെന്ന് മനസ്സിലാക്കിയ ഖുറൈശികൾ അത്ബയ്ക്ക് ചുറ്റുമൊരുമിച്ചു കൂടി കൂടിയാലോചന നടത്തുകയും ഖുറൈശികളിലെ ചില നേതാക്കൾ നബിതിരുമേനിയുമായി സംസാരിക്കാമെന്ന തീരുമാനത്തിലെത്തുകയും ചെയ്തു. ആ തീരുമാനപ്രകാരം വലീദ്ബ്നു മുഹീറ, ആസ്ബ്നു വായിൽ, അബൂജഹൽ, ഉമയ്യുബ്നു കൻഫ, അത്ബ് ശൈബ്, അബൂസു ഫിയാൻ, അസ്മദ്ബ്നു മുത്തലിബ്, നസ്റുബ്നു ഹാരിസ്, അബുൽ ബഖ്ത്തരി തുടങ്ങിയവർ കഅ്ബയുടെ മുറ്റത്ത് സദസ്സുണ്ടാക്കി അവിടെയിരുന്നു. സമുദായത്തിലെ ചില നേതാക്കൾ തിരുമേനിയുമായി സംഭാഷണം നടത്താൻ ആഗ്രഹിക്കുന്നുവെന്ന സന്ദേശവുമായി ഒരാളെ തിരുമേനിയുടെ അടുക്കലേക്ക് അവർ പറഞ്ഞയച്ചു. ഇങ്ങനെയൊരു അവസരത്തിനായി കാത്തിരുന്ന തിരുമേനി ഉടനെത്തന്നെ അവിടേക്ക് പോയി. ആചാരപരമായ അഭിവാദ്യങ്ങൾക്ക് ശേഷം ഖുറൈശികൾ സംഭാഷണം ഇങ്ങനെ ആരംഭിച്ചു:

“അല്ലയോ മുഹമ്മദ്! നോക്കൂ നിങ്ങൾ കാരണം എത്ര മാത്രം ഭിന്നിപ്പുകളാണ് സമുദായത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സ്വന്തം പൂർവ്വപിതാക്കളുടെ മതത്തെ വഞ്ചിച്ചുകൊണ്ട് അവരെ പഴിക്കുകയും അവരുടെ സ്നേഹഭാജനങ്ങളായ ദൈവങ്ങളെ നിങ്ങൾ ചീത്ത പറയുകയും അവരുടെ ബഹുമാന്യരായ മഹാവ്യക്തികളെ യുക്തി ഹീനരെന്ന് ഉദ്ഘോഷിക്കുകയും ചെയ്തു. നിങ്ങൾ ചെയ്തതും ഇപ്പോൾ ചെയ്ത്കൊണ്ടിരിക്കുന്നതുമായ അപമാനത്തേക്കാൾ മറ്റൊന്ന് ഒരു സമുദായത്തിനും വന്നുഭവിച്ചിട്ടില്ല. എന്നാൽ നിങ്ങളുടെ കാര്യത്തിൽ എന്ത് ചെയ്യണമെന്ന കാര്യത്തിൽ ഞങ്ങൾ അത്ഭുത പരതന്ത്രരാണ്. നിങ്ങൾ സമ്പത്ത് സ്വരുക്കൂട്ടണമെന്ന ഉദ്ദേശ്യത്തോടെയാണ് ഈ ശ്രമങ്ങളൊക്കെ ചെയ്യുന്നതെങ്കിൽ നാളെ മുതൽ സമ്പന്നരാക്കുന്ന വിധത്തിൽ സ്വത്തുക്കൾ ഞങ്ങൾ നിങ്ങൾക്ക് തരാം. മറിച്ച് പ്രതാപവും പ്രൗഢിയുമാണ് ആഗ്രഹിക്കുന്നതെങ്കിൽ താങ്കളെ ഞങ്ങളുടെ നേതാവാക്കാൻ ഞങ്ങൾ തയ്യാറാണ്. അതല്ല, ഭരണമാണ് താങ്കൾ കൊതിക്കുന്നതെങ്കിൽ താങ്കളെ ഞങ്ങളുടെ രാജാവാക്കാനും ഞങ്ങൾക്ക് മടിയില്ല. ഇനി ഈ ഒച്ചപ്പാടുകളെല്ലാം താങ്കളുടെ ഏതെങ്കിലും രോഗം കാരണമാണെങ്കിൽ അതിനുള്ള ചികിത്സ സ്വന്തം ചെലവിൽ ചെയ്യാൻ ഞങ്ങളൊരുക്കമാണ്. ഇതൊന്നുമല്ല, സുന്ദരിയായ പെൺകുട്ടിയെ വിവാഹം കഴിച്ചാലെ നിനക്ക് തൃപ്തി വരൂ എന്നാണെങ്കിൽ, അറേബ്യയിലെ ഏറ്റവും നല്ല പെൺകുട്ടിയെ അന്വേഷിച്ചു കൊണ്ടു വന്ന്, നിന്റെ മുന്നിൽ സമർപ്പിക്കാം.”

നബി(സ) വളരെ ശാന്തനായിക്കൊണ്ട് ഖുറൈശീ നേതാക്കളുടെ പ്രസംഗം കേട്ടു. അവർ തങ്ങൾക്ക് പറയാനുള്ളത് പറഞ്ഞ് കഴിഞ്ഞപ്പോൾ തിരുമേനി പറഞ്ഞു:

“അല്ലയോ ഖുറൈശീ സമൂഹമേ! ഇക്കാര്യങ്ങളൊന്നും തന്നെ ഞാൻ ആഗ്രഹിക്കുന്നില്ല. നിങ്ങൾ വിചാരിക്കുന്നത് പോലെ വല്ല രോഗമോ എനിക്കില്ല. അല്ലാഹുവിന്റെ ഭാഗത്ത് നിന്നുള്ള ഒരു ദൂതൻ മാത്രമാണ് ഞാൻ. ദൈവികസന്ദേശവുമായിട്ടാണ് ഞാൻ വന്നിരിക്കുന്നത്. എന്റെ ഹൃദയം നിങ്ങളോടുള്ള അനുകമ്പയാൽ നിറഞ്ഞിരിക്കുകയാണ്. ഞാൻ പറയുന്നത് നിങ്ങൾ കേൾക്കുകയും വിശ്വസിക്കുകയുമാണെങ്കിൽ ഈ ലോകത്തും പരലോകത്തും നിങ്ങൾ നന്മ വാരുന്നതാണ്. ഇനി നിങ്ങളിത് തിരസ്ക്കരിക്കുകയാണെങ്കിൽ ക്ഷമയോടും സഹനത്തോടും കൂടി ഞാനെന്റെ റബ്ബിന്റെ തീരുമാനത്തെ കാത്തിരിക്കും”

## വേദനാ നിർഭരമായ ദുആ

### ഹദ്റത് മിർസാ മുസഫർ അഹ്മദ് സാഹിബ് (റ)

ഞാൻ രാത്രിയിൽ എന്റെ ഖാദിയാനിലുള്ള വീടിന്റെ മുറ്റത്ത് ഉറങ്ങുകയായിരുന്നു. ഉഷ്ണ കാലമായിരുന്നു. പെട്ടെന്ന് ഹൃദയം പിളർക്കുന്ന തരത്തിലുള്ള വേദനയോടു കൂടിയ ശബ്ദം കേട്ട് ഉറക്കത്തിൽ നിന്നും ഞെട്ടി ഉണർന്നു. എനിക്ക് ഭയം അനുഭവപ്പെട്ടു. പൂർണമായും ഉറക്കൽ നിന്നും ഉണർന്നപ്പോഴാണ് എനിക്കതിന്റെ ഉറവിടം മനസ്സിലായത്. ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) എന്റെ വീടിന്റെ മതിലിനോട് ചേർന്ന ഹദ്റത് ഉമ്മെ നാസിറിന്റെ വീടിന്റെ മുകൾ ഭാഗത്തുള്ള മുറ്റത്ത് നിന്ന് തഹജ്ജുദ് നമസ്കരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ വേദനാ നിർഭരമായ ദുആയുടെ ശബ്ദമായിരുന്നു ഞാൻ കേട്ടത്. ഞാൻ വളരെ ശ്രദ്ധയോടെ ആ ശബ്ദം ശ്രവിക്കാൻ ശ്രമിച്ചു. അദ്ദേഹം വളരെ വേദനയോടു കൂടി ആവർത്തിച്ചാവർത്തിച്ച് ഇഹ്ദിന സ്വിറാത്വൽ മുസ്തഖീം എന്ന ദുആ ആയിരുന്നു ചെയ്തു കൊണ്ടിരുന്നത്. കലത്തിലെ വെള്ളം തിളച്ച് മറിയുന്നതു പോലെയാണ് എനിക്ക് അനുഭവപ്പെട്ടത്. അദ്ദേഹം ആ ദുആ ആവർത്തിക്കുന്നത് കേട്ടപ്പോൾ അത് ഒരിക്കലും അവസാനിക്കില്ല എന്ന് എനിക്ക് തോന്നി. അന്ന് രാത്രിയിലെ സംഭവം ജീവിതത്തിലൊരിക്കലും എനിക്ക് മറക്കാൻ സാധിക്കില്ല. (അഖ്‌ലാഖെ മഹ്മൂദ്)






# യൻസിലു ഈസബ്നു മർയമ ഇലൽ അർളി ഫയതസവ്വജു വ യൂലദു ലഹു

മസീഹ് വന്നാൽ പിന്നീട് അദ്ദേഹത്തിന് മക്കളുണ്ടാകും എന്ന് നബി തിരുമേനി (സ) പറഞ്ഞിട്ടുണ്ട്. ഹദീസ് ഞാൻ കേൾപ്പിച്ചു. മക്കൾ പലർക്കും ഉണ്ടാകുന്നു. ഇതിൽ എന്താണ് പ്രത്യേകതയുള്ളത്. നബി തിരുമേനി(സ) പ്രവചനം ചെയ്തിട്ടുണ്ടെങ്കിൽ അതിൽ നിശ്ചയമായും എന്തോ പ്രത്യേകത ഉണ്ടായിരിക്കണം.

അദ്ദേഹത്തിനുണ്ടാകുന്ന മകനിൽ ദീൻ പ്രചരിപ്പിക്കാനുതകുന്ന ഗുണങ്ങൾ ഉണ്ടായിരിക്കും എന്നാണ് ഇതുകൊണ്ട് അർഥമാക്കുന്നത്. ആ പുത്രൻ മുഖേന തൗഹീദിന്റെ പ്രചരണം എളുപ്പമായിത്തീരും. നബി തിരുമേനി(സ) യുടെ സ്ഥാനം ലോകത്ത് പ്രകടമാകുന്നതിന് കാരണമായിത്തീരുന്നതാണ്. ഈ പ്രവചന പ്രകാരം 1889ൽ ഹദ്റത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ജനിക്കുകയുണ്ടായി. അതേ വർഷം തന്നെയാണ് ഹദ്റത് മസീഹ് മൗഊദ് (അ) നോട് അല്ലാഹു ബയ്അത്ത് വാങ്ങാൻ കല്പിച്ചത്. ബയ്അത്ത് വാങ്ങിയതും അഹ്മദിയ്യാ ജമാഅത്തിന്റെ അടിത്തറ പാകിയതും ഒരേ വർഷം തന്നെ. ഈ ജമാഅത്താണ് ഇനി ഇസ്‌ലാമിന്റെ പ്രബോധന പ്രവർത്തനങ്ങൾ ലോകത്ത് ചെയ്യുക. അവർ തങ്ങളുടെ അവസ്ഥ ശരിയാക്കുകയും ചെയ്യുന്നതാണ്. വാഗ്ദത്ത മഹ്ദീ മസീഹിന്റെ ബയ്അത്തിൽ വന്നു കൊണ്ട് നബി തിരുമേനി (സ) യുടെ പ്രവചനത്തെ പൂർത്തിയാക്കുന്നതും ഈ ജമാഅത്തായിരിക്കും. ജമാഅത്ത് രൂപീകരിച്ചതിന്റെ ഉദ്ദേശ്യവും ഇതു തന്നെയായിരുന്നു.....

ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) ന്റെ പ്രവചനം അദ്ദേഹത്തിന്റെ പ്രവർത്തനവുമായി തട്ടിച്ചു നോക്കുമ്പോൾ പ്രശോഭിതമായ നിലയിൽ നമ്മുടെ മുമ്പാകെ തെളിഞ്ഞുവരുന്നതാണ്. ഞാൻ പറഞ്ഞത് പോലെ ഇത് നബി തിരുമേനി(സ) യുടെ പ്രവചനമാണ്. ഇത് നമ്മുടെ യജമാനർ മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ അത്ത്യുന്നതവും നിറം മങ്ങാത്തതുമായ സ്ഥാനമാഹാത്മ്യം വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. ഈ പ്രവചനത്തിന്റെ പൂർത്തീകരണം എന്നത് ഒരു വ്യക്തി ജനിച്ച് അദ്ദേഹം കുറേ സേവനങ്ങൾ ചെയ്തു എന്നതിൽ മാത്രം ഒതുങ്ങുന്നില്ലെന്ന കാര്യം ഓർക്കേണ്ടതാണ്. ഇതിന്റെ യാഥാർഥ്യം വെളിപ്പെടുത്തുന്നത് നമ്മിൽ നിന്ന് മസീഹ് മൗഊദ്(അ) ന്റെ പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ടു പോകുന്നവർ ജന്മമെടുക്കുമ്പോഴാണ്. അതിനുള്ള സഹായത്തിനായാണ് അല്ലാഹു അദ്ദേഹത്തിന് മുസ്‌ലിഹ് മൗഊദിനെ നൽകിയിരിക്കുന്നത്. അദ്ദേഹം ലോകത്ത് ഇസ്‌ലാമിക പ്രബോധനത്തിനും സമുദ്ധാരണത്തിനുമായി തന്റെ കഴിവുകളഖിലവും ചെലവഴിച്ചു. അതുകൊണ്ട് നാമും നമ്മുടെ വൃത്തത്തിൽ മുസ്‌ലിഹ് ആയിത്തീരേണ്ടതാണ്. നമ്മുടെ പ്രവർത്തനം കൊണ്ടും അറിവ് കൊണ്ടും ഇസ്‌ലാമിന്റെ സുന്ദര സന്ദേശത്തെ നാനാഭാഗത്തും വ്യാപിപ്പിക്കുന്നവരായി നാം മാറണം. ആത്മ സംസ്കരണത്തിലേക്കും ശ്രദ്ധയുണ്ടായിരിക്കണം. മക്കളുടെ സംസ്കരണത്തിലും ശ്രദ്ധയുണ്ടായിരിക്കണം. സമൂഹത്തിന്റെ സമുദ്ധാരണത്തിലും ശ്രദ്ധയുണ്ടായിരിക്കണം. ഇസ്‌ലാമിന്റെ സന്ദേശത്തെ ലോകത്ത് സ്ഥാപിക്കുന്നതിനായി പൂർണമായും ശ്രമിക്കുക. ഇതിന്റെ എല്ലാം ഉറവിടം അല്ലാഹു നബി തിരുമേനി (സ) യെയാണ് ആക്കിയിരിക്കുന്നത്. ഈ ചിന്താഗതിയോടെ നാം ജീവിക്കുന്നവരാണെങ്കിൽ മുസ്‌ലിഹ് മൗഊദ് ദിനത്തിന്റെ കടമകൾ പൂർത്തിയാക്കുന്നവരായി നാം മാറുന്നതാണ്.

(ഖുത്വുബ ജുമുഅ: 18.02.11)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*


*ഹദ്റത് മസീഹ് മൗഊദ് (അ)*

**മസീഹ് മൗഊദിന് സന്താനങ്ങൾ ഉണ്ടാകുമെന്ന ഈ പ്രവചനം സൂചിപ്പിക്കുന്നത്, അദ്ദേഹത്തിന്റെ വംശത്തിൽ നിന്ന് അദ്ദേഹത്തിന്റെ പ്രതിനിധിയും ദീനിന്റെ സഹായിയുമായ ഒരു വ്യക്തിയെ ജനിപ്പിക്കും എന്നതാണ്. എന്റെ ചില പ്രവചനങ്ങളിലും തൽസംബന്ധമായ വാർത്തയുണ്ട്.** *(ഹഖീഖത്തുൽ വഹ്യ്)*

## അഭിമാനാർഹമായ മണ്ടത്തരം

### ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)

ഞങ്ങൾ എല്ലാവരും പുറത്ത് മുറ്റത്ത് കിടന്നുറങ്ങുകയായിരുന്നു. ഉഷ്ണകാലമായിരുന്നു. പെട്ടെന്ന് ആകാശത്തിൽ മേഘങ്ങൾ രൂപപ്പെട്ടു. ശക്തമായ ഇടിയും മിന്നലും തുടങ്ങി. അന്നേരം ഖാദിയാന് അടുത്ത് എവിടെയോ മിന്നൽ വീണു. എന്നാൽ അതോടൊപ്പമുണ്ടായിരുന്ന ഇടിയുടെ ഘോരമായ ശബ്ദം കേട്ടപ്പോൾ ഖാദിയാനിൽ ഉള്ളവർ പോലും തങ്ങളുടെ വീട്ടിലാണ് മിന്നൽ പതിച്ചതെന്ന് ധരിച്ചു. മിന്നൽ കാരണത്താലും മേഘങ്ങൾ വന്നതിനാലും എല്ലാവരും എഴുന്നേറ്റ് വീടിനകത്തേക്ക് പോയി. മിന്നൽ പതിച്ച സമയത്ത് ഞങ്ങളും പുറത്ത് തന്നെയാണ് ഉറങ്ങിക്കിടന്നിരുന്നത്. ഞങ്ങളും എഴുന്നേറ്റ് അകത്തേക്ക് പോയി. എനിക്കിന്നും ആ ദൃശ്യം നല്ലപോലെ ഓർമയുണ്ട്. ഹദ്റത് മസീഹ് മൗഊദ് (അ) അകത്തേക്ക് പോകുന്നതിനായി തുനിഞ്ഞപ്പോൾ മിന്നൽ പതിക്കുകയാണെങ്കിൽ എന്റെ മേൽ പതിക്കട്ടെ എന്ന ധാരണയിൽ ഞാൻ എന്റെ രണ്ടു കയ്യും ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ തലക്ക് മുകളിൽ പിടിച്ചു. കുറച്ച് കഴിഞ്ഞ് ഞാനെന്താണ് ചെയ്തതെന്ന ബോധം വന്നപ്പോൾ എന്റെ ആ പ്രവർത്തനത്തിൽ എനിക്ക് ചിരി വന്നു. കാരണം ആ മഹാത്മാവ് കാരണമാണ് ഞങ്ങൾ രക്ഷപ്പെട്ടത്, അല്ലാതെ ഞങ്ങൾ കാരണമല്ല അദ്ദേഹം മിന്നലിൽ നിന്ന് രക്ഷപ്പെട്ടത്. (അഖ്‌ലാഖെ മഹ്മൂദ്)




അൽഹഖ്
വാർത്താപത്രിക
2014 ഫെബ്രുവരി
പുസ്തകം 22 ലക്കം 2




# വാഗ്ദത്ത പരിഷ്ക്കർത്താവ്

അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് അഹ് മദുൽ ഖാദിയാനി(അ) 1886 ഫെബ്രുവരി 20ന് പ്രസിദ്ധീകരിച്ച ദൈവിക വെളിപാടിൽ അല്ലാഹു അദ്ദേഹത്തെ സംബോധന ചെയ്തുകൊണ്ട് പറയുന്നു:
നിന്റെ സന്താനം ഒരിക്കലും മുറിഞ്ഞു പോവുകയില്ല. അവസാനനാൾ വരെ അത് വർദ്ധിച്ചു കൊണ്ടേയിരിക്കും. ദൈവം നിന്റെ നാമത്തെ ലോകവസാനം വരെ ആദരവോടെ നില നിർത്തുന്നതാണ്. നിന്റെ സന്ദേശത്തെ ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതാണ്.

പൊതുവായ ഈ വാഗ്ദാനം കൂടാതെ തനിക്ക് വാഗ്ദത്ത പരിഷ്ക്കർത്താവായി ഒരു സന്താനം ജനിക്കുമെന്ന പ്രത്യേക വാഗ്ദാനവും അതിലടങ്ങിയിരുന്നു. ആ വാഗ്ദത്ത പുത്രനെക്കുറിച്ച് വാഗ്ദത്ത മസീഹ് (അ) ഒരിടത്ത് പറയുന്നു: വെളിപാട് വചനങ്ങളിൽ വാഗ്ദത്ത പരിഷ്ക്കർത്താവിന്റെ പേർ ഫള്ൽ (അനുഗ്രഹം) എന്നാണ് വെച്ചിട്ടുള്ളത്. രണ്ടാമത്തെ പേര് മഹ്മൂദ് എന്നും വെച്ചിരിക്കുന്നു. മൂന്നാമതായി അവന്റെ പേർ ബശീർ രണ്ടാമൻ എന്നാണ് വെച്ചിട്ടുള്ളത്. ഒരു വെളിപാടിൽ ഫള്ലെ ഉമർ എന്നും വന്നിട്ടുണ്ട് (സബ്സ് ഇശ്തിഹാർ 1886 ഡിസം.1)

വാഗ്ദത്ത മസീഹിന്റെ (അ) ഈ വാക്കുകൾ വ്യക്തമാക്കുന്നത് മഹ്മൂദ് എന്ന് പേരുള്ള അദ്ദേഹത്തിന്റെ മകൻ ഖലീഫയാകുമെന്ന് മാത്രമല്ല അദ്ദേഹം ഖലീഫത്തുർ റസൂൽ ഹദറത്ത് ഉമറിന്റെ(റ) സദൃശ്യൻ കൂടിയായിരിക്കും. എത്ര വ്യക്തമായ രീതിയിലാണ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യിൽ ഇതു പുലർന്നിരിക്കുന്നത്. ഇസ്ലാമിന് ഹദറത്ത് ഉമർ നൽകിയ സംഭാവനയിൽ ഏറ്റവും എടുത്തു പറയേണ്ടതായിട്ടുള്ളത് അതിന്റെ കെട്ടുറപ്പിനായി അദ്ദേഹം നടപ്പിലാക്കിയ നയങ്ങളും പോളിസികളുമാണ്. ഇതേപോലെയാണ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ജമാഅത്തിൽ നടപ്പിൽ വരുത്തിയ പദ്ധതികളെയും നോക്കിക്കാണേണ്ടത്. ആരിഫ് മുഹമ്മദ്

## യുഗനാദം

ഹദ്റത് അഹ്മദ്(അ)

## അനുഗൃഹീത ദാസർ

തനതായ സ്നേഹമാണ് യഥാർഥ വസ്തുത. അതിലൂടെയുള്ള അനുസരണവും ആരാധനയുമാണ് ഉന്നത നിലവാരത്തിലുള്ള സൽപരിണാമങ്ങൾ ഉൾക്കൊള്ളുന്നത്. അത്തരക്കാർ അല്ലാഹുവിന്റെ അനുഗൃഹീത ദാസരാകുന്നു. അവർ നിൽക്കുന്ന ഭവനം അനുഗൃഹീത ഭവനമാകുന്നു. അവർ ഉള്ള പട്ടണം അനുഗൃഹീത പട്ടണമാകുന്നു. അവരുടെ അനുഗ്രഹത്താൽ ധാരാളം വിപത്തുകൾ അകന്നുപോകുന്നു. അദ്ദേഹത്തിന്റെ ഓരോ അനക്കമടക്കവും എല്ലായിടങ്ങളിലും അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും വർഷിക്കുന്നതിന് ഹേതുവാകുന്നു.
(മൽഫൂസാത്ത്, ഭാഗം 3)

## അല്ലാഹുവിന്റെ പ്രിയദാസർ

അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ എന്തെങ്കിലും ചെയ്ത് കാണിക്കുക. അല്ലെങ്കിൽ പാഴ്വസ്തുക്കളെ പോലെ വലിച്ചെറിയപ്പെടുന്നതാണ്. ആരും തന്നെ തന്റെ വീട്ടിലെ നല്ല വസ്തുക്കളും സ്വർണവും വെള്ളിയുമൊന്നും പുറത്തേക്ക് വലിച്ചെറിയില്ല. മറിച്ച് അവയെയും വിലപിടിപ്പുള്ള വസ്തുക്കളെയും സൂക്ഷിച്ച് വെക്കുന്നു. എന്നാൽ വീട്ടിൽ ഒരു എലി ചത്ത് കിടക്കുന്നതായി കണ്ടാൽ ഏറ്റവും ആദ്യം അതിനെ പുറത്തേക്ക് വലിച്ചെറിയും. അതേപോലെ അല്ലാഹു തന്റെ പ്രിയ ദാസരെ എപ്പോഴും സ്നേഹിക്കുന്നു. അവരുടെ ആയുസ് ദീർഘിപ്പിക്കുന്നു. അവരുടെ വ്യവഹാരങ്ങളിൽ അനുഗ്രഹം ചൊരിയുന്നു. (മൽഫൂസാത്ത്, ഭാഗം 3)

## ഹൃദയകവാടങ്ങൾ തുറക്കുക

സത്യഹൃദയത്തോടു കൂടി മുസ്ലിം ആയിക്കൊണ്ട് പൂർണമായ പരിവർത്തനം ഉണ്ടാക്കുകയും ഹൃദയത്തിന്റെ കവാടങ്ങൾ അല്ലാഹുവിലേക്ക് പൂർണമായും തുറക്കുകയും ചെയ്യാത്തതുവരെ അകത്തു പ്രവേശിച്ചു കൊണ്ട് ഒരു സംതൃപ്തിയും സമാധാനവും പ്രദാനം ചെയ്യുന്ന, തിന്മയെയും ദുഷ്കർമങ്ങളെയും വേർതിരിച്ച് കാണിക്കുന്ന പ്രകാശം നിങ്ങളിൽ പ്രവേശിക്കുന്നതല്ല. സത്യമുസ്ലിം ആകുന്നതിനുള്ള അവസരവും ലഭിക്കുന്നതല്ല. (മൽഫൂസാത്ത്, ഭാഗം 3)

ദഅ്‌വത്തെ ഇലല്ലാഹ്



മുജീബ്

# അനുഗ്രഹപൂർത്തീകരണം എന്നതിന്റെ ഖുർആനിക വിവക്ഷ

**ഹദ്റത് ദോസ്ത് മുഹമ്മദ് സാഹിബ് ശാഹിദ്**

റബ്‌വ സന്ദർശിക്കാൻ വന്ന സംഘത്തിലുള്ള പക്വതയുള്ള ഒരു യുവാവ് ചോദിച്ചു, ദീൻ പൂർത്തിയായിക്കഴിഞ്ഞതിനാൽ ഇനി ഒരു നബിയുടെയും ആവശ്യം തന്നെയില്ലല്ലോ? ഞാനദ്ദേഹത്തിന് *അൽയൗമ അക്മൽതു ലക്കും ദീനുക്കും* എന്ന സൂറ:മാഇദയിലെ 4-ാം വചനം മുഴുവനായും കേൾപ്പിച്ചു. എന്നിട്ട് പറഞ്ഞു, വിശുദ്ധഖുർആൻ 1400 വർഷങ്ങൾക്കു മുമ്പുതന്നെ ദീനിന്റെ പൂർത്തീകരണത്തിന്റെ സുവാർത്ത നൽകിയതിനോടൊപ്പം തന്നെ നാം ഉമ്മത്തിന് അനുഗ്രഹപൂർത്തീകരണം നൽകിയിരിക്കുന്നു എന്ന് പറഞ്ഞത് അതിന്റെ ദൃഷ്ടാന്തത്തിന് ഉദാഹരണമാണ്. കാരണം അനുഗ്രപൂർത്തീകരണം എന്നതിന്റെ അർഥം സൂറ:യൂസുഫിന്റെ പ്രാരംഭ വചനങ്ങളനുസരിച്ച് പ്രവാചകത്വം നൽകപ്പെടുക എന്നാണ്. പ്രസ്തുത വചനങ്ങളിൽ പറയുന്നത് നാം ഹദ്റത് യൂസുഫിനും, യാഖൂബിന്റെ സന്തതികൾക്കും, ഇബ്റാഹീമിനും, ഇസ്ഹാഖിനും അനുഗ്രഹപൂർത്തീകരണം നൽകി എന്നാണ്. അതായത് അവർക്ക് പ്രവാചകത്വം നൽകി അനുഗ്രഹിച്ചു. ഇത് കേട്ടപ്പോൾ ഈ വചനങ്ങൾ ഖുർആനിലുണ്ടോ എന്നതിൽ അദ്ദേഹത്തിന് വളരെ ആശ്ചര്യം തോന്നി. ഞാൻ പ്രസ്തുത വചനങ്ങൾ ഖുർആനിൽ നിന്ന് കാണിച്ചു കൊടുത്തപ്പോൾ അദ്ദേഹത്തിന് സംതൃപ്തിയായി.

സംസാരമദ്ധ്യേ അദ്ദേഹത്തിന് മറ്റ് ചില കാര്യങ്ങൾ കൂടി മനസ്സിലാക്കി കൊടുക്കുന്നതിനുള്ള സന്ദർഭം ലഭിച്ചു. ഞാൻ പറഞ്ഞു, വേദഗ്രന്ഥങ്ങൾ നാലാണെന്നും പ്രവാചകന്മാർ ഒരു ലക്ഷത്തി ഇരുപത്തി നാലായിരമാണെന്നും മുസ്‌ലിംകൾക്കറിയാം. മറ്റ് വാക്കുകളിൽ പറഞ്ഞാൽ അയ്യായിരം വർഷത്തെ ചരിത്രമെടുത്താൽ ശരീഅത്തുമായി കേവലം നാല് പ്രവാചകന്മാർ മാത്രമേ ആഗതരായിട്ടുള്ളു എന്ന് പറയാം. മറ്റ് എല്ലാ പ്രവാചകന്മാരുടെയും ദൗത്യം മുൻ ശരീഅത്തിന്റെ പുനരുദ്ധാനമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലും *അൽയൗമ അക്മൽതു ലകും ദീനുകും* എന്നതിന്റെ ആർഥം ഖുർആൻ ഖിയാമത്ത് നാൾ വരേക്കും പരിപൂർണ ഗ്രന്ഥമാണെന്നാണ്. ഇനി ആർക്കും തന്നെ പുതിയൊരു ശരീഅത്ത് കൊണ്ടു വരാൻ സാധിക്കുന്നതല്ല. അഹ്മദികൾ ഇതിൽ ഉറച്ചു വിശ്വസിക്കുന്നു... എന്നാൽ മറുഭാഗത്ത് ദജ്ജാലി പദ്ധതികളെ പിൻതാങ്ങുന്നവരായ ഖത്തമുന്നുബുവ്വത്തിന്റെ സംരക്ഷകർ എന്ന് അവകാശപ്പെടുന്ന ഉലമാക്കൾ ഖുർആന്റെ അടിസ്ഥാനത്തിൽ റസൂൽമാരിലും നബിമാരിലും വ്യതിരിക്തത കാണിക്കുന്നു. അവരുടെ അഭിപ്രായത്തിൽ പുതിയ ശരീഅത്ത് കൊണ്ടു വരുന്നവരെയാണ് റസൂൽ എന്ന് പറയുന്നത്. എന്നാൽ നബിക്ക് അത് അനിവാര്യമല്ല..... വിശുദ്ധഖുർആൻ ഹദ്റത് ഇസ്മാഈൽ (അ) നെ ഒരേ സമയം റസൂൽ എന്നും നബി എന്നും അഭിസംബോധന ചെയ്യുന്നുണ്ട്. അദ്ദേഹം ഇബ്റാഹീമി ശരീഅത്തിന്റെ അനുയായി ആയിരുന്നു എന്നത് സ്പഷ്ടമാണ്. യഥാർഥത്തിൽ റസൂൽ എന്നതും നബി എന്നതും ഒരു വ്യക്തിയുടെ രണ്ട് നാമങ്ങളാണ്. അല്ലാഹുവിൽ നിന്നും അവന്റെ സൃഷ്ടികളുടെ മാർഗദർശനത്തിനായി ആയക്കപ്പെടുന്നവരായതിനാൽ അവർ റസൂൽ എന്ന് പറയപ്പെടുന്നു, ധാരാളമായി ദൈവഭാഷണങ്ങൾ ലഭിക്കുന്നതിനാൽ നബി എന്നും പറയപ്പെടുന്നു.

(ദിൽചസ്പ് ഇൽമി വാഖിആത്ത് വ മുശാഹിദാത്ത്)

## കർമശാസ്ത്രം

സമ്പാ: അബൂ അബ്ദുൽ ബാരി

# നിക്കാഹിന്റെ സാധുത

- **നിക്കാഹിന്റെ സാധുതയ്ക്കുള്ള രണ്ടാമത്തെ നിബന്ധന പെൺകുട്ടിയുടെയും അവളുടെ രക്ഷകർത്താവിന്റെയും സമ്മതമാണ്.**

നിയമപരമായി നിക്കാഹിന് പെൺകുട്ടിയുടെ മാത്രമല്ല അവളുടെ രക്ഷകർത്താവിന്റെ അനുമതിയും അനിവാര്യമാകുന്നു. കേവലം പെൺകുട്ടിയുടെയോ അല്ലെങ്കിൽ രക്ഷകർത്താവിന്റെയോ അനുമതി പ്രകാരം നിക്കാഹ് സാധുവാകുന്നതല്ല.

അഥവാ പെൺകുട്ടിക്ക് പ്രായപൂർത്തിയായിട്ടില്ലെങ്കിൽ പ്രായപൂർത്തി എത്തിയതിനു ശേഷം പെൺകുട്ടിക്ക് ആ നിക്കാഹ് നിലനിർത്താനും വേർപെടുത്താനും അവകാശമുണ്ട്.

അഹ്മദിയ്യാ കർമശാസ്ത്രം അനുസരിച്ച് പെൺകുട്ടി പ്രായപൂർത്തി ആയാലും ഇല്ലെങ്കിലും, കന്യകയാണെങ്കിലും അല്ലെങ്കിലും അവളുടെ നിക്കാഹ് രക്ഷകർത്താവിന്റെ സമ്മതപ്രകാരമല്ലാതെ അനുവദനീയമല്ല. കാരണം നിക്കാഹിനായി പെൺകുട്ടിയോടൊപ്പം രക്ഷകർത്താവിന്റെ സമ്മതവും അനിവാര്യമാകുന്നു.

ഹദ്റത് അബൂഹുറയ്റ (റ) തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു, *ലാ നിക്കാഹ ഇല്ലാ ബിവലിയിൻ*. രക്ഷകർത്താവിന്റെ സമ്മതമില്ലാതെ സ്ത്രീയുടെ നിക്കാഹ് അനുവദനീയമല്ല. (അബൂദാവൂദ്)

ഹദ്റത് ആയിശ (റ) പറയുന്നു, നബി (സ) പറഞ്ഞു, ഏതെങ്കിലും സ്ത്രീ രക്ഷകർത്താവിന്റെ അനുമതി കൂടാതെ നിക്കാഹ് ചെയ്യുന്നതായാൽ ആ നിക്കാഹ് അസാധുവാകുന്നു. (തിർമിദി)

ഒരിക്കൽ ഒരു സ്ത്രീ തന്റെ ശരിയായ രക്ഷകർത്താവിനു പകരം മറ്റൊരു വ്യക്തിയെ തന്റെ രക്ഷിതാവാക്കി മാറ്റി സ്വന്തം നിക്കാഹ് ചെയ്യുകയും ഇത് ഹദ്റത് ഉമർ(റ) അറിയുകയും ചെയ്തപ്പോൾ അദ്ദേഹം ആ നിക്കാഹിനെ അസാധുവാക്കുകയും രണ്ടുപേർക്കും ശിക്ഷ നൽകുകയും ചെയ്തു.

(ദാറു ഖുത്നീ)

(അവ: ഫിഖ്ഹ് അഹ്മദിയ്യാ, ഭാഗം 2)

പ്രകാശം ചൊരിയുന്ന നക്ഷത്രങ്ങൾ

അസ്ഹാബീ കന്നുജൂമി
ബിഅയ്യിഹും ഇഖ്തദയ്തും ഇഹ്തദയ്തും
എന്റെ സഹാബാക്കൾ നക്ഷത്രങ്ങൾ പോലെയാണ്. നിങ്ങൾ അവരിൽ ആരെ പിന്തുടർന്നാലും സന്മാർഗ്ഗം പ്രാപിക്കുന്നതാണ്. (ഹദീസ് മിശ്കാത്ത്)

# ഹദ്റത് ബർറാഅ് ഇബ്നു മാലിക് അൻസ്വാരി (റ)

**കുടുംബ പശ്ചാത്തലം**

ഹദ്റത് ബർറാഅ്(റ) ന്റെ പിതാവ് മാലിക് ഇബ്നും നളർ(റ) ആയിരുന്നു. അദ്ദേഹം ഉമ്മെ സലീം(റ) ന്റെ ഭർത്താവും ഹദ്റത് അനസ് ഇബ്നും നളർ(റ) ന്റെ സഹോദരനുമായിരുന്നു. ബർറാഅ്(റ) ന്റെ മാതാവ് ചില രിവായത്തുകളുടെ അടിസ്ഥാനത്തിൽ ഉമ്മെ സലീം(റ)യും ചില രിവായത്തുകളുടെ അടിസ്ഥാനത്തിൽ സഹ്മാഉം ആയിരുന്നു.

**സവിശേഷത**

ഹദ്റത് ബർറാഅ്(റ) ന്റെ ശബ്ദം ആവേശം നിറഞ്ഞതായിരുന്നു. അക്കാരണത്താൽ അദ്ദേഹം നബി (സ) യുടെ സൈന്യത്തിലെ കവിതാലാപകനായിരുന്നു.

**ധൈര്യം**

ഹദ്റത് ബർറാഅ് (റ) ബദ്ർ ഒഴിച്ചുള്ള മറ്റെല്ലാ യുദ്ധത്തിലും പങ്കെടുത്തിട്ടുണ്ട്. വളരെയധികം ധൈര്യശാലിയും നിർഭയനും ആയിരുന്നു അദ്ദേഹം. ഹദ്റത് ഉമർ (റ) പറയുമായിരുന്നു, ബർറാഇനെ മുസ്‌ലിംകളുടെ ഏതെങ്കിലും സൈന്യത്തിന്റെ അധിപനായി അയക്കരുത്. കാരണം അദ്ദേഹം ശത്രുക്കളുടെ മേൽ നാശമായിട്ടാണ് പതിക്കുന്നത്. ഇറാനുമായിട്ടുള്ള യുദ്ധത്തിലും അത് പോലെ മുസൈലിമ കദ്ദാബുമായിട്ടുള്ള യുദ്ധത്തിലും വളരെ സ്പഷ്ടമായ നിലയിൽ അദ്ദേഹത്തിന്റെ അസാമാന്യ ധൈര്യം വെളിപ്പെടുകയുണ്ടായി.

**അസാമാന്യ സാഹസികൻ**

ഹദ്റത് അബൂബക്കർ(റ) ന്റെ കാലഘട്ടത്തിൽ മുസൈലിമ കദ്ദാബ് മുസ്‌ലിംകൾക്കെതിരിൽ പടയൊരുക്കം നടത്തി. ഹദ്റത് അബൂബക്കർ(റ) ഖാലിദ് (റ) ഇബ്നു വലീദിന്റെ നേതൃത്വത്തിൽ സൈന്യത്തെ അയച്ചു. അതിൽ അദ്ദേഹത്തിന്റെ സവിശേഷ സഹായിയായി ബർറാഅ്(റ) ഉം ഉണ്ടായിരുന്നു. യുദ്ധത്തിനു മുമ്പ് ബർറാഅ്(റ) ന്റെ വീര്യവർദ്ധക പ്രഭാഷണം കേട്ട സഹാബാക്കൾ ശക്തമായ ആക്രമണം നടത്തി യമാമക്കാരെ പിന്തിരിയാൻ നിർബന്ധിതരാക്കി. അവർ കോട്ടയ്ക്കുള്ളിൽ കയറി കവാടം അടച്ചു. ബർറാഅ്(റ) തന്റെ സുഹൃത്തുക്കളോട് പറഞ്ഞു, നിങ്ങൾ എന്നെ എടുത്ത് കോട്ടയ്ക്കുള്ളിലേക്ക് എറിയുക. ഞാൻ അകത്തു ചെന്ന് കോട്ട വാതിൽ തുറപ്പിക്കാം. അങ്ങനെ അദ്ദേഹത്തെ എടുത്ത് കോട്ടക്കകത്തേക്കാക്കി. അവിടെ അദ്ദേഹത്തിന് ശക്തമായ പോരാട്ടത്തെയാണ് അഭിമുഖീകരിക്കേണ്ടി വന്നത്. അവസാനം അദ്ദേഹം കോട്ടവാതിൽ തുറപ്പിക്കുന്നതിൽ വിജയിയായി. ഈ പോരാട്ടത്തിൽ അദ്ദേഹത്തിന്റെ ശരീരത്തിൽ വാളിന്റെയും അമ്പിന്റെയും മറ്റുമായി 80 ലധികം മുറിവുകളുണ്ടായിരുന്നു.

**ഇരുമ്പു ചങ്ങല പൊട്ടിച്ചെറിയുന്നു**

ഇറാനിലെ ശത്രുക്കളുടെ കോട്ട പ്രതിരോധിക്കുന്ന സമയത്ത് മുസ്‌ലിംകളെ ഭയപ്പെടുത്തി പിന്തിരിപ്പിക്കുന്നതിനായി ശത്രുക്കൾ ഇരുമ്പു കൊണ്ടുള്ള ഒരു ചങ്ങലയുടെ അറ്റത്ത് ഹുക്ക് പിടിപ്പിക്കുകയും അതിനെ തീയിലിട്ട് നല്ലവണ്ണം പഴുപ്പിച്ചു മുസ്‌ലിം പടയാളികൾക്കിടയിലേക്ക് എറിയുമായിരുന്നു. ആരുടെയെങ്കിലും ശരീരത്തിൽ പതിക്കുമ്പോൾ അവരെ ഉയർത്തി കോട്ടയിലേക്ക് എടുക്കുമായിരുന്നു. ഒരു ദിവസം ആ ഹുക്ക് വന്ന് വീണത് ബർറാഇന്റെ സഹോദരനായി അനസ്(റ) ഇബ്നു മാലിക്കിന്റെ വസ്ത്രത്തിലായിരുന്നു. അദ്ദേഹത്തെ വസ്ത്രത്തോടു കൂടി ഉയർത്തുന്ന സമയത്ത് ബർറാഅ്(റ) ന് തന്റെ സഹോദരന്റെ അവസ്ഥയെ പറ്റി അറിവ് ലഭിച്ചു. അദ്ദേഹം ഉടൻ തന്നെ അദ്ദേഹം കോട്ടമതിലിനു മുകളിൽ കയറി ആ ചുട്ടുപഴുത്ത ചങ്ങലയെ കൈകൊണ്ട് പിടിച്ചു വലിക്കാൻ തുടങ്ങി. അവസാനം ആ ചങ്ങലയെ അറുക്കുന്നതിൽ അദ്ദേഹം വിജയിച്ചു. അന്നേരം അദ്ദേഹത്തിന്റെ കയ്യിൽ നിന്ന് പുക ഉയരുന്നുണ്ടായിരുന്നു. നോക്കിയപ്പോൾ മാംസമെല്ലാം ഉരുകി എല്ലു പുറത്തുവന്നിരുന്നു.

**ശഹാദത്ത് ആഗ്രഹിക്കുന്നു**

അസാമാന്യ ധൈര്യത്തോടും പാടവത്തോടും യുദ്ധം ചെയ്തിരുന്നെങ്കിലും ശഹാദത്ത് അദ്ദേഹത്തിന്റെ ആഗ്രഹമായിരുന്നു. താനൊറ്റയ്ക്ക് യുദ്ധത്തിൽ 100 ലധികം ശത്രുക്കളെ വാളിനിരയാക്കിയിട്ടുണ്ടെന്നും മറ്റുള്ളവരുടെ കൂടെ വേറെയും ധാരാളം പേരെ വധിച്ചിട്ടുണ്ടെന്നും പറയാറുണ്ടായിരുന്ന അദ്ദേഹം അല്ലാഹു ഒരിക്കലും തന്നെ ശഹാദത്തിൽ നി ന്ന് പിന്തള്ളില്ല എന്നും പറയുമായിരുന്നു. അങ്ങനെ അദ്ദേഹത്തിന് ഒരു ദീർഘകാലം തന്റെ അഭിലാഷം പൂർത്തീകരിക്കുന്നതിനായി കാത്തിരിക്കേണ്ടി വന്നു.

**ഇറാനെതിരിൽ**

മുകഅബിർ എന്ന ഇറാൻ അധികാരി വളരെ നിഷ്ഠുരനായ ഭരണാധികാരിയായിരുന്നു. ജനങ്ങളുടെ കയ്യറുത്തിരുന്ന കാരണത്താലാണ് ഈ പേര് കിട്ടിയത്. ഹദ്റത് ഉമർ (റ) ന്റെ കാലഘട്ടത്തിലാണ് അയാളെ പരാജയപ്പെടുത്തിയത്. അയാളെ വധിച്ചത് ഹദ്റത് ബർറാഅ് ഇബ്നു മാലിക് (റ) ആയിരുന്നു. തസ്തർ കോട്ട പിടിച്ചടക്കിയ യുദ്ധം അക്കാലഘട്ടത്തിലെ പ്രശക്തമായ യുദ്ധമായിരുന്നു. പ്രസ്തുത യുദ്ധത്തിൽ അദ്ദേഹം വലിയ ഇറാനി ജനറലിനെ യുദ്ധത്തിൽ വധിച്ചിരുന്നു.

**ശഹാദത്ത്**

അദ്ദേഹത്തിന്റെ ശഹാദത്ത് സംഭവിച്ചത് 20/23 ഹിജ്റിയിൽ ഹദ്റത് ഉമർ (റ) ന്റെ കാലഘട്ടത്തിലാണ്. തിസ്തറിൽ തന്നെയാണ് ഹദ്റത് ബർറാഅ്(റ) ന്റെ ഖബർ സ്ഥിതി ചെയ്യുന്നത്.

- ഇബ്നു അശ്റഫ്




# ഹുസൂറിന്റെ കാരുണ്യം

ഡോക്ടർ മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബ് പറയുന്നു, അബ്ദുല്ലാ ആഥമുമായി അമൃത്സറിൽ സംവാദം നടക്കുന്ന സമയമാണ്. ടിക്കറ്റ് വഴിയാണ് ജനങ്ങളെ സംവാദം നടക്കുന്ന സ്ഥലത്തേക്ക് കടത്തി വിട്ടിരുന്നത്. ടിക്കറ്റുള്ളവരെല്ലാം അകത്തേക്ക് കടന്നു. ഞാനും എന്റെ എളാമയുടെ മകൻ മുഹമ്മദ് കബീറും അവിടെ എത്തിയിരുന്നു. എന്നാൽ ഞങ്ങളുടെ പക്കൽ ടിക്കറ്റുണ്ടായിരുന്നില്ല. ഞങ്ങൾ ക്കും സംവാദം കേൾക്കണമെന്ന് ഞങ്ങൾ ഹുസൂർ(അ) നോട് പറഞ്ഞു. എന്നാൽ അപ്പോൾ ടിക്കറ്റ് കഴിഞ്ഞിരുന്നു. സംവാദം മനസ്സിലാക്കാനുള്ള പ്രായമായിരുന്നില്ല ഞങ്ങളുടേത്. ഞങ്ങളുടെ അപേക്ഷ കേട്ടപ്പോൾ ഹുസൂർ (അ) അബ്ദുല്ലാ ആഥമിനോടും മാർട്ടിൻ ക്ലാർക്കിനോടും ഞങ്ങളെ അകത്തേക്ക് കയറ്റി വിടുന്നതിനായി അനുവാദത്തിന് ഒരാളെ പറഞ്ഞു വിട്ടു. അവർ അനുവാദം തന്നു. അങ്ങനെ ഞങ്ങൾ എല്ലാവരുടേയും കൂടെ അകത്തേക്ക് പോയി. വേറെ ആരെങ്കിലും ആയിരുന്നെങ്കിൽ നിങ്ങൾക്കവിടെ എന്ത് ചെയ്യാനാണ് എന്ന് ചോദിച്ച് ഞങ്ങളെ വീട്ടിലേക്ക് മടക്കി അയച്ചേനെ. പക്ഷേ മസീഹ് മൗഊദ്(അ) ഞങ്ങളോട് കാരുണ്യം കാട്ടി. (അവ: സീറത്തുൽ മഹ്ദി)



# ഹുസൂറിന്റെ വാൽസല്യം

മീർ ശഫീഖ് അഹ്മദ് സാഹിബ് പറയുന്നു, ഞാൻ ഹദ്റത് മസീഹ് മൗഊദ്(അ)ൽ ഒരു പ്രത്യേക കാര്യം കണ്ടിട്ടുണ്ട്. ഹുസൂർ പുറത്തേക്കു വരുമ്പഴെല്ലാം തന്നെ ഞാൻ ഓടിപ്പോയി അസ്സലാമു അലയ്ക്കും എന്ന് പറഞ്ഞ് അദ്ദേഹത്തിന് ഹസ്തദാനം ചെയ്യുവാനായി കൈ നീട്ടുമായിരുന്നു. ഹുസൂർ പെട്ടെന്ന് തന്നെ എന്റെ കയ്യിൽ പിടിക്കുമായിരുന്നു. വളരെയധികം മൃദുലതയോടെ എന്ത് വേണമെങ്കിലും ചെയ്തു കൊള്ളു എന്ന ഭാവത്തിൽ തന്റെ കയ്യ് എന്റെ കയ്യിൽ പിടിക്കുമായിരുന്നു. ഞാൻ ആ കയ്യിൽ ചുംബിക്കുമായിരുന്നു, കണ്ണിൽ വെക്കുമായിരുന്നു, എന്റെ തലയിൽ വെക്കുമായിരുന്നു. എന്നാൽ ഒന്നും തന്നെ പറയില്ലായിരുന്നു. ഒരു ദിവസം തന്നെ നിരവധി തവണ അങ്ങനെ ചെയ്താലും നിനക്കെന്ത് പറ്റി, ഇപ്പോഴല്ലെ ഹസ്തദാനം ചെയ്തത്, അടുപ്പിച്ചടുപ്പിച്ച് ഹസ്തദാനം ചെയ്യേണ്ട ആവശ്യമൊന്നുമില്ല എന്നൊന്നും ഹുസൂർ (അ) ഒരിക്കലും പറഞ്ഞിട്ടില്ല.

**സമ്പാ: ടി.അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ**

# ഖുർആനോടുള്ള അനുരക്തി

**ഹദ്റത് മർയം സിദ്ദീഖ സാഹിബ (റ)**

തഫ്സീറെ കബീർ എഴുതിക്കൊണ്ടിരുന്ന സമയത്ത് അദ്ദേഹത്തിന് വിശ്രമത്തെയും ഉറക്കത്തെയും ഭക്ഷണത്തെയും കുറിച്ചുള്ള ചിന്ത തന്നെ ഉണ്ടായിരുന്നില്ല. എങ്ങനെയെങ്കിലും അത് പൂർത്തിയാകണം എന്ന ഒറ്റ ചിന്തയേ ഉണ്ടായിരുന്നുള്ളു. രാത്രി ഇശാ നമസ്കാരത്തിന് ശേഷം എഴുതാൻ ഇരുന്നാൽ പലപ്പോഴും സുബ്ഹി ബാങ്ക് കൊടുക്കുമ്പോഴായിരിക്കും എഴുന്നേൽക്കുന്നത്. 1956 ൽ രോഗത്തിന്റെ ആദ്യ ആക്രമണമുണ്ടായതിനുശേഷമാണ് തഫ്സീറെ സഗീർ എഴുതിയത്. ആരോഗ്യം വളരെ ദുർബലമായിരുന്നു...... ഡോക്ടർമാർ പൂർണമായ വിശ്രമമായിരുന്നു നിർദേശിച്ചിരുന്നത്. അധികം ആലോചിക്കുന്നതും പരിശ്രമിക്കുന്നതും വിലക്കിയിരുന്നു. എന്നാൽ എങ്ങനെയെങ്കിലും തർജുമ തീർക്കണം എന്നതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. ചില ദിവസങ്ങളിൽ രാവിലെ മുതൽ എഴുതിക്കാൻ തുടങ്ങിയാൽ വൈകുന്നേരം വരെ തുടരുമായിരുന്നു. വീട്ടിലെ ജോലികൾ ഉണ്ടാകുമ്പോൾ മൗലവി യഅ്ഖൂബ് അഹ്മദ് സാഹിബിനെ കൊണ്ടായിരുന്നു എഴുതിച്ചിരുന്നത്. അവസാന ജുസുഅ് എഴുതിച്ചിരുന്ന സമയത്ത് (നഖ്‌ല എന്ന സ്ഥലത്ത് വെച്ചായിരുന്നു തഫ്സീർ പൂർത്തീകരിച്ചത്) എനിക്ക് കഠിനമായ പനി വന്നു. എന്റെ കൈകൊണ്ടു തന്നെ ഈ പരിശുദ്ധ കർമം തീർക്കണം എന്നത് എന്റെ ആഗ്രഹമായിരുന്നു. അതിനാൽ ഞാൻ അദ്ദേഹത്തോട് പറഞ്ഞു, പനിക്കുള്ള മരുന്ന് കഴിച്ചിട്ടുണ്ട്. ഇന്നോ നാളെയോ പനി മാറും. താങ്കളും രണ്ട് ദിവസം വിശ്രമിച്ചാലും. അവസാന ഭാഗം എഴുതാനുള്ള അവസരം എനിക്ക് തന്നെ തന്നാലും. എന്നാൽ അദ്ദേഹം അത് സമ്മതിച്ചില്ല. പറഞ്ഞു, എന്റെ ജീവിതത്തിന് എന്ത് പ്രതീക്ഷയാണുള്ളത്. നിന്റെ പനി മാറുന്നതിനുള്ള കാത്തിരിപ്പിൽ ഞാൻ മരിച്ചാൽ എന്താവും? അന്ന് മുഴുവൻ ദിവസവും അർഥവും നോട്ട്സും എഴുതിച്ചു. വൈകുന്നേരമായപ്പോഴേക്കും തഫ്സീറെ സഗീർ എഴുതിത്തീരുകയും ചെയ്തു.

(അഖ്‌ലാഖെ മഹ്മൂദ്)

പുണ്യാത്മാക്കൾ

# ഹദ്റത് ഖാളി സിയാഉദ്ദീൻ സാഹിബ് (റ)

**ജനനം:**

ഹദ്റത് ഖാളി സിയാഉദ്ദീൻ സാഹിബ് (റ) 1843 ൽ ഗുജറൻവാല ജില്ലയിലെ ഖാളീകോട്ട് എന്ന സ്ഥലത്താണ് ജനിച്ചത്. പിതാവിന്റെ പേര് ഖാളി ഗുലാം അഹ്മദ് സാഹിബ് എന്നായിരുന്നു.

**സുവിശേഷ പുത്രൻ**

അദ്ദേഹത്തിന്റെ മാതാപിതാക്കൾക്ക് 11 പെൺകുട്ടികൾക്ക് ശേഷം ജനിച്ച ആൺകുട്ടിയായിരുന്നു അദ്ദേഹം. ജനനത്തിനു മുമ്പ് തന്നെ അല്ലാഹു അദ്ദേഹത്തിന്റെ പിതാവിന് അദ്ദേഹത്തിന്റെ ജനനത്തെ സംബന്ധിച്ച് സുവാർത്ത നൽകിയിരുന്നു. ജനിക്കുന്ന മകന്റെ പേര് സിയാഉദ്ദീൻ എന്നായിരിക്കും അല്ലാഹു അറിയിച്ച് കൊടുത്തിരുന്നു. അല്ലാഹുവിന്റെ അറിയിപ്പിൽ ദൃഢവിശ്വാസമുണ്ടായിരുന്ന അദ്ദേഹം മകന്റെ ജനനത്തിനു മുൻപ് തന്നെ തന്റെ ഭാര്യയെ സിയാഉദ്ദീന്റെ മാതാവ് എന്ന് വിളിക്കാൻ തുടങ്ങിയിരുന്നു.

**രൂപം**

ഹദ്റത് ഖാളി സിയാഉദ്ദീൻ സാഹിബ് (റ) മധ്യമ ഉയരവും, ഉരുണ്ട മുഖവും, തിളങ്ങുന്ന കണ്ണുകളുമുള്ള വ്യക്തിയായിരുന്നു. ഇരുണ്ട നിറമായിരുന്നു. വളരെ ലളിതമായ വസ്ത്രധാരണമായിരുന്നു. ഹദ്റത് മസീഹ് മൗഊദ് (അ) നൽകിയ ഒരു കോട്ടും ധരിക്കുമായിരുന്നു.

**ലക്ഷ്യസ്ഥാനം തിരിച്ചറിയുന്നു**

അദ്ദേഹത്തിന് മഹാത്മാക്കളെ സന്ദർശിക്കുന്ന ശീലമുണ്ടായിരുന്നു. ഹദ്റത് മൗലവി അബ്ദുല്ലാ സാഹിബ് ഗസ്നവിയെ സന്ദർശിക്കാനായി അദ്ദേഹം അമൃത്സറിൽ വരാറുണ്ടായിരുന്നു. അങ്ങിനെയുള്ള യാത്രയിലാണ് ഹദ്റത് മസീഹ് മൗഊദ് (അ) നെ സംബന്ധിച്ചുള്ള അറിവ് ലഭിക്കുന്നത്. അങ്ങനെ 1884 ഫെബ്രുവരിയിൽ ഖാദിയാനിൽ എത്തി. അക്കാലഘട്ടത്തിൽ തന്നെ തന്റെ അന്വേഷണത്തിന്റെ ലക്ഷ്യം ഇതു തന്നെയാണെന്ന് അദ്ദേഹത്തിന് ബോധ്യമായിരുന്നു. അക്കാരണത്താലാണ് മടങ്ങുന്ന സമയത്ത് ഒരു കറുത്ത മഷി കൊണ്ട് മസ്ജിദ് അഖ്സയുടെ ചുമരിൽ ഫാർസിയിൽ ഇങ്ങനെ എഴുതിയത്,' എന്റെ മാതാവ് വൃദ്ധയും അബലയുമാണ്. അല്ലായിരുന്നുവെങ്കിൽ ഞാൻ ഹദ്റത് മിർസാ സാഹിബിന്റെ സാമീപ്യത്തിൽ നിന്ന് അകലില്ലായിരുന്നു.

**ബയ്അത്ത്**

1989 മാർച്ച് 23 ന് തന്നെ 40-ാം നമ്പറിൽ അദ്ദേഹം ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിച്ചു. മസീഹ് മൗഊദ് (അ) അദ്ദേഹത്തോട് പറഞ്ഞു, താങ്കൾക്ക് വളരെയധികം പരീക്ഷണങ്ങളെ അഭിമുഖീകരിക്കേണ്ടി വരുന്നതാണ്. അതപ്രകാരം തന്നെ സംഭവിക്കുകയും ചെയ്തു.

**പരീക്ഷണങ്ങൾ**

ബയ്അത്ത് ചെയ്ത് മടങ്ങിയ യാത്രയിൽ തന്നെ അദ്ദേഹത്തിന് തന്റെ ഭാര്യയുടെ രോഗ സംബന്ധമായി വിവരം ലഭിച്ചു. അവർ 11 മാസത്തെ പ്രയാസകരമായ രോഗകാലം കഴിച്ചു കൂട്ടിയതിനു ശേഷമാണ് വഫാത്തായത്. ഭാര്യയുടെ രോഗകാരണത്താൽ തന്നെ രണ്ടു മക്കളും രോഗബാധിതരാകുകയും മരിക്കുകയും ചെയ്തു. എതിർപ്പാണെങ്കിൽ വർദ്ധിച്ചു കൊണ്ടിരിക്കുകയായിരുന്നു.

**ഇമാമിന്റെ സാന്ത്വനം**

അദ്ദേഹം തന്റെ അവസ്ഥകൾ വിവരിച്ചു കൊണ്ട് ഹദ്റത് മസീഹ് മൗഊദ് (അ) ന് ദുആക്കായി കത്തെഴുതി. ഹദ്റത് മസീഹ് മൗഊദ് (അ) ഉപദേശങ്ങൾ നൽകിയ ശേഷം സാന്ത്വനപ്പെടുത്തിക്കൊണ്ട് പറഞ്ഞു, ഈ എല്ലാ പ്രയാസങ്ങളിൽ നിന്നും അല്ലാഹു മോചനം നൽകുന്നതാണ്. ശത്രുക്കൾ നിന്ദിതരും അപമാനിതരും ആയിത്തീരുന്നതാണ്.

**ഗ്രന്ഥങ്ങളിൽ പരാമർശം**

പിന്നീട് ഹദ്റത് മസീഹ് മൗഊദ് (അ) തർയാഖുൽ ഖുലൂബ് എന്ന തന്റെ ഗ്രന്ഥത്തിൽ അദ്ദേഹത്തെ പരാമർശിച്ചു കൊണ്ട് അടയാളങ്ങളെ സംബന്ധിച്ച് പരാമർശിച്ചിരുന്നു. കൂടാതെ നുസൂലുൽ മസീഹ് എന്ന ഗ്രന്ഥത്തിൽ നാല് പ്രവചനങ്ങളുടെ സാക്ഷി എന്ന നിലയിലും അദ്ദേഹത്തിന്റെ പേര് പരാമർശിച്ചിട്ടുണ്ട്.

**ഖാദിയാനിലേക്ക്**

സ്വദേശത്ത് സാമൂഹിക ബഹിഷ്കരണം നേരിടേണ്ടി വന്നപ്പോൾ ഹദ്റത് മസീഹ് മൗഊദ് (അ) അദ്ദേഹത്തെ ഖാദിയാനിലേക്ക് വിളിച്ചു. അതനുസരിച്ച് അദ്ദേഹം ഖാദിയാനിലേക്ക് താമസം മാറുകയും ഒരു ചെറിയ കച്ചവടം ആരംഭിക്കുകയും ചെയ്തു.

**രണ്ടു പിതാക്കളുടെയും നാമം ഒന്ന്**

തന്റെ ശാരീരിക പിതാവിന്റെയും ആത്മീയ പിതാവിന്റെയും പേര് ഗുലാം അഹ്മദ് എന്നാണെന്നത് അദ്ദേഹം എപ്പോഴും അഭിമാനത്തോടെ പറയുമായിരുന്നു. അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാർക്കും ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ 313 സഹാബാക്കളിൽ ഉൾപ്പെടുന്നതിനുള്ള സൗഭാഗ്യവും ലഭിച്ചിട്ടുണ്ട്.

**ഇമാമിന്റെ പ്രേമി**

ഒരിക്കൽ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ സേവകനായ ഹാഫിസ് ഹാമിദ് അലി സാഹിബ്(റ) അദ്ദേഹത്തെ സംബന്ധിച്ച് ആരാണെന്ന് ചോദിച്ചപ്പോൾ ഹുസൂർ അദ്ദേഹത്തിന്റെ പേരും വിലാസവും പറഞ്ഞ് കൊടുത്തതിനു ശേഷം പറഞ്ഞു, ഈ വ്യക്തിക്ക് എന്നോട് അനുരക്തിയാണ്.

**വഫാത്ത്**

1904 മെയ് 15 ന് അദ്ദേഹം വഫാത്തായി. വഫാത്തിന് അല്പം മുമ്പ് അദ്ദേഹം അഭ്യർഥിച്ചതനുസരിച്ച് ജനൽ തുറന്നു കൊണ്ട് ഹദ്റത് മസീഹ് മൗഊദ് (അ) നെ ദർശിച്ചു. ഹുസൂർ അന്നാളുകളിൽ ഗുർദാസ്പൂരിൽ പോകാറുണ്ടായിരുന്നു. അദ്ദേഹം രോഗബാധിതനായി കിടന്നിരുന്ന മുറിയുടെ ജനലിനു മുന്നിലൂടെയായിരുന്നു മസീഹ് മൗഊദ് (അ) പോകാറുണ്ടായിരുന്നത്. മസീഹ് മൗഊദ് (അ) ന് അദ്ദേഹത്തിന്റെ ആഗ്രഹത്തെ സംബന്ധിച്ച് അറിവ് ലഭിച്ചപ്പോൾ പറഞ്ഞു, അദ്ദേഹത്തിന്റെ ആഗ്രഹമതായിരുന്നുവെങ്കിൽ നാം സ്വയം അവിടെ ചെന്നേനെ.

**ആ സാധു വഫാത്തായി**

ഹുസൂറിന് അദ്ദേഹത്തിന്റെ വഫാത്തിൽ അഗാധമായ ദുഖമുണ്ടായി. ഹുസൂർ എഴുതുന്നത് നിറുത്തുകയും അസ്വസ്ഥനായി ഉലാത്താൻ തുടങ്ങുകയും ചെയ്തു. അദ്ദേഹത്തിന്റെ വഫാത്ത് സമയത്ത് അല്ലാഹു ഹുസൂറിന് ' ആ സാധു വഫാത്തായി' എന്ന വെളിപാട് നൽകുകയുണ്ടായി.

**ജനാസ നമസ്കാരം**

ഗുർദാസ്പൂരിൽ നിന്ന് മടങ്ങി വന്ന ശേഷം മസീഹ് മൗഊദ് (അ) അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. തുടർന്ന് വളരെ നീണ്ട ദുആ ചെയ്തു. അതിനു ശേഷം മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി (റ) പറഞ്ഞു, പഴമക്കാർക്ക് ഇത്തരത്തിലുള്ള മൂല്യമാണ് ലഭിക്കുക.

**സ്വഭാവഗുണങ്ങൾ**

ഹദ്റത് ഖാളി സിയാഉദ്ദീൻ സാഹിബ് (റ) വളരെയധികം ലോലഹൃദയനും എല്ലാവരോടും സൗഹൃദത്തോടു കൂടി ഇടപഴകുന്ന വ്യക്തിയുമായിരുന്നു. ചെറുപ്രായത്തിൽ തന്നെ തഹജ്ജുദ് നമസ്കരിക്കാൻ തുടങ്ങുകയും മരണം വരെ അത് മുടക്കമില്ലാതെ തുടരുകയും ചെയ്തിരുന്നു. (അൽ ഫദ്ൽ ഇന്റർനാഷണൽ)

**(സമ്പാ: അബൂ അബ്ദുൽ ബാരി)**

അൻസാർ
കോളം

# നഹ്നു അൻസ്വാറുല്ലാഹ് ആകുന്നതിനുള്ള മാർഗം

**ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)**

നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ മരുമക്കൾ നിങ്ങളുടെ സൽപെരുമാറ്റത്തെ കുറിച്ച് സാക്ഷി പറയുന്നില്ലെങ്കിൽ വിവിധ അവസരങ്ങളിൽ ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണ് എന്ന് വിളംബരം ചെയ്തത് കൊണ്ട് എന്ത് പ്രയോജനം?

എങ്ങനെയാണ് അല്ലാഹുവിനെ സഹായിക്കുക? ഇ ക്കാലഘട്ടത്തിൽ അല്ലാഹുവിനെ സഹായിക്കുന്നതിനുള്ള മാർഗമെന്താണ്? ബോംബ് എറിഞ്ഞാണോ അല്ലാഹുവിനെ സഹായിക്കണ്ടത്, പീരങ്കികൊണ്ടും തോക്ക് കൊണ്ടും യുദ്ധം ചെയ്താണോ അല്ലാഹുവിനെ സഹായിക്കേണ്ടത്? അല്ല. മറിച്ച് അല്ലാഹുവിന്റെ സഹായികളായ അൻസ്വാറുല്ലായുടെ ജോലി, തങ്ങളുടെ ആരാധനയുടെ നിലവാരം ഉയർത്തുക, തങ്ങളുടെ സൽ പെരുമാറ്റത്തിന്റെ നിലവാരം ഉയർത്തുക എന്നതാണ്. അവരുടെ വീടുകളിൽ നിന്ന് അവരുടെ ഉന്നത ധാർമിക ഗുണങ്ങളുടെ സുഗന്ധങ്ങൾ ഉയരണം. അവരുടെ ചുറ്റുപാടുകളിൽ നിന്ന് അവരുടെ ഉന്നത നിലവാരത്തിന്റെ സുഗന്ധം ഉയരണം. എങ്കിൽ മാത്രമേ മുഴുവൻ സമൂഹത്തിലും അല്ലാഹുവിന്റെ സഹായത്താൽ ഉന്നത നിലവാരത്തിന്റെ സുഗന്ധങ്ങൾ അവർക്ക് പരത്താൻ സാധിക്കുകയുള്ളു. അല്ലാഹുവിന് ഏതെങ്കിലും വ്യക്തിയുടെ ആവശ്യമില്ല. നിങ്ങൾ എന്റെ അദ്ധ്യപനങ്ങളെ പ്രാവർത്തികമാക്കികൊണ്ട് ആ ലോകത്ത് കഴിഞ്ഞു കൂടുകയാണെങ്കിൽ, നിങ്ങൾ എന്റെ അദ്ധ്യാപനങ്ങളെ ലോകത്ത് പരത്തുകയാണെങ്കിൽ അതു വഴി നിങ്ങൾക്ക് എന്റെ ദീനിന്റെ സഹായികളാകാവുന്നതാണ് എന്നത് അല്ലാഹു തന്റെ ദാസന് നൽകുന്ന ഒരു ബഹുമതിയാണ്.

നാവ് കൊണ്ട് ഒന്നും പറയാതെ തന്നെ നിശബ്ദരായി കൊണ്ട് നിങ്ങളുടെ പ്രവർത്തന മാതൃകയിലൂടെ ആരുടെയെങ്കിലും സമുദ്ധാരണം സാധ്യമാകുകയാണെങ്കിൽ, അതിലൂടെ മറ്റുള്ളവരുടെ ഹൃദയത്തിലും അല്ലാഹുവിന്റെ ദീനിന്റെ മഹത്വം വർദ്ധിക്കുകയാണെങ്കിൽ അത്തരക്കാർ നാവ് കൊണ്ട് ഒന്നും പറയാതെ തന്നെ നിശബ്ദരായി അല്ലാഹുവിന്റെ സഹായികൾ എന്നുള്ള കടമ നിർവഹിക്കുന്നവരാണ്.

(പ്രഭാഷണം: 26.9.04, യു.കെ. അൻസ്വാറുല്ലാഹ് ഇജ്തിമാ)

**വാഗ്ദത്ത മസീഹിന്റെ കത്തുകൾ**

സമ്പാ: ഇബ്നു അശ്റഫ്

## അല്ലാഹുവിന്റെ സഹായം ഉണ്ടാകുന്നതാണ്

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

മഖ്ദൂമി മുക്കർറമീ അഖ്വീം

السلام عليكم ورحمة الله وبركاته

ഇന്നലെ താങ്കളുടെ സവിധത്തിലേക്ക് മൗലവി അബ്ദുൽ ജബ്ബാർ സാഹിബിന്റെയും മിയാൻ അബ്ദുൽ ഹഖ് സാഹിബിന്റെയും കത്തുകൾ അയച്ചിരുന്നു. എന്റെ പ്രിയ യജമാനനും ഔദാര്യവാനും ആയ അല്ലാഹു എനിക്ക് വിജയത്തിന്റെയും സഹായത്തിന്റെയും സുവാർത്ത നൽകുന്നു എന്നതിൽ ഞാൻ വളരെ സന്തോഷവാനാണ്. അതിന് എനിക്ക് നന്ദി പറയാൻ തന്നെ കഴിയുന്നില്ല. കൂടാതെ വെളിപാടുണ്ടാകുന്നു എന്ന് വാദിച്ചു കൊണ്ട് ഈ വിനീതനെ വഴിപിഴച്ചവനെന്നും കറ്റുകെട്ട്കാരനെന്നും നരകവാസി എന്നും വിധിക്കുകയും അതിനെ പ്രസിദ്ധീകരിക്കാൻ ധൈര്യം കാണിക്കുകയും ചെയ്തവരെ സംബന്ധിച്ച് തീരുമാനമെടുക്കാൻ എനിക്ക് ഒരു മാർഗം പറഞ്ഞുതരികയും ചെയ്തിരിക്കുന്നു. ഇക്കാര്യങ്ങളാൽ സ്വന്തം മുസ്‌ലിം സഹോദരങ്ങൾക്ക് പ്രയാസങ്ങൾ ഉണ്ടാകുകയും അവരുടെ അപമാനത്തിന് ഹേതുവാകുകയും ചെയ്യുന്നു. അതിനെ ഇവർ അല്പം പോലും വകവെക്കുന്നില്ല. ഭയഭക്തിയുടെ മാർഗത്തെ അല്പം പോലും പരിഗണിക്കുന്നില്ല. അതിനാൽ ഇക്കാര്യം അല്ലാഹുവിന്റെ സന്നിധിയിൽ അത്ര നിസാരമല്ല. മറിച്ച് അത് ഹദ്റത് ആയിശ (റ) യ്ക്ക് മേൽ നടത്തിയ ആക്ഷേപം പോലെയാകുന്നു. അതിനാൽ അല്ലാഹുവിന്റെ സഹായത്തിന്റെ സുഗന്ധം എനിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. കള്ളവാദികളുടെ കളവ് പുറത്താകുന്ന ഒരു മാർഗത്തിലേക്ക് ആനയിക്കപ്പെടുന്നതായി ഞാൻ കാണുന്നു. ഈ ആക്ഷേപം എന്റെ വ്യക്തിത്വത്തെ മാത്രം ബാധിക്കുന്നതായിരുന്നെങ്കിൽ അത് മറ്റൊരു കാര്യം. എന്നാൽ ഇതിന്റെ ദുഷ്പ്രഭാവം ആയിരക്കണക്കിന് പേർക്കാണ് ഉണ്ടാകുന്നത്. നരകവാസി, വഴിപിഴച്ചവൻ എന്നീ വാക്കുകളിൽ എല്ലാ ന്യൂനതയും ഉൾപ്പെട്ടിരിക്കുന്നു. അതിനാൽ എനിക്ക് സുവാർത്ത നൽകിയ കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കിയതിനു ശേഷം, അതിനെ പ്രസിദ്ധീകരിച്ചതിനു ശേഷം ഇൻശാ അല്ലാഹ് റജിസ്റ്റർ ചെയ്ത കത്തുകളിലൂടെ അവരോട് അപേക്ഷിക്കുന്നതാണ്. അത് ഇൻശാ അല്ലാഹ് കള്ളവാദിയുടെ കളവിനെ തുറന്ന് കാണിക്കുന്നതാണ്. **വല്ലാഹു അലാ കുല്ലി ശയ്ഇൻ ഖദീർ.**

വസ്സലാം

16.ഫെബ്രുവരി 1891


വിനീതൻ

മിർസാ ഗുലാം അഹ്മദ്

# ഖലീഫ സാനി(റ) ന്റെ ഉത്തമ മാതൃക

## ഖാദിംകളോട്

ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ)



### യഥാർഥ വിശ്വാസി

ഈ ജോലിയുടെ ഉത്തരവാദിത്വം തനിക്ക് മാത്രമാണെന്ന് കരുതുക. ഇന്നത് എന്റെ ഉത്തരവാദിത്വമാണെന്നും ഇന്നത് അയാളുടെ ഉത്തരവാദിത്വവുമാണെന്ന് കരുതുന്നവൻ ഒരിക്കലും വിശ്വാസിയാകുകയില്ല. എന്റെ മാത്രം ഉത്തരവാദിത്വമാണെന്ന് കരുതുന്നവനാണ് യഥാർഥ വിശ്വാസി.

### എല്ലാവരും ചോദിക്കപ്പെടുന്നതാണ്

വിശുദ്ധഖുർആനിൽ അല്ലാഹു നബി തിരുമേനി(സ)യെ അഭിസംബോധന ചെയ്തു കൊണ്ട് പറയുന്നു, 'നാം നിന്നോട് ചോദിക്കുന്നതായിരിക്കും. മറ്റാരോടും ചോദിക്കുന്നതല്ല.' എന്നാൽ ഇത് കൊണ്ട് ഉദ്ദേശിക്കുന്നത് നബിതിരുമേനി(സ) മാത്രമല്ല. മറിച്ച് ഓരോ വിശ്വാസിയോടുമാണ് അല്ലാഹു പറയുന്നത്. നിങ്ങൾ എന്താണ് ചെയ്തത് എന്ന് ഞാൻ ഓരോരുത്തരോടും ചോദിക്കുന്നതാണ്.

### അതിമഹത്തായ ശപഥം

കുട്ടിക്കാലത്ത് ചെയ്തതാണെങ്കിലും ഞാൻ ചെയ്ത ഒരു കാര്യത്തിൽ എനിക്ക് എപ്പോഴും അതിയായ സന്തോഷം തോന്നാറുണ്ട്. അല്ലാഹുവിന്റെ റസൂലേ! ഞങ്ങൾ അങ്ങയുടെ മുന്നിലും പടപൊരുതുന്നതാണ്, പിന്നിലും പട പൊരുതുന്നതാണ്. ഇടതും പൊരുതുന്നതാണ്, വലതും പൊരുതുന്നതാണ്. ഞങ്ങളുടെ മൃതശരീരങ്ങളെ ചവിട്ടിമെതിച്ചിട്ടല്ലാതെ ശത്രുക്കൾക്ക് അങ്ങയുടെ അടുത്തേക്ക് എത്താൻ സാധിക്കില്ല എന്ന് ബദ്റിന്റെ അവസരത്തിൽ ഒരു സഹാബി പറയുകയും ആ സഹാബിക്ക് തന്റെ ആ വാക്കുകളിൽ അഭിമാനം ഉണ്ടാകുകയും ചെയ്തത് പോലെ എനിക്കും അഭിമാനമുണ്ട്.

ഹദ്റത് മസീഹ് മൗഊദ് (അ) വഫാത്തായ സമയത്ത് ചില പ്രവചനങ്ങൾ പൂർത്തിയായിരുന്നില്ല. മാത്രമല്ല, ഇനി എന്താണ് സംഭവിക്കുക, അബ്ദുൽ ഹലീമിനെ കുറിച്ചുള്ള പ്രവചനം പൂർത്തിയായിട്ടില്ല, "മുഹമ്മദീ ബേഗമിനെ സംബന്ധിച്ചുള്ള പ്രവചനം പൂർത്തിയായിട്ടില്ല. ജനങ്ങൾ ആക്ഷേപിക്കുന്നതായിരിക്കും" എന്നൊക്കെ മസീഹ് മൗഊദിന്റെ വഫാത്ത് സമയത്ത് ചിലർ പറയുന്നതായി ഞാൻ കേൾക്കുകയും ചെയ്തു. ഇതെല്ലാം കേട്ടപ്പോൾ ഞാൻ ആദ്യം ചെയ് തത് നിശബ്ദനായി ഞാൻ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ജനാസയുടെ തലയ്ക്കൽ ചെന്നു നിന്ന് അല്ലാഹു അഭിസംബോധന ചെയ്തു കൊണ്ട് പറഞ്ഞു, അല്ലാഹുവേ! ഞാൻ നിന്റെ മസീഹിന്റെ തലഭാഗത്ത് നിന്ന് കൊണ്ട് നിന്റെ സവിധത്തിൽ ശപഥം ചെയ്യുന്നു. മുഴുവൻ ജമാഅത്തും ഉപേക്ഷിച്ച് പോകുകയാണെങ്കിലും നിന്റെ മസീഹ് മുഖേന നീ സ്ഥാപിച്ച ഈ ദീനിന്റെയും ജമാഅത്തിന്റെയും പ്രചാരണത്തിനായി നിലനിൽക്കുന്നതാണ്.

എന്റെ പ്രായം അന്നേരം 19 വയസ്സായിരുന്നു. 19-ാം വയസ്സിൽ പലരും വലിയ കാര്യങ്ങൾ ചെയ്തിട്ടുണ്ടാകും. എന്നാൽ ഈ പ്രായത്തിൽ അതിമഹത്തായ കാര്യം ചെയ്തവർ വളരെ വിരളമായിരിക്കും. മറിച്ച് കോടികളിൽ ഒരാളായിരിക്കും. അന്നേരം എനിക്കത് പറയാൻ അല്ലാഹു അവസരം തന്നതിൽ എനിക്കഭിമാനമുണ്ട്.

ചുരുക്കത്തിൽ യഥാർഥ ഉത്തരവാദി താനാണെന്ന് മനസ്സിലാക്കേണ്ടത് ഒരു വിശ്വാസിക്ക് അനിവാര്യമാണ്. ഞാനും ഇന്ന ആളും ഉത്തരവാദിയാണെന്ന് ധരിച്ചാൽ തന്റെ വിശ്വാസം പാഴായിപ്പോയെന്ന് കരുതിക്കൊള്ളുക. അവന്റെ മനസ്സിൽ കാപട്യം കടന്നുകൂടി എന്ന് മനസ്സിലാക്കി കൊള്ളുക.

### മുഹമ്മദ് നബി (സ)യുടെ പ്രതിപുരുഷനാകുക

അഹ്മദിയ്യത്ത് സത്യമാണെന്നും ഇസ്‌ലാം സത്യമതമാണെന്നും നമ്മിൽ ഓരോരുത്തരും മനസ്സിലാക്കുകയും ഉറച്ച് വിശ്വസിക്കുകയും ചെയ്യുന്നു. എന്നാൽ അഥവാ പെട്ടെന്ന് എല്ലാവരും മരണപ്പെട്ട് പോകുകയോ, തലമുറ ഇല്ലാതായി പോകുകയോ നഊദുബില്ലാഹ് എല്ലാവരും മുർത്തദ്ദായിപോകുകയും ഒരു വ്യക്തി ഒറ്റയ്ക്ക് മാത്രം ശേഷിക്കുകയും ചെയ്തെന്ന് കരുതിയാൽ ആ വ്യക്തി ഈ ഉത്തരവാദിത്വം ഉപേക്ഷിക്കുമോ? നിശ്ചയമായും ഈ ഉത്തരവാദിത്വത്തെ ഉപേക്ഷിക്കില്ല. മറിച്ച്, ഈ പരിശ്രമത്തിനായി ഏറ്റവും അനുയോജ്യമായ സമയം ഇതു തന്നെയാണെന്ന് കരുതും. കാരണം ആളുകൾ എത്രത്തോളം കുറയുന്നുവോ അതനുസരിച്ച് നബി തിരുമേനി(സ) യുടെ തണൽ കൂടുതൽ ഉത്തമമായ നിലയിൽ അദ്ദേഹത്തിൽ പതിക്കുന്നതാണ്. അല്പം കൽക്കണ്ടം സമുദ്രത്തിൽ കലക്കിയാൽ മധുരം അറിയുക തന്നെയില്ല. എന്നാൽ ഒന്നോ രണ്ടോ ഗ്ലാസിൽ അത്രയും കൽക്കണ്ടം കലക്കിയാൽ അത് വളരെയധികം മാധുര്യമുള്ളതായിത്തീരും. അതുപോലെ മുഹമ്മദ് നബി(സ) യുടെ തണൽ ആയിരക്കണക്കിനോ ലക്ഷക്കണക്കിനോ ആളുകളുടെ മേൽ പതിക്കുമ്പോൾ അത് പരന്ന് പോകും. എന്നാൽ അത് ഒരേ ഒരാളുടെ മേൽ പതിച്ചാൽ ആ മനുഷ്യൻ മുഹമ്മദ് (സ) യുടെ ഒരു പ്രതിരൂപമായി മാറുന്നു.

### പരിപൂർണ പ്രതിഛായ

അതിനാൽ ഏതെങ്കിലും നന്മയിൽ നിങ്ങളിൽ ഒരാൾക്ക് മാത്രമാണ് അവസരം ലഭിക്കുന്നതെങ്കിൽ നിങ്ങളുടെ ഹൃദയം സന്തോഷത്താൽ തുള്ളിച്ചാടേണ്ടതാണ്. കാരണം നിങ്ങൾ ആ പ്രവർത്തിയിൽ മുഹമ്മദ് നബി (സ) യുടെ പൂർണ പ്രതിഛായയായി മാറുന്നതാണ്. മറ്റൊരാളും തന്നെ നബിതിരുമേനി(സ) യുടെ തണലിലായിരിക്കില്ല. അതിനാൽ ജനങ്ങൾ നിങ്ങളോടൊപ്പം ചേരുന്നതല്ല എന്ന ഭ്രമത്തെ ഹൃദയത്തിൽ നിന്ന് പുറന്തള്ളുക.

മശ്അലെ രാഹ് വാള്യം 1

സമ്പാ: ടി.അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ




# മാതാപിതാക്കളോടുള്ള സൽപെരുമാറ്റം

## ആഗ്രഹം പൂർത്തിയാക്കുന്നു

ഹദ്റത് ഉസാമ (റ) ന്റെ പക്കൽ ധാരാളം കാരക്ക മരമുണ്ടായിരുന്നു. ഒരിക്കൽ കാരക്ക മരത്തിന്റെ വില അസാധാരണമായ നിലയിൽ വർദ്ധിച്ചു. അങ്ങനെയുള്ള ദിവസങ്ങളിൽ ഒരിക്കൽ ഉസാമ(റ) ഒരു മരം പൊള്ളയാക്കി അതിന്റെ കാതൽ എടുത്ത് തന്റെ മാതാവിന് കഴിക്കാൻ കൊടുത്തു. ജനങ്ങൾ ഹദ്റത് ഉസാമ (റ) നോട് പറഞ്ഞു, ഇപ്പോൾ കാരക്കയുടെ വില വളരെ ഉയർന്നു നിൽക്കുകയാണ്. അത്തരം അവസരത്തിൽ ഇങ്ങനെ ചെയ്തത് തീരാ നഷ്ടമല്ലേ? അദ്ദേഹം മറുപടി പറഞ്ഞു, ഇത് എന്റെ മാതാവിന്റെ ആഗ്രഹമായിരുന്നു. അവർ ചോദിക്കുന്നതെന്തും എന്റെ കഴിവിൽപ്പെട്ടതാണെങ്കിൽ ഞാനത് തീർച്ചയായും നൽകുന്നതാണ്.

## സമ്പൂർണ അനുസരണം

ഹദ്റത് ഇമാം അബൂഹനീഫ (റഹ്)യുടെ പിതാവ് ഇമാം സാഹിബിന്റെ ചെറുപ്പത്തിൽ തന്നെ വഫാത്തായിരുന്നു. എന്നാൽ മാതാവ് ഒരു നീണ്ട കാലം വരെ ജീവിച്ചിരുന്നു. ഇമാം സാഹിബിന് അവരെ സേവിക്കുന്നതിനുള്ള ധാരാളം അവസരങ്ങൾ ലഭിച്ചിരുന്നു. ഇമാം സാഹിബിന്റെ മാതാവ് സംശയിക്കുന്ന പ്രകൃതക്കാരിയായിരുന്നു. എന്നാൽ ഉപദേശങ്ങളും കഥകളും പറയുന്നവരിൽ വലിയ വിശ്വാസവുമായിരുന്നു. കൂഫയിൽ അംറിബ്നു സർഖ എന്ന് പേരുള്ള പ്രശസ്തനായ ഒരു ഉപദേശകനുണ്ടായിരുന്നു. അദ്ദേഹത്തിൽ ഇവർക്ക് അതിയായ വിശ്വാസമുണ്ടായിരുന്നു. എന്ത് പ്രശ്നം വന്നാലും അവർ ഇമാം സാഹിബിനോട് അംറിബ്നു സർഖയോട് ചോദിച്ചു വരാൻ കല്പിക്കുമായിരുന്നു.ഇമാം സാഹിബ് മാതാവിന്റെ കല്പന പ്രാവർത്തികമാക്കുന്നതിനായി അദ്ദേഹത്തിന്റെ അടുക്കൽ ചെന്ന് പ്രശ്നത്തിന് പരിഹാരം ചോദിക്കുമായിരുന്നു. താങ്കളുടെ മുന്നിൽ ഞാനെന്ത് പറയാനാണ് എന്ന് അദ്ദേഹം മറുപടി പറയുമായിരുന്നു. എന്നാൽ മാതാവിന്റെ കല്പനയാണ് എന്നാണ് ഇമാം സാഹിബ് പറയുക. പലപ്പോഴും അദ്ദേഹത്തിന് ചോദ്യത്തിനുള്ള ഉത്തരം അറിയില്ലായെങ്കിൽ ഇമാം സാഹിബിനോട് താങ്കൾ എനിക്ക് പറഞ്ഞു തരിക, ഞാനത് വീണ്ടും താങ്കൾക്ക് പറഞ്ഞ് തരാം എന്ന് പറയുമായിരുന്നു.

ചിലപ്പോൾ ഞാൻ വന്ന് സ്വയം ചോദിക്കാം എന്ന് മാതാവ് ശാഠ്യം പിടിക്കുമായിരുന്നു. അപ്പോൾ കഴുതപ്പുറത്ത് മാതാവിനെ ഇരുത്തി ഇമാം സാഹിബ് കാൽനടയായി അദ്ദേഹത്തിന്റെ അടുക്കലേക്ക് പോകുമായിരുന്നു. അവിടെ ചെന്ന് അവർ സ്വയം ചോദ്യം ഉന്നയിച്ച് സ്വന്തം ചെവികൊണ്ട് കേട്ട് തൃപ്തിപ്പെടുമായിരുന്നു.

ഒരിക്കൽ അവർ ഇമാം സാഹിബിനോട് ചോദിച്ചു, ഇന്ന പ്രശ്നമുണ്ട് അതിനെന്താണ് പരിഹാരം. ഇമാം സാഹിബ് മറുപടി നൽകിയപ്പോൾ മാതാവ് പറഞ്ഞു, നീ പറഞ്ഞാൽ പോര. സർഖ സാക്ഷ്യപ്പെടുത്തുകയാണെങ്കിലെ എനിക്ക് വിശ്വാസം വരികയുള്ളു. ഇമാം സാഹിബ് അവരെയും കൊണ്ട് സർഖയുടെ അടുത്തെത്തി. കാര്യങ്ങൾ അവതരിപ്പിച്ചു. സർഖ പറഞ്ഞു, താങ്കൾക്ക് എന്നെക്കാൾ അറിവുണ്ട്. താങ്കൾ എന്ത്കൊണ്ട് മറുപടി നൽകുന്നില്ല? ഇമാം സാഹിബ് പറഞ്ഞു, ഞാൻ ഇന്ന ഫത്വ നൽകിയിരുന്നു. അപ്പോൾ സർഖ പറഞ്ഞു, ഇത് ശരിയാണ്. അത് കേട്ടപ്പോൾ അവർക്ക് സംതൃപ്തിയായി. തിരിച്ച് വരികയും ചെയ്തു.

## സേവനം ഔദാര്യമല്ല

അഹ്മദിയ്യത്തിനായി ശഹീദായ റുസ്തം ഖാൻ സാഹിബ് നൗശഹ്റ നിവാസിയായിരുന്നു. അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചപ്പോൾ അദ്ദേഹത്തിന്റെ പിതാവ് കഠിനമായി എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. പ്രായമായപ്പോൾ ആ വ്യക്തി വളരെ ദുർബലനും ക്ഷീണിതനുമായിത്തീർന്നു. മറ്റെല്ലാ മക്കളും അദ്ദേഹത്തെ നോക്കുന്നതിൽ നിന്നും ഒഴിഞ്ഞുമാറി. അവസാനം ആ വ്യക്തി തന്റെ മകനായ റുസ്തം ഖാനിന്റെ പക്കൽ എത്തി. അദ്ദേഹവും ഭാര്യയും ആ പിതാവിനെ ഉത്തമമായ നിലയിൽ സേവിച്ചു. സ്വന്തം കൈകൊണ്ട് ഭക്ഷണം നൽകി, കുളിപ്പിച്ചു. ഒരിക്കൽ ആ പിതാവ് തന്റെ മകനോട് പറഞ്ഞു, ഞാൻ നിന്നിൽ സംതൃപ്തനാണ്. ഞാൻ തുടക്കത്തിൽ നിന്നെ ഒരുപാട് ദ്രോഹിച്ചിട്ടുണ്ട്. എന്നാൽ അവസാനം നീ മാത്രമാണ് എനിക്ക് ആശ്രയമായത്. അപ്പോൾ റുസ്തം ഖാൻ സാഹിബ് പറഞ്ഞു, വാപ്പാ! എനിക്ക് എന്റെ ഗുരുനാഥനിൽ നിന്നുള്ള അദ്ധ്യാപനമാണിത്. ഞാൻ നിങ്ങളോട് ചെയ്യുന്നത് ഔദാര്യമല്ല. ഞാനൊരു അഹ്മദിയാണ്. ഇതെന്റെ കടമയാണ്. അത് കേട്ടപ്പോൾ ആ പിതാവ് പറഞ്ഞു, നിന്റെ ഗുരുനാഥനെ ഞാൻ പ്രശംസിക്കുന്നു. ഞാനും അദ്ദേഹത്തെ സത്യവാനായി മനസ്സിലാക്കുന്നു. ആ വ്യക്തി വഫാത്തായപ്പോൾ റുസ്തം ഖാൻ സാഹിബ് തന്നെ അദ്ദേഹത്തെ ഖബറക്കി. അടുത്ത ദിവസം ദുആ ചെയ്യുന്നതിനായി ഖബർസ്ഥാനിലേക്ക് പോകുകയായിരുന്നപ്പോൾ ഏതോ അജ്ഞാതൻ അദ്ദേഹത്തിന് നേരെ നിറയൊഴിക്കുകയും അദ്ദേഹത്തെ ശഹീദാക്കുകയും ചെയ്തു. (അവ: ജന്നത്ത് കാ ദർവാസാ)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*



Meeting with Huzur

# ന്യൂസിലാന്റ് ദേശീയ മജ്‌ലിസെ ആമിലയുമായി ഹുസൂർ തിരുമനസ്സിന്റെ കൂടിക്കാഴ്ച

• **ജനറൽ സെക്രട്ടറിയോട്** പറഞ്ഞു, റൂൾസ് ആന്റ് റെഗുലേഷൻസിന്റെ പുസ്തകം വായിക്കുക. ജമാഅത്തംഗങ്ങൾ ഉണ്ടാകുകയും സദ്ർ ജമാഅത്ത് നിയമിതനാകുകയും അദ്ദേഹത്തിന്റെ പ്രവർത്തക സമിതി അംഗങ്ങളും ഉണ്ടെങ്കിൽ അതിനെ ജമാഅത്ത് എന്ന് വിളിക്കാവുന്നതാണ്. അംഗങ്ങളുടെ എണ്ണം കുറവാകുകയും എന്നാൽ സദ്ർ ജമാഅത്ത് നിയമിതനാണെങ്കിലും അതിനെ ജമാഅത്ത് എന്ന് തന്നെ പറയുന്നതാണ്.

എല്ലാ ജമാത്തുകളിൽ നിന്നും അവരുടെ പ്രവർത്തന റിപ്പോർട്ട് വാങ്ങുക. ജമാഅത്തുകളെയും സദ്ർമാരെയും Active ആക്കുക. ജമാഅത്തുകളിൽ നിന്ന് ലഭിക്കുന്ന റിപ്പോർട്ടുകളിൽ നാഷണൽ സദ്റിന്റെ അവലോകനവും ജമാഅത്തുകളിലേക്ക് അയക്കേണ്ടതാണ്.

• **സെക്രട്ടറി വഖ്ഫെ നൗവിനോട്** പറഞ്ഞു, വഖ്ഫെ നൗ കുട്ടികൾ തങ്ങളുടെ അദ്ധ്യയനം പൂർത്തിയാക്കി കഴിഞ്ഞാൽ ഞങ്ങളുടെ പഠനം കഴിഞ്ഞിരിക്കുന്നു, ഇനി ഞങ്ങൾ വഖ്ഫ് ചെയ്തു കൊണ്ട് സേവനത്തിനായി സന്നദ്ധരാണ് എന്ന് വീണ്ടും എഴുതി തരേണ്ടതാണ്. മറ്റ് വാഖ്ഫെ സിന്ദഗികളെ പോലെ തന്നെ വഖ്ഫെ നൗവും ജീവിതം സമർപ്പിച്ച് കൊണ്ട് മുന്നോട്ട് വരേണ്ടതാണ്. വഖ്ഫെ നൗ ഒരു Title അല്ല. മറിച്ച് ജീവിതം സമർപ്പിക്കലാണ്. തങ്ങളുടെ ജീവിതം ദീനീസേവനത്തിനായി സമർപ്പിക്കേണ്ടതാണ്. പൈലറ്റാകുകയോ അല്ലെങ്കിൽ ഏതെങ്കിലും കമ്പനിയിൽ ജോലി ചെയ്യുകയോ അല്ല വേണ്ടത്. വഖ്ഫെ നൗ അണെങ്കിൽ അങ്ങിനെയാകരുത്. 21 വയസ്സുവരെയുള്ളവർക്കുള്ള സിലബസ് എത്തിയിട്ടുണ്ട്. അതനുസരിച്ച് പഠിപ്പിക്കുക. കൃത്യമായി അതിന്റെ പരീക്ഷ എടുക്കുക. കൂടാതെ ലണ്ടനിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന മര്യം, ഇസ്മാഈൽ എന്നീ മാസികകളിൽ ഇവിടുത്തെ കുട്ടികളും ആർട്ടിക്കലുകൾ എഴുതേണ്ടതാണ്.

• **സെക്രട്ടറി തബ്‌ലീഗിനോട്** പറഞ്ഞു, ഓരോ ആമില അംഗവും 2000 ലീഫ്ലെറ്റ്സ് വിതരണം ചെയ്യേണ്ടതാണ്. ഇക്കാലഘട്ടത്തിൽ ലോകത്തിന് മതകാര്യങ്ങളിൽ താൽപര്യം ഇല്ല. അഹ്മദിയ്യത്ത് സത്യമാണെന്ന് അവരോട് പറഞ്ഞാൽ അവർക്കത് വലിയ കാര്യമായി തോന്നില്ല. അതിനാൽ ആദ്യം അവരെ ദൈവവിശ്വാസികളാക്കി മാറ്റുക. മതത്തിൽ താൽപര്യം ജനിപ്പിക്കുക. മതത്തോട് വിദ്വേഷമുള്ളവർ പറയുന്നത് മതമാണ് കലങ്ങൾക്ക് കാരണം, മതം പരസ്പരം കലപിപ്പിക്കുന്നു, മതം മനുഷ്യനെ തീവ്രവാദിയാക്കുന്നു ഞങ്ങളുടെ സ്വഭാവം നല്ലതാണ് അതിനാൽ ഞങ്ങൾ മതത്തിൽ വിശ്വസിക്കുന്നില്ല എന്നാണ്. ആദ്യം ഒരു ലീഫ്ലെറ്റിലൂടെ അവർക്ക് ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശം നൽകുക. അപ്പോൾ അവർക്ക് താൽപര്യം ജനിക്കും. പിന്നീട് ദൈവവിശ്വാസിയല്ലാത്തവർക്കായി ദൈവാസ്തികൃത്തിലേക്ക് നയിക്കുന്ന ലീഫ് ലെറ്റുകൾ തയ്യാറാക്കുക. പിന്നീട് മതത്തിൽ വിശ്വാസമുള്ളവർക്കായി ഏത് മതമാണ് സത്യവും സമാധാനത്തിന്റെ അദ്ധ്യാപനം നൽകുന്നതെന്നും അത് എന്ത്കൊണ്ടാണ് സത്യമതമെന്നതും വിവരിക്കുന്ന ലീഫ്ലെറ്റ്സ് തയ്യാറാക്കുക.

ഇങ്ങനെ ലീഫ്ലെറ്റുകൾ തയ്യാറാക്കി വിതരണം ചെയ്യുക. ഒറ്റ ദിവസം കൊണ്ട് വിജയം ലഭിക്കില്ല. നിരന്തരമായ പ്രയത്നവും നീണ്ട പദ്ധതിയുമാണിത്. സന്ദേശം എത്തിക്കുക എന്നതാണ് നമ്മുടെ ദൗത്യം. ഹൃദയത്തിൽ പരിവർത്തനം ഉണ്ടാക്കുക എന്നത് അല്ലാഹുവിന്റെ പണിയാണ്. അല്ലാഹുവിന്റെ പ്രവാചകന്മാരും ചെയ്തത് ഇത് തന്നെയാണ്. നബി(സ) ഇതാണ് ചെയ്തത്. ഇക്കാലഘട്ടത്തിൽ സന്ദേശം എത്തിക്കുന്നതിന് സൗകര്യങ്ങൾ സംജാതമായിട്ടുണ്ട്. വളരെ എളുപ്പമുള്ള മാർഗങ്ങൾ നിലവിൽ വന്നിട്ടുണ്ട്. അൻസ്വാറും ഖുദ്ദാമും തങ്ങളുടെ ടീമുകൾ തയ്യാറാക്കുക. പ്രചരണത്തിനുള്ള മാർഗങ്ങൾ ആവിഷ്കരിക്കുക.

വെറുതെയിരിക്കുന്ന പ്രായമായവരെയും പ്രയോജനപ്പെടുത്തുക. ഇവർ Old peoples home ൽ പോയി പരിചയം നൽകുക. പാംഫ്ളെറ്റ് വിതരണം ചെയ്യുക. പ്രവർത്തിക്കുമ്പോൾ കൂടുതൽ നവങ്ങളായ മാർഗങ്ങൾ തുറക്കപ്പെടുന്നതാണ്.

• **സദ്ർ ഖുദ്ദാമുൽ അഹ്മദിയ്യായോട്** പറഞ്ഞു, ഒരു സദ്ർ പോകുമ്പോൾ ഫയൽ അടയുന്നു. അടുത്ത സദ്ർ വരുമ്പോൾ വീണ്ടും ആദ്യം മുതൽക്ക് തുടങ്ങുന്നു. ആദ്യം മുതലല്ല തുടങ്ങേണ്ടത് മറിച്ച്, മുൻ സദ്ർ എവിടെയാണോ നിർത്തിയത് അവിടുന്നാണ് തുടങ്ങി മുന്നോട്ട് ഗമിക്കേണ്ടതാണ്.

• **സെക്രട്ടറി തഅ്ലീമിനോട്** പറഞ്ഞു, വിദ്യാർഥികളായ എല്ലാവരുടെയും Data താങ്കളുടെ പക്കൽ ഉണ്ടായിരിക്കേണ്ടതാണ്. തുടർ വിദ്യാഭ്യാസം കരസ്ഥമാക്കുന്ന സെക്കണ്ടറി സ്കൂൾ വിദ്യാർഥികളെ കൗൺസിലിങ്ങിന് വിധേയരാക്കേണ്ടതാണ്. ഏത് മേഖലയാണ് തിരഞ്ഞെടുക്കേണ്ടത്, ജമാഅത്തിന് ഏതെല്ലാം മേഖലയിലാണ് ആവശ്യം, ഏതാണ് അവർക്ക് ഉത്തമമായ മേഖല എന്നെല്ലാം അവർക്ക് മാർഗദർശനം നൽകേണ്ടതാണ്. സെക്കണ്ടറി സ്കൂൾ പഠനം കഴിഞ്ഞ വിദ്യാർഥികളെ ശ്രദ്ധിക്കേണ്ടതുണ്ട്. അവരുടെ ശ്രദ്ധ പഠനത്തിലേക്കായിരിക്കണം. പഠനത്തിലേക്ക് ശ്രദ്ധയുണ്ടാകുമ്പോൾ അലഞ്ഞുതിരിയലിൽ നിന്നും ശ്രദ്ധ അകലുന്നതാണ്.

വിദ്യാഭ്യാസം കുറഞ്ഞാൽ ശിക്ഷണപരമായ പ്രശ്നങ്ങളും ഉണ്ടാകും. വിവാഹം കഴിയുമ്പോൾ പെൺകുട്ടി പഠിപ്പുള്ളവളും ആൺകുട്ടി പഠിപ്പില്ലാത്തവനുമാകുന്നു. പിന്നീട് ഒന്ന് രണ്ട് വർഷങ്ങൾ കഴിയുമ്പോൾ വിവാഹബന്ധം തകരുകയും പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്യുന്നു. സെക്യുലർ വിദ്യാഭ്യാസത്തിൽ കൂടുതൽ ശ്രദ്ധചെ

നുറുങ്ങുകൾ
ടി.എം

# ഉപഹാരത്തിന്റെ മൂല്യം

**ഹദ്റത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് സാനി (റ)**

ബനൂ ഉമയ്യയിലെ ഒരു ചക്രവർത്തി ഒരിക്കൽ നായാട്ടിനിടയിൽ കാട്ടിൽ ഒറ്റപ്പെട്ടു പോകുകയുണ്ടായി. അപ്പോൾ അദ്ദേഹം ഒരു വ്യക്തിയെ തന്റെ കഴുതയെയും തള്ളി തരുന്നതായി കണ്ടു. അതിൻ മേൽ ധാരാളം കക്കരിക്ക ഉണ്ടായിരുന്നു. ചക്രവർത്തി ചോദിച്ചു, താങ്കൾ എങ്ങോട്ട് പോകുന്നു? അയാൾ മറുപടി പറഞ്ഞു, ഞാൻ ദമിശ്ഖിലേക്ക് പോകുകയാണ്. കാരണം ചോദിച്ചപ്പോൾ അയാൾ തന്റെ മുന്നിൽ നിൽക്കുന്ന ചക്രവർത്തിയുടെ പേരെടുത്ത് കൊണ്ട് പറഞ്ഞു, ഞാൻ ഇത് ഇന്ന ചക്രവർത്തിക്ക് കാഴ്ച വെക്കുവാൻ കൊണ്ടു പോകുകയാണ്. എന്തിനെന്ന് ചോദിച്ചപ്പോൾ അയാൾ പറഞ്ഞു, എനിക്കിതിന് പകരം സമ്മാനം ലഭിക്കുന്നതാണ്. അദ്ദേഹം പറഞ്ഞു, ഇത്ര നിസാരമായ വസ്തുവിന് ആരാണ് സമ്മാനം നൽ കുക. എത്ര പാരിതോഷികമാണ് താങ്കൾ പ്രതീക്ഷിക്കുന്നത് എന്ന് ചോദിച്ചപ്പോൾ പറഞ്ഞു, ഞാൻ ഇതിന് പകരം 300 അശ്റഫ് പ്രതീക്ഷിക്കുന്നു. പറഞ്ഞു, ഇത്ര നിസാര വസ്തുവിന് ആരാണ് 300 അശ്റഫ് തരിക. അയാൾ പറഞ്ഞു, എങ്കിൽ ഒരു 250 എങ്കിലും ലഭിക്കും. പറഞ്ഞു, അതും വളരെ അധികമാണ്. അപ്പോൾ അയാൾ വീണ്ടും അല്പം കുറച്ച് കൊണ്ട് അത്രയും എന്തായാലും കിട്ടുമെന്ന് പറഞ്ഞു. അതും അധികമാണെന്ന് പറഞ്ഞപ്പോൾ അയാൾ വീണ്ടും കുറച്ചു. അവസാനം ഞാൻ 10 അശ്റഫി എന്തായാലും വാങ്ങും. അപ്പോൾ വീണ്ടും അദ്ദേഹം പറഞ്ഞു, 10 അശ്റഫിയും ആരും തരില്ല. അപ്പോൾ അയാൾ പറഞ്ഞു, 10 അശ്റഫിയും കുറവാണ് നൽകുന്നതെങ്കിൽ ഞാനെന്റെ കഴുതയെ അവിടത്തെ ആലയത്തിൽ കെട്ടിയിടും.

പിന്നീട് ആ ചക്രവർത്തി തിരിച്ച് തന്റെ കൊട്ടാരത്തിലെത്തി. ഇങ്ങിനെയൊരാൾ വരികയാണെങ്കിൽ തന്റെ അടുക്കൽ കൊണ്ടു വരണമെന്ന് ഭടന്മാർക്ക് നിർദേശം നൽകി. അവസാനം അയാൾ എത്തി. അയാൾക്ക് ചക്രവർത്തിയെ തിരിച്ചറിയാൻ കഴിഞ്ഞില്ല. വന്ന കാര്യം തിരക്കിയപ്പോൾ അയാൾ പറഞ്ഞു, ഞാൻ കുറച്ച് കക്കരിക്ക കൊണ്ടു വന്നിട്ടുണ്ട് താങ്കൾക്ക് ഉപഹാരമായി. ഇത് താങ്കൾ ഇതുവരെ കഴിച്ചിട്ടുണ്ടാകില്ല. പകരം എന്താണ് പ്രതീക്ഷിക്കുന്നതെന്ന് ചോദിച്ചപ്പോൾ 300 അശ്റഫി എന്ന് പറഞ്ഞു. ഇതിനിത്രയൊന്നും മൂല്യമില്ല എന്ന് പറഞ്ഞപ്പോൾ 250 അശ്റഫിയാക്കി. പിന്നീട് കുറച്ച് കുറച്ച് കൊണ്ട് വന്നവസാനം 10 അശ്റഫി എന്ന് പറഞ്ഞു. അപ്പോൾ ചക്രവർത്തി പറഞ്ഞു, അതും കൂടുതലാണ്. അപ്പോൾ അയാൾ അനിയന്ത്രിതമായി പറഞ്ഞു, നാശം പിടിച്ച വഴിയാത്രക്കാരനായ ആ ദുർഭഗൻ പറഞ്ഞതു പോലെ തന്നെയായല്ലോ. അതും പറഞ്ഞ് അയാൾ നിരാശയോടെ മടങ്ങാൻ തുടങ്ങി. അപ്പോൾ ചക്രവർത്തി പൊട്ടിച്ചിരിച്ചു കൊണ്ട് അയാളെ തിരിച്ച് വിളിച്ചു. എന്നിട്ട് പറഞ്ഞു, അസ്വസ്ഥനാകേണ്ടതില്ല. പിന്നീട് അദ്ദേഹം തന്റെ ദാസർക്ക് കല്പന നൽകി കൊണ്ട് പറഞ്ഞു, എത്ര സംഖ്യയാണോ പറഞ്ഞത് അതെല്ലാം കൂട്ടി അയാൾക്ക് നൽകുക. അതായത് 300+250+200+150+100+90. അങ്ങനെ വലിയൊരു തുക നൽകി അയാളെ പറഞ്ഞുവിട്ടു. (സേറേ റൂഹാനി)

---

ലുത്തേണ്ടതാണ്. ബാക്കി ദീനീ വിദ്യാഭ്യാസം സെക്രട്ടറി തർബിയ്യത്തിന്റെ ചുമതലമാകുന്നു. കുറഞ്ഞത് സെക്കണ്ടറി സ്കൂൾ വിദ്യാഭ്യാസമെങ്കിലും കരസ്ഥമാക്കേണ്ടതാണ്. എന്തെങ്കിലും കാരണത്താൽ അത് അസാധ്യമാണെങ്കിൽ ഏതെങ്കിലും ഡിപ്ലോമ എടുത്ത് Job ചെയ്യുക. അഹ്മദികൾ വിദ്യാസമ്പന്നരായിരിക്കണം. കൂലിപ്പണിക്കാരായിരിക്കരുത്.

• **സെക്രട്ടറി മാലിനോട്** പറഞ്ഞു, തോതിൽ കുറച്ച് ചന്ദ നൽകുന്നവർ കേന്ദ്രത്തിൽ നിന്ന് അനുമതി കരസ്ഥമാക്കേണ്ടതാണ്. കൂടുതൽ വരുമാനമുള്ളവരോട് പറയുക, ചന്ദ ഒരു ടാക്സ് അല്ല. ഇത് കേവലം അല്ലാഹുവിന്റെ തൃപ്തിക്കായുള്ളതാണ്. പ്രചരണം, പ്രസിദ്ധീകരണം, വിതരണം, പള്ളികളുടെ നിർമാണം, തബ്ലീഗീ കേന്ദ്രങ്ങളുടെ നിർമാണം, മറ്റ് പദ്ധതികൾ എന്നിവയാണ് ഉദ്ദേശ്യം. ഇതെല്ലാം തന്നെ ചന്ദയിലൂടെയാണ് പൂർത്തിയാകുന്നത്. അതിനാൽ തോതനുസരിച്ച് ചന്ദ നൽകാൻ ശ്രമിക്കുക. എപ്പോഴും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിക്കുക.

വസിയ്യത്തിന്റെ നിബന്ധനകൾ പൂർത്തിയാക്കാൻ സാധിക്കുന്നില്ല എന്ന് പറയുന്നവർ ഒഴിഞ്ഞ് മാറുന്നതിനുവേണ്ടിയാണ് അങ്ങിനെ പറയുന്നത്. അവരോട് ചോദിക്കുക, നിങ്ങൾ ബയ്അത്തിന്റെ എല്ലാ നിബന്ധനകളെയും പൂർത്തിയാക്കുന്നുണ്ടോ? ഇല്ലെങ്കിൽ നിങ്ങൾ അഹ്മദിയ്യത്തിനെ ഉപേക്ഷിക്കുമോ? പരിശ്രമിക്കുക എന്നതാണ് യഥാർഥ വസ്തുത. നിബന്ധനകളെ പൂർത്തിയാക്കുന്നതിനായി കഴിവിന്റെ പരമാവധി ശ്രമിക്കുന്നതാണ് എന്ന ദൃഢനിശ്ചയമാണ് വേണ്ടത്. അല്ലാഹുവിനോട് അതിനുള്ള തൗഫീഖ് യാചിച്ചു കൊണ്ടിരിക്കുക.

**സെക്രട്ടറി തഅ്ലീമുൽ ഖുർആൻ വഖ്ഫെ ആർസിയോട്** പറഞ്ഞു, അൻസ്വാർ വഖ്ഫെ ആർസി ചെയ്തുകൊണ്ട് വിവിധ സ്ഥലങ്ങളിൽ പോയി സാഹിത്യങ്ങൾ വിതരണം ചെയ്യട്ടെ. വിശുദ്ധഖുർആൻ അറിയുന്നവർ കുട്ടികളെ പഠിപ്പിക്കട്ടെ. വീട്ടിൽ വെറുതെയിരിക്കുന്നതിന് പകരം ജമാഅത്തിനായി വഖ്ഫ് ചെയ്യുക.

• തബ്ലീഗിനെ സംബന്ധിച്ച് പറഞ്ഞു, **ദഅ്വത്തെ ഇലല്ലാഹ് നാഷണൽ സെക്രട്ടറി** തന്റെ പരിപാടി ആസൂത്രണം ചെയ്യുക. ഖുദ്ദാമും, അൻസ്വാറും, ലജ്നയും അവരവരുടെ പദ്ധതികൾ ആസൂത്രണം ചെയ്യുക. എന്നാൽ നാഷണൽ സെക്രട്ടറിയുടെ പരിപാടി ഉണ്ടാകുമ്പോൾ അതിൽ ഖുദ്ദാമും, അൻസ്വാറും, ലജ്നയും എല്ലാവരും പങ്കെടുക്കേണ്ടതാണ്. ജമാഅത്തിന്റെ പരിപാടികൾ ഉള്ളപ്പോൾ അവരുടെ പരിപാടികൾ ഉണ്ടാകരുത്. ജമാഅത്തിന്റെ പരിപാടികൾക്ക് പ്രാഥമികത നൽകേണ്ടതാണ്. ജമാഅത്തിന്റെ പരിപാടികളുമായി Clash ഉണ്ടാകരുത്.

വനിതാരംഗം

അബൂതബസ്സും

# മതനിയമസംഹിതയെ പാലിക്കേണ്ടത് സ്ത്രീകൾക്കും അനിവാര്യം

ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)

**സ്ത്രീപുരുഷന്മാർ സമന്മാർ**

അല്ലാഹു മനുഷ്യനെ രണ്ട് തരത്തിലാണ് സൃഷ്ടിച്ചിട്ടുള്ളത്. പുരുഷനായും സ്ത്രീയായും. മുഴുലോകത്തുമുള്ള മനുഷ്യരും ഈ രണ്ട് വിഭാഗത്തിലാണ് വേർതിരിക്കപ്പെട്ടിരിക്കുന്നത്. അതിനാൽ അല്ലാഹുവിൽ നിന്നവതരിപ്പിക്കപ്പെട്ടിട്ടുള്ള എല്ലാ മതനിയമസംഹിതകളും പുരുഷന്മാരെ മാത്രമല്ല അഭിസംബോധന ചെയ്തിട്ടുള്ളത് മറിച്ച്, സ്ത്രീകളെയും അഭിസംബോധന ചെയ്യുന്നതാണ്. എന്നാൽ ലോകത്ത് അജ്ഞതയും അധർമവും വ്യാപിക്കുമ്പോൾ ധാരാളം പേർ മതനിയമസംഹിതയുടെ ബന്ധനത്തെ തങ്ങളുടെ ചുമലിൽ നിന്നും ഇറക്കാൻ ആഗ്രഹിക്കുന്നു. കാട്ടുപോത്തും വെറിളി പിടിച്ച കുതിരയും കലപ്പയിൽ നിന്ന് സ്വന്തം കഴുത്ത് ഊരി രക്ഷപ്പെടാൻ ശ്രമിക്കുന്നത് പോലെ അജ്ഞത വ്യാപിക്കുമ്പോൾ മനുഷ്യൻ വിവിധ കാരണങ്ങൾ പറഞ്ഞ് സ്വയം തങ്ങളെ ശരീഅത്തിന്റെ കല്പനകളിൽ നിന്ന് സ്വതന്ത്രരാക്കാൻ ആഗ്രഹിക്കുന്നു.

**ശരീഅത്തിൽ നിന്നകലുന്നു**

ഇസ്‌ലാമിന് വിപത്തുകൾ നേരിടുന്ന ഇക്കാലത്ത് മുസ്‌ലിംകൾ വിശുദ്ധഖുർആനെ വിസ്മരിച്ചിരിക്കുന്നു. അല്ലാഹു എന്ത് കല്പനയാണ് തങ്ങൾക്ക് നൽകിയിരിക്കുന്നത് എന്ന് മറന്നിരിക്കുകയാണ്.

പുരുഷന്മാർ പൊതുവിൽ ശരീഅത്തിൽ നിന്നും തങ്ങളെ സ്വതന്ത്രരാക്കാൻ ആഗ്രഹിച്ചപ്പോൾ അല്പം പേരൊഴിച്ച് ബാക്കി മുഴുവൻ സ്ത്രീകളും ശരീഅത്തിന്റെ നിബന്ധനകളിൽ നിന്ന് ഒഴിഞ്ഞ്മാറിയിരിക്കുന്നു. ശരീഅത്തിനെ അവർ മനസ്സിലാക്കിയില്ല എന്നതാണതിന് കാരണം. തൽഫലമായി അവർ വഴിതെറ്റി എവിടെയൊക്കെയോ എത്തിപ്പെട്ടു. എന്നാൽ അല്ലാഹുവിന്റെ വചനങ്ങൾ പുരുഷന്മാർക്കെന്ന പോലെ തന്നെ സ്ത്രീകൾക്കായും വന്നതായിരുന്നു....

**അനുസരിക്കുന്നവർ ഉത്തമർ**

അല്ലാഹുവിന്റെ ദൃഷ്ടിയിൽ പുരുഷന്മാരും സ്ത്രീകളും സമന്മാരാണ്. അവനാണ് രണ്ടുപേരെയും സൃഷ്ടിച്ചത്. അവന്റെ കല്പനയെ ധിക്കരിക്കുന്ന ഒരു പുരുഷനേക്കാൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഉത്തമ അവനെ അനുസരിക്കുന്ന സ്ത്രീയാകുന്നു. അതുപോലെ അവന്റെ കല്പനയെ ധിക്കരിക്കുന്ന ഒരു സ്ത്രീയെക്കാൾ ഉത്തമൻ അവനെ അനുസരിക്കുന്ന പുരുഷനാകുന്നു. രണ്ടു പേരെയും സൃഷ്ടിച്ചത് അല്ലാഹുവാണെന്നതിനാൽ അവന്റെ ബന്ധം കേവലം പുരുഷനുമായിട്ടോ അല്ലെങ്കിൽ സ്ത്രീയുമായിട്ടോ അല്ല. മറിച്ച്, അവന്റെ ദൃഷ്ടിയിൽ രണ്ടു പേരും സമന്മാരാണ്. അതിനാൽ അവൻ അയച്ച കല്പനകൾ കേവലം പുരുഷന്മാർക്കായിട്ടല്ല. മറിച്ച് സ്ത്രീകൾക്കും വേണ്ടിയിട്ടാണ്...

**കലിമയെ പോലും അറിയാത്തവർ**

നമ്മുടെ അടുക്കൽ ബയ്അത്ത് ചെയ്യാൻ വരുന്ന പല സ്ത്രീകൾക്കും കലിമ ശഹാദത്ത് പോലും അറിയില്ല. കലിമ ശഹാദത്ത് എത്ര ചെറിയ വാക്യമാണ്. അത്ര ചെറിയ വാക്യത്തിൽ മുഴുവൻ ശരീഅത്തിന്റെയും സംക്ഷിപ്തം അടങ്ങിയിരിക്കുന്നു എന്നത് അല്ലാഹുവിന്റെ എത്ര മഹത്തായ അനുഗ്രഹമാണ്. എന്നാൽ സ്ത്രീകൾ ധാരാളം വ്യർഥമായ കവിതകൾ ഓർത്തുവെക്കുന്നു, കഥകളും വൃത്താന്തങ്ങളും അറിയുന്നു. എന്നാൽ ധാരാളം പേരെ കലിമ ചൊല്ലിപ്പിക്കുമ്പോൾ അത് അറിയാത്തവരായി കാണുന്നു...

**പകുതി ദീൻ സ്ത്രീകൾ മുഖേന**

നബി(സ) യുടെ കാലഘട്ടത്തിലേക്ക് നോക്കുകയാണെങ്കിൽ എപ്രകാരം പുരുഷന്മാർ മുഖേന നമ്മിലേക്ക് ദീൻ എത്തിയിട്ടുണ്ടോ അതു പോലെ തന്നെ സ്ത്രീകൾ മുഖേനയും എത്തിയിട്ടുണ്ടെന്ന് മനസ്സിലാകും. ഹദ്റത് അബൂബക്കർ(റ) ൽ നിന്ന് അല്ലെങ്കിൽ ഹദ്റത് ഉമർ(റ) ൽ നിന്ന് അല്ലെങ്കിൽ ഹദ്റത് ഉസ്മാൻ(റ) ൽ നിന്ന് അല്ലെങ്കിൽ ഹദ്റത് അലി(റ) ൽ നിന്ന് അല്ലെങ്കിൽ ഹദ്റത് അബൂഹുറയ്റ(റ) ൽ നിന്ന് അല്ലെങ്കിൽ മറ്റേതെങ്കിലും സഹാബിയിൽ നിന്ന് നബി (സ) ഇങ്ങനെ പറയുന്നതായി കേട്ടെന്ന് ഹദീസിൽ വായിക്കുമ്പോൾ അതോടൊപ്പം തന്നെ ഹദ്റത് ആയിശ(റ) ൽ നിന്ന് അല്ലെങ്കിൽ ഹദ്റത് ഹഫ്സ(റ) ൽ നിന്ന് അല്ലെങ്കിൽ ഹദ്റത് ഉമ്മെ സൽമ(റ) ൽ നിന്ന് നബി (സ) ഇങ്ങനെ പറഞ്ഞതായി കേട്ടു എന്ന് വായിക്കുന്നു... പകുതി ദീൻ പുരുഷന്മാരിൽ നിന്ന് ലഭിച്ചപ്പോൾ പകുതി ദീൻ സ്ത്രീകളിലൂടെ നമുക്ക് ലഭിച്ചു... ശരീഅത്തിന്റെ പുരുഷനുമായി ബന്ധപ്പെട്ട ഭാഗം പുരുഷന്മാരിൽ നിന്ന് പഠിച്ചപ്പോൾ സ്ത്രീകളുമായി ബന്ധപ്പെട്ട ഭാഗം സ്ത്രീകളിൽ നിന്നും പഠിച്ചു. പുരുഷന്മാരും സ്ത്രീകളും ഇക്കാര്യത്തിൽ അലസത കാണിച്ചിരുന്നുവെങ്കിൽ ദീൻ അപൂർണമാകുമായിരുന്നു.

**സ്ത്രീകൾ സമപങ്കാളികൾ**

ഇസ്‌ലാമിന്റെ ആരംഭകാലഘട്ടത്തിലേക്ക് നോക്കുകയാണെങ്കിൽ എപ്രകാരം പുരുഷന്മാർ ഇസ്‌ലാമിനെ പ്രചരിപ്പിച്ചിരുന്നുവോ അപ്രകാരം തന്നെ സ്ത്രീകളും അതിൽ പങ്കാളികളായിട്ടുണ്ടെന്ന് മനസ്സിലാക്കാം. ഏതു പോലെ പുരുഷന്മാർ ഇസ്‌ലാം പഠിച്ചിരുന്നുവോ അതേപോലെ തന്നെ സ്ത്രീകളും ഇസ്‌ലാം പഠിച്ചിരുന്നു. കൂടാതെ മുസ്‌ലിംകളിൽ വളരെ പ്രശസ്തരും പണ്ഡിതരുമായ സ്ത്രീകൾ ഉണ്ടായിട്ടുണ്ട്. റാബിഅ ബസ്വരി എന്ന് പേരുള്ള ഒരു സ്ത്രീയുണ്ടായിരുന്നു. അവർ സംസാരിക്കുമ്പോഴെല്ലാം തന്നെ വിശുദ്ധഖുർആന്റെ ആയത്തുകൾ കൊണ്ടായിരുന്നു സംസാരിച്ചിരുന്നത്. മറുപടി പറയുമ്പോഴെല്ലാം ഖുർആനിലൂടെയാണ് പറഞ്ഞിരുന്നത്. അവർക്ക് അല്ലാഹുവിൽ നിന്നുള്ള സ്വപ്നദർശനങ്ങളും വെളിപാടുകളും ലഭിക്കുമായിരുന്നു. അപ്രകാരം അല്ലാഹുവിന്റെ സാമീപ്യം സിദ്ധിച്ച ധാരാളം സ്ത്രീകളുണ്ടായിരുന്നു.

**ജമാഅത്തിലെ സ്ത്രീകളോട് ഉപദേശം**

നമ്മുടെ ജമാഅത്തിലെ സ്ത്രീകൾ ഞങ്ങൾക്കെന്ത് ചെയ്യാൻ കഴിയും എന്ന് നിരാശപ്പെടരുത്. കാരണം പുരുഷന്മാരെ പോലെ തന്നെ സ്ത്രീകൾക്കും അല്ലാഹുവിനോട് സംസാരിക്കാൻ സാധിക്കുന്നതാണ്, പുരുഷന്മാരെ പോലെ തന്നെ സ്ത്രീകൾക്കും ലോകത്തിന് മാർഗദർശനം നൽകാൻ സാധിക്കുന്നതാണ്., പുരുഷന്മാർക്ക് ലോകത്ത് നിന്നും തിന്മയെ ദൂരീകരിക്കാൻ സാധിക്കുന്നത് പോലെ സ്ത്രീകൾക്കും കഴിയുന്നതാണ്. ദീനിന്റെ കാര്യത്തിൽ പുരുഷന്മാരിലും സ്ത്രീകളിലും യാതൊരു വ്യതിരിക്തതയും ഇല്ലതന്നെ. സ്ത്രീകൾക്കും പുരുഷന്മാരെ പോലെ തന്നെ ദീനിനെ സേവിക്കാൻ സാധിക്കുന്നാണ്. പുരുഷന്മാരിലും സ്ത്രീകളിലും അല്ലാഹു ഒരേ പോലുള്ള കഴിവുകളാണ് വെച്ചിരിക്കുന്നത്.

(സ്ത്രീകളോടുള്ള അഭിസംബോധന: 8.7.1915)

ചരിത്രപഥം

ഡോ: ഇഫ്തിഖാർ അഹ്മദ് അയാസ്, ലണ്ടൻ

# സ്വപ്നം മുഖേന ദൈവീക സഹായം



സർവ്വ ശക്തനായ ദൈവത്തിന്റെ പിന്തുണയും അംഗീകാരവും വ്യത്യസ്ത മാർഗ്ഗേണയാണ് പ്രചാരണരംഗത്ത് ഉണ്ടാവുന്നത്. ഇവയിൽ ഒന്ന് സ്വപ്നങ്ങളും ദർശനങ്ങളും മുഖേനയുള്ള സഹായമാണ്.

ഇവിടെ അത്തരത്തിലുള്ള ഒരു സംഭവമാണ് വിവരിക്കാൻ ഉദ്ദേശിക്കുന്നത്.

പശ്ചിമാഫ്രിക്കയിലെ പ്രഥമ മിഷനറിയായ ഹദ്റത് മൗലാന അബ്ദുറഹീം നയ്യിർ(റ) ഒരിക്കൽ നൈജീരിയയുടെ തലസ്ഥാനമായ ലംഗോസിലെ അനഹ്ദികളുടെ കേന്ദ്ര മസ്ജിദ് സന്ദർശിക്കുകയുണ്ടായി. ഇത് 1921 ആയിരുന്നു അപ്പോൾ അവിടെ സന്നിഹിതരായിരുന്നവരിൽ ഒരാൾ ഇപ്രകാരം പറഞ്ഞു, പള്ളിയിലെ മുൻ ഇമാമായിരുന്ന അൽഫാ അയനാമോ താൻ മരിക്കുന്നതിനു മുമ്പ് ഞങ്ങളോട് ഒരു സ്വപ്നം കണ്ടതായി പറഞ്ഞിരുന്നു. ആ സ്വപ്നത്തിൽ അദ്ദേഹം ഇമാം മഹ്ദി (അ) യെ കാണുകയും തനിക്ക് നേരിട്ട് ഇവിടെ വരാൻ സാധിക്കില്ലെന്നും തന്റെ അനുചരന്മാരിൽ ഒരാൾ ഇവിടെ വന്ന് മുസ്‌ലീംകളെ നേർവഴിയിലാക്കുമെന്ന് ഇമാം മഹ്ദി(അ) തന്നോട് പറഞ്ഞതായി അൽഫാ അയനാമോ ഞങ്ങളോട് പറഞ്ഞിരുന്നു. പള്ളിയിൽ സന്നിഹിതരായവർ ഒന്നടങ്കം അദ്ദേഹത്തിന്റെ പ്രസ്താവന ശരിയാണെന്ന് ഏക സ്വരത്തിൽ പറഞ്ഞു.

വാഗ്ദത്ത മസീഹ് (അ) ന്റെ ശിഷ്യനാവാനുള്ള ബഹുമതി സിദ്ധിച്ച ഹദ്റത് മൗലാനാ അബ്ദുറഹീം നയ്യിർ(റ) പറയുന്നു, "ഈ കഥ കേട്ടപ്പോൾ ഞാൻ എത്രമാത്രം ഭാഗ്യവാനാണെന്നോർത്തപ്പോൾ ആനന്ദാതിരേകത്താൽ എന്റെ നയനങ്ങളിൽ നിന്ന് അശ്രുക്കൾ ഇറ്റി വീണു.

ഈ സംഭവത്തിന്റെ പിറ്റേന്ന് പള്ളിയുടെ രണ്ടു പ്രതിനിധികൾ അദ്ദേഹത്തെ സന്ദർശിക്കുകയും ഞങ്ങളുടെ സമുദായത്തിന്റെ എല്ലാവരും അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നുവെന്ന സന്ദേശം എത്തിക്കുകയും ചെയ്തു. മുഴുവൻ സമുദായത്തെയും അവരുടെ പ്രധാന ഇമാമും ബൈഅത്തു ചെയ്യാൻ വരണമെന്ന് ഹദ്റത് മൗലാന നയ്യിർ (റ) അവരോട് പറഞ്ഞു, അങ്ങനെ, മുഴുവൻ സമുദായംഗങ്ങളും പതിനായിരം ആളുകൾ ഒരേ സമയം ബൈഅത്തു ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചു.

*(Faith-Inspiring Incidents of Heavenly Support in the Field of Preaching, pp 9,10)*

(***The Devotion of Life - Its Importance and Blessings***)

സമ്പാ: കെ.വി.ഹസ്സൻകോയ

---

**ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ) പറയുന്നു: ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ വഫാത്തായ പിറ്റേ ദിവസം അഹ്മദിയ്യാ ജമാഅത്തിലെ ജനങ്ങൾ ചേർന്ന് കൊണ്ട് എന്റെ ഖിലാഫത്തിനെ അംഗീകരിച്ചത് കൊണ്ടല്ല ഞാൻ ഖലീഫയായത്. മറിച്ച് എന്റെ ഖിലാഫത്തിന് മുമ്പേ തന്നെ ഞാൻ ഖലീഫയാകുമെന്ന് ഹദ്റത് മസീഹ് മൗഊദ്(അ) നെ അല്ലാഹു ഇൽഹാം മുഖേന അറിയിച്ചിട്ടുള്ളതിനാലും ഞാൻ ഖലീഫയാണ്. ആയതിനാൽ, ഞാൻ ഖലീഫയല്ല, വാഗ്ദത്ത ഖലീഫയാണ്. ഞാൻ ദൈവനിയോഗിതനല്ലെങ്കിലും എന്റെ ശബ്ദം ദൈവത്തിന്റെ ശബ്ദമാണ്. അല്ലാഹു ഹദ്റത് മസീഹ് മൗഊദ് (അ) ലൂടെ ഇക്കാര്യം അറിയിച്ചിട്ടുണ്ടായിരുന്നു. ഈ ഖിലാഫത്തിന്റെ സ്ഥാനം ദൈവനിയോഗത്തിനും ഖിലാഫത്തിനുമിടയിലാണ്. അഹ്മദിയ്യാ ജമാഅത്തിന് പാഴാക്കിക്കളയേണ്ട സന്ദർഭമല്ലിത്. പിന്നീട് ദൈവസമക്ഷം തലകുനിക്കേണ്ടിവരും. പ്രവാചക നിയോഗം ദിനംപ്രതി സംഭവിക്കുന്നില്ല. അതു പോലെത്തന്നെയാണ് വാഗ്ദത്ത ഖലീഫയുടെ ആഗമനവും** **(റിപ്പോർട്ട് മജ്‌ലിസ് മുശാവറാത്ത്)**

---

**ശതാബ്ദം**

**1914 ഫെബ്രുവരി**

**എസ്**

▶ ഹുസൂർ പറഞ്ഞു: അല്ലാഹു അദ്ദേഹത്തിന് ആഫ്രിക്കയിൽ ജമാഅത്ത് വ്യാപിക്കുമെന്നുള്ള സുവാർത്ത നൽകിയിരിക്കുന്നു.

▶ ഡോക്ടർമാരുടെ നിർദ്ദേശ പ്രകാരം ഹുസൂർ മുഹമ്മദ് അലി ഖാൻ സാഹിബിന്റെ "ദാറുസ്സലാം" എന്ന ബംഗ്ലാവിലേക്ക് താമസം മാറി.



# ഇമാമുസമാന്റെ ഫത്‌വകൾ

## നമസ്കാരത്തിൽ സ്വന്തം ഭാഷയിൽ ദുആ ചെയ്യൽ

എല്ലാ ഭാഷയും അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതാണ്. മനുഷ്യന് തനിക്ക് ഏറ്റവും നല്ല വണ്ണം അറിയാവുന്ന ഭാഷയിൽ നമസ്കാരത്തിൽ ദുആ ചെയ്യേണ്ടതാണ്. കാരണം അതിന്റെ പ്രഭാവം ഹൃദയത്തിൽ ഉണ്ടാവുന്നു. തന്മൂലം വിനയവും, ഭയഭക്തിയും ഉണ്ടാകുന്നതാണ്. ദൈവീക വചനങ്ങൾ അറബിയിൽ ചൊല്ലുക. അതിന്റെ അർത്ഥം ഓർത്തിരിക്കുക. പ്രാർത്ഥന നിസ്സംശയം സ്വന്തം ഭാഷയിൽ ചെയ്യുക. നമസ്കാരം വളരെ ധൃതിയിൽ അനുഷ്ഠിക്കുകയും, അതിനു ശേഷം ദൈർഘ്യമേറിയ ദുആകൾ ചെയ്യുന്നവർ യാഥാർത്ഥ്യം തിരിച്ചറിഞ്ഞിട്ടില്ല. ദുആയുടെ സമയം നമസ്കാരമാകുന്നു. നമസ്കാരത്തിൽ വളരെയധികം ദുആ ചെയ്യുക.

(ബദർ,1-8-1907, ബദർ,2-8-1907)

ഒരാൾ ചോദിച്ചു, ഹുസൂർ. ഇമാം തന്റെ ഭാഷയിൽ ഉച്ചത്തിൽ ദുആ ചെയ്യുകയും പിന്നിൽ ആമീൻ പറയുന്നതും അനുവദനീയമാണോ? ഹുസൂർ പറഞ്ഞിട്ടുള്ളത് സ്വന്തം ഭാഷയിൽ ദുആ ചെയ്യാനാണല്ലോ?

**ഹുസൂർ:** ദുആ ഉയർന്ന ശബ്ദത്തിൽ ചെയ്യേണ്ട ആവശ്യമെന്താണ്. അല്ലാഹു പറയുന്നത് തളർറുഅൻ വ ഖുഫിയത്തൻ, ദൂനൽ ജഹ്റ മിനൽ ഖൗലി എന്നാണ്. ചോദിക്കപ്പെട്ടു, ഖുനൂത്ത് ഒച്ചത്തിൽ ചൊല്ലാറുണ്ടല്ലോ? അതിനു മറുപടിയായി പറഞ്ഞു, അത് ശരിയാണ്, ഖുർആനിലും, ഹദീസിലും വന്നിട്ടുള്ള ദുആകൾ സംശയലേശമന്യേ ചൊല്ലാവുന്നതാണ്. മറ്റു ദുആ കൾ ഓരോരുത്തരുടെയും അവസ്ഥയും താല്പര്യവുമനുസരിച്ചായിരിക്കും, അത് മനസ്സിൽ തന്നെ ചൊല്ലേണ്ടതാണ്.

(അൽബദർ, 1-8-1907)

## നമസ്കാരത്തിൽ ദുആയുടെ സ്ഥാനങ്ങൾ

നമസ്കാരത്തിൽ തന്നെ -സുജൂദിലും, ഇരുന്നുകൊണ്ടും, റുക്കൂഇലും -സ്വന്തം ഭാഷയിൽ അല്ലാഹുവിന്റെ സവിധത്തിൽ ദുആ ചെയ്യുക. നിന്നു കൊണ്ടും എല്ലാ സ്ഥാനത്തും അല്ലാഹുവിന്റെ സവിധത്തിൽ ദുആ ചെയ്യുക. നിസംശയം പഞ്ചാബിയിൽ ദുആ ചെയ്യാവുന്നതാണ്. ഭാഷ അറബിയല്ലാത്തവർക്കും അറബി ഭാഷ മനസിലാക്കാൻ കഴിയാത്തവർക്കും വിശുദ്ധഖുർആനിലും സുന്നത്തിലും പെട്ട ദുആകൾ ചൊല്ലിയതിനു ശേഷം നമസ്കാരത്തിൽ തന്നെ സ്വന്തം ഭാഷയിൽ അല്ലാഹുവിനോട് ദുആ ചെയ്യേണ്ടത് അനിവാര്യമാണ്. അറബിയിലെ പ്രാർത്ഥനകളുടെയും, ഖുർആൻ ശരീഫിന്റെയും അർത്ഥം പഠിക്കേണ്ടതാണ്. നമസ്കാരം മൂകനെ പോലെ അനുഷ്ഠിക്കരുത്. മറിച്ച് അതിന്റെ അർത്ഥത്തിൽ നിന്നും യാഥാർത്ഥ്യത്തിൽ നിന്നും ദിവ്യജ്ഞാനം കരസ്ഥമാക്കുക. ഞങ്ങൾ നിന്റെ പാപികളായ ദാസൻമാരാണ്, ഇച്ഛകൾക്ക് അടിപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഞങ്ങൾക്ക് പൊറുത്ത് തരേണമേ, ഇഹപരലോകത്തിന്റെ ആപത്തുകളിൽനിന്ന് ഞങ്ങളെ രക്ഷിക്കേണമേ എന്നും അല്ലാഹുവിനോട് ദുആ ചെയ്യുക. (അൽഹക്കം-31-3-1906)

## ദീനീ സേവനങ്ങൾ

**മൗലാനാ അത്വാഉൽ മുജീബ് സാഹിബ് റാശിദ്, ഇമാം മസ്ജിദ് ഫദ്ൽ ലണ്ടൻ**

ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) യുവത്വത്തിലേക്ക് കാലെടുത്തു വെച്ച ഉടൻ സ്വയം തന്നെ ദീനീ സേവനത്തിനായി സമർപ്പിക്കുകയുണ്ടായി. ഈ അനുഗൃഹീത ജിഹാദ് അദ്ദേഹത്തിന്റെ മുഴുവൻ ജീവിതത്തിലും വ്യാപിച്ച് കിടക്കുന്നതായി കാണാവുന്നതാണ്. 1906 ൽ 17 -ാം വയസ്സിൽ അദ്ദേഹം സദ്ർ അഞ്ചുമൻ അഹ്മദിയ്യായിൽ അംഗമെന്ന നിലയിൽ നിയമിതനായി. അതേ വർഷം തന്നെ അദ്ദേഹം ജൽസാ സാലാനയിൽ ആദ്യപ്രഭാഷണം നടത്തി. 1910ൽ ആദ്യ ഖുത്വുബ ജുമുആ നൽകി. 1912 ൽ അദ്ദേഹം അറേബ്യ സന്ദർശിച്ചു. ഈ യാത്രാവേളയിൽ പരിശുദ്ധ ഹജ്ജ് കർമം നിർവഹിക്കുന്നതിനും മക്കാ ഭരണാധികാരികളെ സന്ദർശിക്കുന്നതിനുമുള്ള സൗഭാഗ്യം അദ്ദേഹത്തിന് ലഭിച്ചു. ഈ യാത്രയിൽ അദ്ദേഹം മിസ്റും സന്ദർശിച്ചു. 1913 ൽ അദ്ദേഹത്തിന്റെ കരങ്ങളാൽ അൽഫദ്ൽ പത്രത്തിന് സമാരംഭം കുറിച്ചു.

## ബഹുവചനമായി ഉപയോഗിക്കുക

ചോദ്യം: ഞാൻ ഒരു പള്ളിയിലെ ഇമാമാണ്. മനുഷ്യന്റെ വ്യക്തിപരമായ കാര്യങ്ങൾക്കു വേണ്ടിയുള്ള ചില ദുആകളിൽ പ്രയുക്തമായിട്ടുള്ള ഏകവചനകർത്താവിന്റെ രൂപത്തെ ബഹുവചനരൂപത്തിൽ ചൊല്ലിക്കൊണ്ട് തന്റെ ദുആകളിൽ പിന്നിൽ നിൽക്കുന്നവരെയും ഉൾപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിന് എന്താണ് മതവിധി?

ഉത്തരം: വിശുദ്ധ ഖുർആനിലെ പ്രാർത്ഥനകളിൽ മാറ്റങ്ങൾ അനുവദനീയമല്ല. കാരണം അത് അല്ലാഹുവിന്റെ വചനങ്ങളാകുന്നു. ഖുർആനിൽ ഉള്ളതുപ്പോലെതന്നെ അവ ചൊല്ലേണ്ടതാണ്. എന്നാൽ ഹദീസിൽ വന്നിട്ടുള്ള ദുആകളിൽ ഏകവചനത്തിനു പകരം ബഹുവചനം ചൊല്ലാവുന്നതാണ്.

(ബദർ- 4-4-1907)


(ഫത്താവാ അഹ്മദിയ്യ)

വിവ:മുഹമ്മദ് നജീബ് ഖാൻ,വാഴക്കാല.

# അൽമുസ്‌ലിഹ് മൗഊദ് (റ) ന്റെ വ്യക്തിത്വം

## രൂപഭംഗി

**തെളിഞ്ഞ ഗോതമ്പ് നിറം, മുഖം പൗരുഷസൗന്ദര്യത്തിന്റെ പ്രതിബിംബം, വിരിഞ്ഞ മാറ്, മെലിഞ്ഞ മൂക്ക്, പകുതി അടഞ്ഞ തിളങ്ങുന്ന ചുറ്റുപാടുമുള്ള ഓരോ വസ്തുക്കളെയും ചലനങ്ങളെയും നിരീക്ഷിച്ചു കൊണ്ടിരിക്കുന്ന വലിയ കണ്ണുകൾ, ഒത്ത ഉയരം, ബലിഷ്ഠമായ ശരീരം, വേഗത്തിലുള്ള നടത്തം എന്നിവ അദ്ദേഹത്തിന്റെ സവിശേഷതയാണ്. അദ്ദേഹം കണ്ണുയർത്തി ശ്രദ്ധയോടെ നോക്കുമ്പോൾ ആ സൂക്ഷ്മ ദൃഷ്ടികൾ ഹൃദയത്തിന്റെ പാതാളങ്ങളിൽ വരെ എത്തുമായിരുന്നു.**



### വസ്ത്രധാരണം

ലളിതമായ വസ്ത്രധാരണം. ഖദറിന്റെ വസ്ത്രവും ധരിക്കുമായിരുന്നു. തലപ്പാവ് 10 മീറ്ററായിരുന്നതിനാൽ നേർത്ത തുണിയുടേതായിരുന്നു. വസ്ത്രം മോടിയാക്കുന്നതിലേക്ക് പ്രത്യേക ശ്രദ്ധയുണ്ടായിരുന്നില്ല.

### തൊപ്പി ധരിക്കുന്ന ശീലം

ചെറുപ്പം മുതൽ തൊപ്പി ധരിക്കുമായിരുന്നു. ഒരിക്കൽ പെരുന്നാൾ ദിവസം തൊപ്പി ധരിച്ചിരുന്ന അദ്ദേഹത്തോട് മസീഹ് മൗഊദ് (അ) ചോദിച്ചു, മിയാൻ പെരുന്നാൾ ദിവസവും തൊപ്പിയാണോ ധരിക്കുന്നത്. അദ്ദേഹം അന്നേരം തന്നെ തൊപ്പി അഴിക്കുകയും തലപ്പാവ് ധരിക്കുകയും ചെയ്തു. ഏതാനും നാളുകൾക്ക് ശേഷം അദ്ദേഹം തൊപ്പി ധരിക്കുന്നത് എന്നെന്നേക്കുമായി ഉപേക്ഷിച്ചു.

### കളികൾ

കുട്ടിക്കാലത്ത് അവിടെ നിലവിലുണ്ടായിരുന്ന കളിയിൽ അദ്ദേഹവും ഭാഗഭാക്കായിരുന്നു. വിദ്യാഭ്യാസ കാലഘട്ടത്തിലും അതിനു ശേഷവും അദ്ദേഹത്തിന്റെ ഇഷ്ട കളികൾ ബാഡ്മിന്റനും ഫുട്ബോളുമായിരുന്നു. അത് ഖിലാഫത്ത് പദവിയിൽ അവരോധിതനാകുന്നതിന് മുമ്പ് വരെ കളിച്ചിരുന്നു. ഇത് കൂടാതെ നായാട്ടിലും താൽപര്യം ഉണ്ടായിരുന്നു. വഞ്ചിതുഴയലിലും നീന്തലിലും ഏർപ്പെട്ടിരുന്നു.

### വേഗത്തിൽ എഴുന്നതിനുള്ള കഴിവ്

ഹുസൂർ (റ) പറയുന്നു, അല്ലാഹുവിന്റെ അനുഗ്രഹത്താൽ എനിക്ക് വളരെ വേഗത്തിൽ എഴുതാൻ കഴിയും. വളരെ വേഗത്തിൽ എഴുതാൻ കഴിവുള്ളവർ വേറെയും ഉണ്ടാകാം. എന്നാൽ എന്നെക്കാൾ വേഗത്തിൽ എഴുതുന്ന ആരെയും ഞാൻ കണ്ടിട്ടില്ല. ഒരു വിഷയസംബന്ധമായി 100,125 പേജുകൾ വരെ ഒരു ദിവസം എനിക്ക് എഴുതാൻ സാധിക്കുന്നതാണ്.

### ദൈവദത്തമായ ഓർമശക്തി

ഹുസൂർ (റ) പറയുന്നു, എന്റെ ഓർമശക്തി ദുർബലമാണ്. ദൈർഘ്യമുള്ള കാര്യങ്ങളൊന്നും ഓർമയിൽ നിൽക്കില്ല. ഞാൻ അനേകം കവികളുടെ കവിതകൾ വായിച്ചിട്ടുണ്ട്. എന്നാൽ ഏതാനും കവിതകൾ മാത്രമേ എനിക്ക് ഓർമയുള്ളൂ. വിശുദ്ധഖുർആൻ ആയിരക്കണക്കിന് തവണ പാരായണം ചെയ്തിട്ടുണ്ട്. എന്നാൽ ആവശ്യം വരുമ്പോൾ എനിക്ക് ആയത്തിന്റെ പകുതിയേ ഓർമയിൽ ഉണ്ടായിരിക്കുകയുള്ളൂ. എന്നാൽ സംഭവങ്ങൾ ഞാൻ മറക്കില്ല. എനിക്ക് കത്തുകൾ വരാറുണ്ട്. ചിലപ്പോൾ പ്രൈവറ്റ് സെക്രട്ടറി പത്തും പതിനഞ്ചും ദിവസങ്ങൾക്കു ശേഷം കത്തുകളുടെ സംക്ഷിപ്തം എന്റെ പക്കൽ സമർപ്പിക്കുമായിരുന്നു. എന്നാൽ ചില കത്തുകളുടെ വരികൾ തെറ്റാണെന്ന് ഞാൻ പറയുമായിരുന്നു. യഥാർഥ കത്ത് കൊണ്ടു വന്ന് നോക്കുമ്പോൾ ഞാൻ പറഞ്ഞതാണ് ശരി എന്ന് കാണുമായിരുന്നു.

അദ്ദേഹത്തിന്റെ പത്നി മർയം സിദ്ധീഖ സാഹിബ പറയുന്നു, ഓർമശക്തി വളരെ ഉന്നതമായിരുന്നു. ഒരിക്കൽ ഒരാളെ കണ്ടാൽ പിന്നെ മറക്കില്ലായിരുന്നു. വർഷങ്ങൾക്കു ശേഷം കണ്ടുമുട്ടുന്നവർ അവരുടെ പേരോ ഗ്രാമമോ പറഞ്ഞാൽ അവരുടെ പിതാക്കന്മാരുടെ പേരും, വീട്ടിലെ അവസ്ഥകളും വരെ അദ്ദേഹം പറയുമായിരുന്നു. അത് കേൾക്കുമ്പോൾ അവർ തന്നെ അൽഭുതപ്പെടുമായിരുന്നു.

കത്തുകൾ വളരെ വേഗത്തിലാണ് വായിക്കുന്നത്. ഓടിച്ച് വായിക്കുകയാണെന്നാണ് കേൾക്കുന്നവർ കരുതുക. എന്നാൽ ഒറ്റനോട്ടത്തിൽ തന്നെ കത്തെഴുതുന്ന വ്യക്തിയുടെ പേരും കത്തിന്റെ സംക്ഷിപ്തവും മനസ്സിൽ പതിയുമായിരുന്നു. പിന്നീടെപ്പോഴെങ്കിലും അതേ വ്യക്തിയുടെ കത്ത് വന്നാൽ മുൻപത്തെ കത്തിനെ സംബന്ധിച്ച് പറയുമായിരുന്നു. ഒരു വസ്തു എവിടെയെങ്കിലും വെച്ചാൽ അത് നാളുകൾക്ക് ശേഷവും കൃത്യമായി പറയുമായിരുന്നു.

### ശിക്ഷണം സ്വീകരിക്കുന്നതിനുള്ള ക്ഷമത

മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു, കുട്ടിക്കാലത്ത് ചിലർ നൽകിയ ശിക്ഷണത്തിന്റെ സ്വാധീനം ഇപ്പോഴും എന്നിൽ ഉണ്ട്. പ്രസ്തുത സംഭവം ഓർമയിൽ വരുമ്പോൾ അവർക്കായി ഹൃദയത്തിൽ നിന്നും ദുആ പുറപ്പെടുന്നു. ഒരിക്കൽ ഞാൻ ഒരു കുട്ടിയുടെ തോളിൽ കൈമുട്ട് വെച്ച് ചാരി നിൽക്കുകയായിരുന്നു. അന്നേരം മാസ്റ്റർ ഖാദർ ബഖ്ശ് സാഹിബ് (റ) എന്നോട് പറഞ്ഞു, ഇത് വളരെ മോശമായ കാര്യമാണ്. അന്ന് എന്റെ പ്രായം 12 ഓ 13 ഓ ആയിരുന്നു. എന്നാൽ ഈ സംഭവം എന്റെ മനസിൽ വരുമ്പോഴെല്ലാം അദ്ദേഹത്തിനായി ദുആ പുറപ്പെടുന്നു.

## വാസനശക്തി


ഹുസൂർ (റ) പറയുന്നു, എന്റെ വാസനശക്തി അസാധാരണമായ നിലയിൽ ശക്തമാണ്. പാല് കണ്ടാൽ ആ പശുവോ എരുമയോ എന്ത് പുല്ലാണ് തിന്നത് എന്ന് വരെ എനിക്ക് മനസ്സിലാകുമായിരുന്നു. അതിനാൽ എന്റെ അടുത്ത് അല്പം പോലും ദുർഗന്ധമുള്ള വസ്തു ഉണ്ടെങ്കിൽ ഞാൻ വളരെ അസ്വസ്ഥനാകുമായിരുന്നു. എന്നെ അറിയുന്നവർ ഞാൻ പള്ളിയിലേക്ക് പ്രവേശിക്കുമ്പോൾ തന്നെ ജനലുകളും മറ്റും തുറന്നിടുമായിരുന്നു. അത് അടഞ്ഞ് കിടന്നാൽ എനിക്ക് ശ്വസം മുട്ടുമായിരുന്നു. ഞാൻ എപ്പോഴും അധികമായി അത്തർ ഉപയോഗിച്ചിരുന്നു.



## പ്രഭാഷണകല

പറയുന്നു, ഹദ്റത് മസീഹ് മൗഊദ് (അ) നെ അല്ലാഹു സുൽതാനുൽ ഖലം ആയിട്ടാണ് പ്രഖ്യാപിച്ചത്. അതിന് പകരമായി അല്ലാഹു എനിക്ക് വളരെയധികം സംസാരിക്കുന്നതിനുള്ള അവസരം നൽകിക്കൊണ്ട് എന്നെ സുൽതാനുൽ ബയാൻ ആക്കി.

മിർസാ മുസഫർ അഹ്മദാ സാഹിബ് പറയുന്നു, ഹുസൂർ ഉന്നത നിലവാരമുള്ള പ്രഭാഷകനായിരുന്നു. ഞാൻ ലോകത്ത് ധാരാളം യാത്ര ചെയ്തിട്ടുണ്ട്, ധാരാളം പ്രശസ്തരായ നേതാക്കന്മാരുടെ പ്രഭാഷണങ്ങൾ ശ്രവിച്ചിട്ടുണ്ട്. എന്നാൽ അവരാരും തന്നെ പ്രഭാഷണത്തിൽ ഹുസൂറിന്റെ അടുത്തെത്തിയതായി കണ്ടിട്ടില്ല. ഹുസൂർ പ്രഭാഷണത്തിലൂടെ പർവതങ്ങളെ പോലും ചലിപ്പിക്കുമെന്നാണ് പറയപ്പെടുന്നത്. ഇതിന് ജമാഅത്തിലെ ലക്ഷക്കണക്കിന് ആളുകൾ സാക്ഷിയാണ്. ഹുസൂർ ശ്രോതാക്കളെ മാന്ത്രികനെ പോലെ കയ്യിലെടുക്കുമായിരുന്നു.



## വ്യക്തിപരമായ താൽപര്യങ്ങൾ

കൂടുതൽ താൽപര്യം യാത്രയും നായാട്ടുമായിരുന്നു. ജൽസാ സാലാനയ്ക്ക് ശേഷം ക്ഷീണം അകറ്റാൻ പലപ്പോഴും നായാട്ടിന് പോകുമായിരുന്നു. കുതിരസവാരി വളരെ ഇഷ്ടമായിരുന്നു. നല്ലൊരു കുതിരസവാരിക്കാരനായിരുന്നു. തന്റെ മക്കളെയും പത്നിമാരെയും കുതിരസവാരി പഠിപ്പിച്ചിരുന്നു. പലരെയും തോക്ക് ഉപയോഗിക്കാൻ പഠിപ്പിച്ചിട്ടുണ്ട്. നല്ല നീന്തൽക്കാരനായിരുന്നു.

നാട്ടുമരുന്നിലും ഹോമിയോയിലും താൽപര്യം ഉണ്ടായിരുന്നു. രണ്ട് രീതിയിലും ചികിൽസിക്കുമായിരുന്നു. അത്തർ ഉണ്ടാക്കുന്നതും അദ്ദേഹത്തിന്റെ ഇഷ്ട വിനോദമായിരുന്നു. ഉലാത്തുന്ന ശീലമുായിരുന്നു. മണിക്കൂറുകളോളം അങ്ങോട്ടും ഇങ്ങോട്ടും ഉലാത്തികൊണ്ട് എഴുതുകയോ വായിക്കുകയോ ചെയ്യുമായിരുന്നു. കൃഷിപ്പണിയോടുള്ള താൽപര്യം പാരമ്പര്യമായി ലഭിച്ചിരുന്നു.

## ധൈര്യശാലി

അബ്ദുൽ ഹക്കീം സാഹിബ് പറയുന്നു, ഞാനും ഡോക്ടർ മുനീർ സാഹിബും അതിഥിമന്ദിരത്തിൽ തങ്ങിയ ഒരു ദിവസം അർദ്ധരാത്രി തോടിനപ്പുറത്തുള്ള സയ്യദ് സർവർശാഹ് സാഹിബിന്റെ വീട്ടിനടുത്ത് നിന്ന് കള്ളൻ കള്ളൻ എന്നുള്ള അലർച്ച കേട്ടു. ഞാനും ഡോക്ടർ സാഹിബും ഉടൻ അവിടേക്ക് ഓടിയെത്തി. ഞങ്ങളായിരിക്കും സംഭവസ്ഥലത്ത് ആദ്യം എത്തുക എന്ന് ധരിച്ചു. എന്നാൽ അവിടെ എത്തിയപ്പോൾ ഞങ്ങളേക്കാൾ മുന്നിൽ ഹുസൂർ (റ) അവിടെ എത്തിയതായി കണ്ടു.

നമസ്കാരത്തിനിടയിൽ ഹുസൂർ (റ) നുമേൽ ആക്രമണം ഉണ്ടാകുകയും കത്തി കൊണ്ടുള്ള കുത്തിൽ മാരകമായി മുറിവേൽക്കുകയും ചെയ്തിരുന്നു. അന്നേരം ഡോക്ടർമാർ ഉടൻ ഒരു ഓപ്പറേഷൻ ചെയ്യണമെന്നും അതിനായി മയങ്ങുന്നതിനുള്ള മരുന്ന് കുത്തിവെക്കണമെന്നും പറഞ്ഞു. എന്നാൽ ഹുസൂർ അത് നിരാകരിച്ചു. ബോധം ഉള്ള അവസ്ഥയിൽ തന്നെ വളരെ ധൈ ര്യവും സഹനവും പ്രകടിപ്പിച്ചു കൊണ്ട് ഓപ്പറേഷന് വിധേയനാകുകയുണ്ടായി.

## ശുചിത്വം

ഹുസൂർ(റ) ന്റെ പ്രകൃതം വളരെ ശുചിത്വം ആഗ്രഹിക്കുന്നതായിരുന്നു. ലളിതവും വൃത്തിയുള്ളതുമായ വസ്ത്രങ്ങളാണ് ധരിച്ചിരുന്നത്. നല്ല നിലവാരമുള്ള സോപ്പാണ് ഉപയോഗിച്ചിരുന്നത്. സ്വയം തനിക്ക് വേണ്ടി അമിതമായി ചെലവഴിച്ചിരുന്നില്ല. തോർത്ത്മുണ്ടും നല്ല നിലവാരമുള്ളതാണ് ഉപയോഗിച്ചിരുന്നത്. നിലവാരമില്ലാത്ത തോർത്ത് മുണ്ട് തൊലിക്ക് ഹാനികരമാണെന്ന് പറയുമായിരുന്നു. മുറി എപ്പോഴും വൃത്തിയുള്ളതായിരിക്കണമെന്ന് ആഗ്രഹിച്ചിരുന്നു.

## ഭക്ഷണം

ഭക്ഷണം ലളിതമായിരുന്നു. ഭക്ഷണം ആസ്വദിച്ച് കഴിക്കുമായിരുന്നു. നിസ്സാര വസ്തുവാണെങ്കിൽ പോലും നല്ലപോലെ പാകം ചെയ്ത് സ്വാദിഷ്ടമുള്ളതായിരിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. ഭക്ഷണം പാകം ചെയ്യുന്നതിൽ താൽപര്യം കാണിച്ചിരുന്നു. പിക്നികിന് പോകുമ്പോൾ പലപ്പോഴും സ്വയം പാകം ചെയ്യുമായിരുന്നു. ചില ഭക്ഷണങ്ങൾ സ്വന്തം രീതിയിൽ തയ്യാറാക്കി അതിന് സ്വന്തമായി ഒരു പേരിടുമായിരുന്നു.

## ദരിദ്രകുട്ടികളോടുള്ള സഹാനുഭൂതി

ഒരിക്കൽ ഹുസൂർ യാത്രയിലായിരുന്നു. ഒരു ഗ്രാമത്തിൽ എത്തിയപ്പോൾ ആ ഗ്രാമത്തിലെ ധാരാളം ദരിദ്രകുട്ടികൾ ഹുസൂറിന്റെ ചുറ്റും കൂടി. ഉടൻ ഹുസൂർ കൂടെയുണ്ടായിരുന്ന വ്യക്തിയോട് കുട്ടികൾക്ക് അല്പം പണം നൽകുന്നതിനായി പറഞ്ഞു. മാത്രമല്ല ഇനി യാത്രയിലെല്ലാം തന്നെ കുറച്ച് ചെറിയ നോട്ടും പൈസയും കൂടെ കരുതുന്നതിനായി ഓർമിപ്പിക്കുകയും ചെയ്തു.

## സേവകരോടുള്ള സൽപെരുമാറ്റം

ജോലി ചെയ്യുന്നവർക്ക് ആദ്യം ഭക്ഷണം നൽകുക, പിന്നീട് സ്വയം ഭക്ഷിക്കുക എന്നതായിരുന്നു ഹുസൂറിന്റെ നിർദേശം. അവരുടെ ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം തുടങ്ങിയ എല്ലാ കാര്യങ്ങളിലും അതീവ ശ്രദ്ധ പതിപ്പിച്ചിരുന്നു. പിതാവ് കുട്ടികളോട് പെരുമാറുന്നത് പോലെയായിരുന്നു വീട്ടിലെ സേവകരോട് പെരുമാറിയിരുന്നത്. ചിലപ്പോൾ അവരോട് തമാശ പറയും, ചിലപ്പോൾ സ്നേഹത്തോടു കൂടി ഉപദേശിക്കും, ചിലപ്പോൾ വിശേഷങ്ങൾ ആരായും, ചിലപ്പോൾ ഉപഹാരങ്ങൾ നൽക ും.

## ശത്രുക്കളോട് സൽപെരുമാറ്റം

1956 ൽ ഹുസൂർ (റ) മരി താഴ്‌വരയിൽ തങ്ങിയപ്പോൾ അഹ്മദിയ്യത്തിന്റെ കഠിന ശത്രുവായ മൗലവി സഫർ അലി സാഹിബും അവിടെ ഒരു ഹോട്ടലിൽ തങ്ങിയിരുന്നു. അയാൾ രോഗിയായിരുന്നു. അതറിഞ്ഞ ഹുസൂർ ഉടൻ തന്നെ തന്റെ ഡോക്ടറോട് ഉടൻ പോയി സഫർ അലി സാഹിബിന് വേണ്ട ചികിൽസ നൽകാൻ ഉത്തരവിട്ടു. 1953 ൽ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭത്തിൽ സഫർ അലി സാഹിബിന്റെ പത്രമായ സമീന്ദാറായിരുന്നു ജമാഅത്തിനെതിരിൽ ഏറ്റവും കൂടുതൽ പരിശ്രമങ്ങൾ നടത്തിയത്.

## അന്യരുടെ വികാരങ്ങളെ മാനിക്കൽ

ഒരിക്കൽ മൂന്ന് അഹ്മദികൾ ഡൽഹൗസിയിൽ ഉല്ലാസയാത്ര നടത്തുന്നതിനിടയിൽ രാധാസ്വാമി ഗുരുവിന്റെ ക്ലാസിൽ പങ്കെടുക്കുകയുണ്ടായി. ക്ലാസിനിടയിൽ ഗുരു സാഹിബ് ഹദ്റത് നൂഹ്(അ) നെ സംബന്ധിച്ച് അനുചിതമല്ലാത്ത പരാമർശം നടത്തിയപ്പോൾ അവർ ചോദ്യം ചെയ്യുകയും അവിടെ നിന്ന് ഇറങ്ങിപ്പോരുകയും ചെയ്തു. പിന്നീട് ഗുരു സാഹിബ് ഇവരെ സംബന്ധിച്ച് ഖലീഫ സാനി(റ) ന്റെ പക്കൽ പരാതി ബോധിപ്പിച്ചു. ഹുസൂർ മൂന്ന് പേരെയും വിളിപ്പിച്ച് വഴക്ക് പറഞ്ഞു. കാരണം ചോദിച്ചപ്പോൾ അവർ ഉണ്ടായ സംഭവം പറഞ്ഞു. അപ്പോൾ ഹുസൂർ പറഞ്ഞു, നമ്മുടെ ദർസ് നടക്കുമ്പോൾ അവരുടെ ഏതെങ്കിലും യുവാവ് വന്ന് ആക്ഷേപം ഉന്നയിച്ചാൽ നിങ്ങൾക്ക് ഇഷ്ടപ്പെടുമോ? അവർ മൂവരും ഇനി മേലിൽ അത് ആവർത്തിക്കുന്നതല്ല എന്ന് പറഞ്ഞു.

---

### ഒരു ശപഥം

1939 ൽ ഹുസൂർ (റ) ഒരു ശപഥം ചെയ്യുകയും അത് ഒരു നോട്ട് പുസ്തകത്തിൽ രേഖപ്പെടുത്തി തന്റെ കോട്ടിന്റെ പോക്കറ്റിൽ എപ്പോഴും സൂക്ഷിച്ചിരുന്നു. അതിലെ വാക്കുകൾ ഇപ്രകാരമായിരുന്നു.

ഇന്ന് 14-ാം തീയതി (1939 മെയ്) ഞാൻ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് അല്ലാഹുവിനെ സാക്ഷി നിറുത്തിക്കൊണ്ട് ഇങ്ങനെ ശപഥം ചെയ്തു കൊള്ളുന്നു; ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ വംശമായ സയ്യദയിൽ നിന്ന് ആരാണോ തന്റെ ജീവിതം ജമാഅത്തിന്റെ സേവനത്തിനായി ചെലവഴിക്കാത്തത് അവരുടെ വീട്ടിൽ നിന്ന് ഞാൻ ഭക്ഷണം കഴിക്കുന്നതല്ല. അഥവാ എന്തെങ്കിലും നിർബന്ധിതാവസ്ഥയിലോ മറ്റെന്തെങ്കിലും കാരണത്താലോ ഇത് ലംഘിക്കേണ്ടി വന്നാൽ പ്രായശ്ചിത്തമായി ഒരു ദിവസത്തെ നഫൽ നോമ്പോ അല്ലെങ്കിൽ അഞ്ചു രൂപ സദഖയായോ നൽകുന്നതാണ്. ഈ ശപഥം തുടക്കത്തിൽ ഒരു വർഷത്തേക്കായിരിക്കും.

**മിർസാ മഹ്മൂദ് അഹ്മദ്**

**അല്ലാഹു അദ്ദേഹത്തിന്റെ ഈ തീക്ഷ്ണമായ ആഗ്രഹമനുസരിച്ച് അദ്ദേഹത്തിന്റെ എല്ലാ സന്താനങ്ങൾക്കും കുട്ടിക്കാലം മുതൽ തന്നെ ജീവിതം വഖ്ഫ് ചെയ്യുന്നതിനുള്ള തൗഫീഖ് നൽകുകയുണ്ടായി.**

**അവ: അഖ്ലാഖെ മഹ്മൂദ് (റ)**




# അല്ലാഹു എന്റെ സംരക്ഷകൻ

പാക്കിസ്താനിലെ പഞ്ചാബിൽ 1953 ൽ കലാപം പൊട്ടിപ്പുറപ്പെട്ടപ്പോൾ കറാച്ചിയിലെ അഹ്മദികൾ തങ്ങളുടെ പ്രിയ നേതാവായ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) ന്റെ സുരക്ഷയെ സംബന്ധിച്ച് അസ്വസ്ഥരായി. അവർ ചൗധരി മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് (റ) വുമായി കൂടിയാലോചിച്ചുകൊണ്ട് ഹുസൂറിനോട് കറാച്ചിയിലേക്ക് വരുവാനായി അഭ്യർഥിക്കാൻ തീരുമാനിച്ചു. അതിന്നായി ഒരു സംഘത്തെ രൂപീകരിച്ചു. അതിൽ ശേഖ് റഹ്മത്തുല്ലാഹ് സാഹിബ്, മേജർ ശമീം അഹ്മദ് സാഹിബ്, ചൗധരി അബ്ദുൽ മജീദ് സാഹിബ് എന്നിവർ ഉൾപ്പെട്ടിരുന്നു. ഈ സംഘം കറാച്ചിയിൽ നിന്ന് കാറിൽ റബ്‌വയിലെത്തി. തുടർന്ന് ഹുസൂർ (റ) ന്റെ സവിധത്തിൽ സന്നിഹിതരായിക്കൊണ്ട് പ്രസ്തുത നിർദേശം സമർപ്പിച്ചു. എന്നാൽ ഹുസൂർ(റ) അതിനോട് യോജിച്ചില്ല. വളരെ പ്രതാപത്തോടു കൂടി പറഞ്ഞു, "കഴിഞ്ഞ നാൽപത് വർഷമായിട്ട് എന്റെ ദൈവം എന്നെ ഒരിക്കലും കയ്യൊഴിഞ്ഞിട്ടില്ല. ഇപ്പോൾ അവൻ എന്നെ കയ്യൊഴിയുമെന്നാണോ നിങ്ങൾ കരുതുന്നത്. അല്ലാഹു എന്റെയടുത്തേക്ക് ഓടി വരികയാണ്. പരിഭ്രമിക്കേണ്ട, ഞാൻ റബ്‌വ വിടില്ല."

പിന്നീട് ഹുസൂർ (റ) തന്റെ ഒരു സ്വപ്നം വിവരിച്ചു. അതിന്റെ ചുരുക്കം ഇപ്രകാരമായിരുന്നു. ബ്രിട്ടീഷുകാർ എന്നെ ബന്ധനസ്ഥനാക്കുന്നതിനായി ശ്രമിച്ചപ്പോൾ അവരുടെ രാജാവ് മരണപ്പെട്ടു. തുടർന്ന് പറഞ്ഞു, എന്നെ ഒന്ന് തൊട്ട് നോക്കട്ടെ. അപ്പോൾ അവർക്കുണ്ടാകുന്ന ദുർഗതി കാണാം.

പ്രസ്തുത കലാപ സംബന്ധമായി മൗലാനാ അബ്ദുൽ മാലിക് സാഹിബിന്റെ മകനായ അൻവർ മഹ്മൂദ് സാഹിബ് ഒരു സംഭവം വിവരിക്കുന്നു. കലാപസമയത്ത് ചണ്ഡീഗഢിലെ ഐ.ഐ പ്രധാനമന്ത്രിയെന്ന നിലയിൽ ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) നെതിരിൽ അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചു. അപ്പോൾ ഹദ്റത് സാഹിബ് മൗലവി അബ്ദുൽ മാലിക് ഖാൻ സാഹിബിനെ വിളിപ്പിച്ച് പറഞ്ഞു, ഉടൻ കറാച്ചിയിൽ ചെന്ന് പ്രധാനമന്ത്രിയെ കാണുക. എന്നിട്ട് ഞാൻ പറയുന്ന വാക്കുകൾ അദ്ദേഹത്തെ കേൾപ്പിക്കുക. വാക്കുകൾ ഇതായിരുന്നു; "എന്റെ ജീവൻ നിങ്ങളുടെ കയ്യിലാണ്. എന്നാൽ നിങ്ങളുടെ കഴുത്ത് എന്റെ ദൈവത്തിന്റെ കരങ്ങളിലാകുന്നു."

അങ്ങനെ മൗലവി സാഹിബ് കറാച്ചിയിൽ എത്തി പ്രധാനമന്ത്രിയുടെ സെക്രട്ടറിയോട് പറഞ്ഞു, ഞാൻ അലി സഹോദരന്മാരുടെ അടുത്ത് നിന്നും വരികയാണ്. എനിക്ക് പ്രധാനമന്ത്രിയെ കാണണം. പ്രധാനമന്ത്രിയെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു, ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ മുറബ്ബിയാകുന്നു. എന്റെ ഇമാം താങ്കൾക്കായി ഈ സന്ദേശമാണ് നൽകിയിരിക്കുന്നത്. അത് കേട്ടപ്പോൾ പ്രധാനമന്ത്രി അതിനെ ചിരിച്ചു തള്ളി. അദ്ദേഹം മടങ്ങി വന്നു. എന്നാൽ അല്ലാഹുവിന്റെ സഹായഹസ്തം എങ്ങിനെയാണ് വെളിപ്പെട്ടതെന്ന് നോക്കുക. സൈന്യത്തിന്റെ മേധാവി ജനറൽ സിക്കന്ദർ മിർസാ അടുത്ത ദിവസം തന്നെ ഭരണകൂടത്തെ അട്ടിമറിച്ചു കൊണ്ട് അധികാരം പിടിച്ചെടുത്തു.

(ഇസ്മാഈൽ: ജനുവരി- മാർച്ച് 2013)

# നമ്മുടെ ദൈവം

– ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) –



## ഗണിതവിദഗ്ദന്റെ നിരീക്ഷണ ഫലം

ഒരിക്കൽ ഞാൻ ഡൽഹിയിൽ പോയപ്പോൾ അവിടെ വെച്ച് ഗണിതത്തിൽ വിദഗ്ധനായ പ്രൊഫസർ മുള്ളർ എന്ന വ്യക്തിയെ പരിചയപ്പെട്ടു. സംസാരമദ്ധ്യേ അദ്ദേഹം എന്നോട് പറഞ്ഞു, അദ്ദേഹവും ന്യൂയോർക്കിലെ ഏതാനും പ്രൊഫസർമാരും നിരീക്ഷണങ്ങൾ നടത്തിയ ശേഷം ഒരു നിഗമനത്തിലെത്തിച്ചേർന്നു.

അതായത് ഈ മുഴുവൻ പ്രപഞ്ചത്തിന്റെയും ഒരു കേന്ദ്രബിന്ദുവുണ്ട്. അതിനു ചുറ്റും ഈ സൂര്യനും മറ്റ് ലക്ഷക്കണക്കിനും കോടിക്കണക്കിനും ഗ്രഹങ്ങൾ ഭ്രമണം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു, ഈ കേന്ദ്രബിന്ദുവാണ് ദൈവം എന്നുള്ളതാണ് എന്റെ സിദ്ധാന്തം.

## കേന്ദ്രബിന്ദു ദൈവമല്ല

ചുരുക്കിപ്പറഞ്ഞാൽ, ആദ്യം ശാസ്ത്രം ദൈവത്തെ നിഷേധിച്ചിരുന്നുവെന്നും എന്നാൽ ഇപ്പോൾ ഈ മുഴുവൻ പ്രപഞ്ചത്തിനും അതിനെ നിയന്ത്രിക്കുന്ന ഒരു കേന്ദ്രബിന്ദു ഉണ്ടെന്നും പ്രസ്തുത കേന്ദ്രബിന്ദുവാണ് ദൈവം എന്ന് ഞങ്ങൾ സ്ഥാപിച്ചു എന്നുമാണ് അദ്ദേഹം പറയാൻ ആഗ്രഹിച്ചത്. ഞാൻ അദ്ദേഹത്തോട് പറഞ്ഞു, പ്രപഞ്ചവ്യവസ്ഥിതിക്ക് ഒരു കേന്ദ്രബിന്ദുവുണ്ട് എന്ന നിങ്ങളുടെ കണ്ടുപിടുത്തത്തിൽ എനിക്ക് എതിർവാക്കില്ല. ഈ മുഴുലോകവും ഒരു വ്യവസ്ഥിക്കു കീഴിലാണെന്നും അതിന് ഒരു കേന്ദ്രബിന്ദു ഉണ്ടെന്നുമുള്ളത് വിശുദ്ധഖുർആനിൽ നിന്നും സ്ഥാപിതമാകുന്നുണ്ട്. എന്നാൽ അതേ കേന്ദ്രബിന്ദുവാണ് ദൈവം എന്നുള്ള താങ്കളുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല. കാരണം എനിക്ക് ദൈവത്തിൽ നിന്ന് വെളിപാടുകൾ ലഭിക്കുന്നുണ്ട്. അവൻ തന്റെ അദൃശ്യകാര്യങ്ങളുടെ അറിവ് എനിക്ക് നൽകാറുണ്ട്.

## എന്റെ ദൈവം വെളിപാടിറക്കുന്നു

അങ്ങനെയാണെന്നിരിക്കെ താങ്കൾ കണ്ടുപിടിച്ച കേന്ദ്രബിന്ദു തന്നെയാണ് ദൈവമെങ്കിൽ അത് ആർക്കെങ്കിലും വെളിപാട് ഇറക്കികൊടുക്കാറുണ്ടോ എന്ന് പറഞ്ഞു തരിക. അദ്ദേഹം പറഞ്ഞു, വെളിപാട് ഇറക്കാറില്ല. ഞാൻ പറഞ്ഞു, അപ്പോൾ അത് തന്നെയാണ് ദൈവം എന്ന് ഞാനെങ്ങനെ അംഗീകരിക്കും. ദൈവം എന്നോട് സംസാരിക്കുന്നു എന്നതിൽ വ്യക്തിപരമായ അനുഭവം എനിക്കുണ്ട്. ആ കാര്യങ്ങളെല്ലാം അതിന്റെ സമയത്ത് പൂർത്തിയാകാറും ഉണ്ട്. ചിലത് 6 മാസത്തിനുള്ളിൽ പൂർത്തിയാകുന്നു. ചിലത് 1 വർഷത്തിനു ശേഷം പൂർത്തിയാകുന്നു. ചിലത് രണ്ടു വർഷത്തിനു ശേഷം പൂർത്തിയാകുന്നു. ചിലത് 4 വർഷങ്ങൾക്കു ശേഷം പൂർത്തിയാകുന്നു. അങ്ങനെ എനിക്ക് വെളിപാടിറങ്ങുന്നുണ്ട് എന്നും  അത് ദൈവത്തിൽ നിന്നുള്ളതാണെന്നും സ്ഥാപിതമാകുന്നു.

## ഒരു ഉദാഹരണം

പിന്നീട് ഞാൻ അദ്ദേഹത്തിന് ഒരു ഉദാഹരണം നൽകിക്കൊണ്ട് പറഞ്ഞു, നിങ്ങൾ എനിക്ക് പറഞ്ഞു തരിക, നിങ്ങൾ ദൈവം ആയി കണക്കാക്കുന്ന ആ കേന്ദ്രബിന്ദു ആർക്കെങ്കിലും ലോകമഹായുദ്ധത്തിൽ ഇംഗ്ലണ്ടിന് സഹായമായി അമേരിക്കയിൽ നിന്നും 2800 വിമാനങ്ങൾ അയക്കുന്നതാണ് എന്ന് അറിയിച്ച് കൊടുക്കാൻ കഴിയുമോ? കഴിഞ്ഞ ലോകമഹായുദ്ധ സമയത്ത് എനിക്ക് ലഭിച്ച ദർശനമായിരുന്നു ഞാൻ ഉദ്ദേശിച്ചത്. അതിൽ അമേരിക്ക ഇംഗ്ലണ്ടിന് 2800 വിമാനങ്ങൾ സഹായമായി നൽകുമെന്ന് കാണിച്ചിരുന്നു. മാത്രമല്ല, ദർശനത്തിൽ എനിക്ക് ടെലഗ്രാമിന്റെ വരികളും പറഞ്ഞു തന്നിരുന്നു. ബ്രിട്ടീഷ് പ്രതിനിധി അമേരിക്കയ്ക്ക് അയച്ച ടെലഗ്രാമിൽ

THE AMARICAN GOVERNMENT HAS DELIVERED
2800 AEROPLANES TO THE BRITISH GOVERMENT

എന്ന് എഴുതിയതായി എനിക്ക് കാണിച്ചു തരികയുണ്ടായി. അതായത് അമേരിക്കൻ സർക്കാർ 2800 വിമാനങ്ങൾ ബ്രിട്ടീഷ് സർക്കാരിന് നൽകിയിരിക്കുന്നു. അങ്ങനെ രണ്ട് മാസത്തിനു ശേഷം ഇതേ വാക്കുകൾ തന്നെ ബ്രിട്ടീഷ് പ്രതിനിധി അമേരിക്കാർക്ക് ടെലഗ്രാമായി അയക്കുകയും ഇംഗ്ലണ്ടിന് 2800 വിമാനങ്ങൾ ലഭിക്കുകയും ചെയ്തു.

## സവിശേഷഗുണങ്ങളുള്ള ദൈവം

അദ്ദേഹം പറഞ്ഞു, ഈ കേന്ദ്രബിന്ദുവിനെ സംബന്ധിച്ച് അങ്ങനെയുള്ള കാര്യമൊന്നും പറയാൻ കഴിയില്ല. ഞാൻ പറഞ്ഞു, അങ്ങനെയെങ്കിൽ ആ ഗോളത്തിനും അത്തരത്തിലുള്ള ആയിരക്കണക്കിനും ലക്ഷക്കണക്കിനും ഗോളങ്ങളുടെയും ദൈവം മറ്റൊരു ദൈവമാണെന്ന് അംഗീകരിക്കേണ്ടി വരും. കാരണം വിവിധ അദൃശ്യകാര്യങ്ങൾ ഉൾക്കൊള്ളുന്ന അല്ലാഹുവിന്റെ വചനങ്ങൾ മനുഷ്യന് ഇറങ്ങാറുണ്ടെന്നുള്ളത് വ്യക്തിപരമായ അനുഭവത്തിൽ നിന്ന് എനിക്കറിയാവുന്നതാണ്. അതിനാൽ നിങ്ങൾ ആ കേന്ദ്രബിന്ദുവിനെ ദൈവമായി ധരിച്ചുകൊള്ളുക. എന്നാൽ ഞങ്ങൾ എല്ലാ അറിവുമുള്ള എല്ലാം അറിയുന്നതുമായ അസ്തിത്വത്തെയാണ് ദൈവമെന്ന് പറയുന്നത്. അവന് എല്ലാ കഴിവുകളുമുണ്ട്, അവൻ പ്രതാപവാനുമാണ്, സുന്ദരനുമാണ്. അവനിൽ അറിവുമുണ്ട് യുക്തിഭദ്രതയുമുണ്ട്. അവൻ ഞെരുക്കുന്നവനുമാണ്. അവൻ ജീവിപ്പിക്കുന്നവനുമാണ് മരിപ്പിക്കുന്നവനുമാണ്. അവൻ പൊറുത്തു കൊടുക്കുന്നവനുമാണ്, അവൻ അപമാനിതനാക്കുന്നവനുമാണ്. അങ്ങനെ അനേകം സവിശേഷഗുണങ്ങൾ അവനിൽ കാണപ്പെടുന്നു. അതുപോലെ അവൻ പ്രകാശമാണെന്നും, അനുഗ്രഹദാതാവാണെന്നും, വിലമതിക്കുന്നവനാണെന്നും, ക്ഷമിക്കുന്നവനാണെന്നും, കാരുണ്യവാനാണെന്നും, സ്നേഹനിധിയാണെന്നും, മാന്യനാണെന്നും, മറച്ചുവെക്കുന്നവനാണെന്നും അതുപോലെ മറ്റനേകം ഗുണങ്ങൾ അവനിലുണ്ടെന്നും ഞങ്ങൾ അംഗീകരിക്കുന്നു.

## ഏതാണ് ദൈവം

ഒരു ഭാഗത്ത് ഈ സവിശേഷഗുണങ്ങൾ ആ കേന്ദ്രബിന്ദുവിൽ കാണപ്പെടുന്നില്ല. മറുഭാഗത്ത് തന്റെ സവിശേഷഗുണങ്ങളെ തന്റെ വചനങ്ങളിലൂടെ ലോകത്തിന് മുന്നിൽ വെളിപ്പെടുത്തുന്ന ഒരു അസ്തിത്വം. മുഴുവൻ ലോകവും എതിർത്തിട്ടും അവന്റെ വചനങ്ങൾ പുലരുന്നു. അങ്ങനെയുള്ള അസ്തിത്വത്തിൽ നിന്ന് നമുക്ക് വെളിപാടിറങ്ങുന്നു. ഇനി പറയുക, ഇങ്ങനെ സ്വന്തം അനുഭവത്തിലൂടെ അറിഞ്ഞതിനു ശേഷം എങ്ങിനെയാണ് താങ്കളുടെ സിദ്ധാന്തത്തെ അംഗീകരിക്കുക? )

## പര്യവസാനം

അദ്ദേഹം പറഞ്ഞു, അഥവാ ഇത് വാസ്തവമാണെങ്കിൽ ഈ സിദ്ധാന്തം തെറ്റാണെന്ന് അംഗീകരിക്കേണ്ടി വരും.

**(തഫ്സീറെ കബീർ: വാല്യം 2)**

# ഗിരിപ്രഭാഷണം

ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)

1911 ജൂൺ മാസത്തിൽ ഡൽഹൗസിയിൽ വെച്ച് ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ) വും പാതിരി ലേഗ്സണുമായി നടന്ന സംവാദം. ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) ന്റെ സ്വന്തം വാക്കുകളിൽ. സ്വയം തന്നെ ഹുസൂർ സത്യാന്വേഷി എന്നാണ് പരിചയപ്പെടുത്തുന്നത്.



- **സത്യാന്വേഷി**: പാതിരി സാഹിബ്, ത്രിയേകത്വത്തെ സംബന്ധിച്ച് താങ്കളുടെ അഭിപ്രായം എന്താണ്?

  **പാതിരി സാഹിബ്**: എന്റെ അഭിപ്രായത്തിൽ ത്രിയേകത്വം മൂന്ന് ഉഖ്നൂം (അസ്ഥിത്വങ്ങൾ) ആകുന്നു. ഒന്ന് പിതാവായ ദൈവം, രണ്ട് പുത്രനായ മസീഹ്, മൂന്ന് പരിശുദ്ധാത്മാവ്. ഞാൻ ഈ മൂന്നും ദൈവമാണെന്ന് വിശ്വസിക്കുന്നു.

- **സത്യാന്വേഷി**: പാതിരി സാഹിബ്, ഉഖ്നൂം എന്നത് കൊണ്ട് താങ്കൾ എന്താണ് അർഥമാക്കുന്നത്?

  **പാതിരി സാഹിബ്**: പുഞ്ചിരിച്ചു കൊണ്ട്, ഉഖ്നൂം താങ്കളുടെ ഭാഷയിലെ തന്നെ പദമാണ്.

- **സത്യാന്വേഷി**: ഞങ്ങളുടെ ഭാഷയിലെ പദം തന്നെയാണ്. എന്നാൽ അല്ലാഹുവിനെ സംബന്ധിച്ച് ഞങ്ങൾ ഈ പദം ഉപയോഗിക്കാറില്ല. അതിനാൽ ദൈവത്തെ സംബന്ധിച്ച് ഈ പദം ഉപയോഗിക്കുമ്പോൾ ഇതിന്റെ അർഥം മനസ്സിലാക്കുന്നതിന് ബുദ്ധിമുട്ട് തോന്നുന്നു.

  **പാതിരി സാഹിബ്**: ഇതിനായി മറ്റൊരു പദം എനിക്ക് നിർദേശിക്കാൻ കഴിയില്ല.

- **സത്യാന്വേഷി**: ഉർദുവുലും അറബിയിലും പകരം മറ്റൊരു വാക്ക് പറയാൻ കഴിയില്ലെങ്കിൽ ഇംഗ്ലീഷിൽ പറഞ്ഞാലും മതി.

  **പാതിരി സാഹിബ്**: ഇംഗ്ലീഷിൽ ഞങ്ങളതിനെ Personality എന്ന് പറയും.

- **സത്യാന്വേഷി**: ഞാനൊരു അമേരിക്കക്കാരനായ പാതിരിയോട് ചോദിച്ചപ്പോൾ അദ്ദേഹം ഇതിന്റെ അർഥമായി പറഞ്ഞത് Capacity എന്നാണ്.

  **പാതിരി സാഹിബ്**: അല്ലേയല്ല. അതിന്റെ അർഥം Personality എന്നു തന്നെയാണ്.

- **സത്യാന്വേഷി**: എനിക്ക് ഉഖ്നൂം എന്നതിന്റെ അർഥവും മനസ്സിലായില്ല, Personality എന്നതിന്റെ അർഥവും മനസ്സിലായില്ല. ഞാൻ താങ്കളോട് തുറന്നു ചോദിക്കാൻ ആഗ്രഹിക്കുകയാണ്. ഇത് മൂന്നിന്റെയും അവസ്ഥ എന്താണെന്ന് താങ്കൾ പറഞ്ഞാലും. ഉദാഹരണമായി, ആരാണ് ലോകസ്രഷ്ടാവ്?

  **പാതിരി സാഹിബ്**: അല്ലാഹു സ്നേഹമാണെന്ന് താങ്കൾക്കറിയാമല്ലോ. അവനിൽ സ്നേഹത്തിന്റെ കണികകളുണ്ട്. ഏതിനെയെങ്കിലും സ്നേഹിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. ലോകത്തിലുള്ള എല്ലാം തന്നെ നശ്വരമാണ്. യഥാർഥമല്ല. അതിനാൽ ദൈവത്തിന് സ്നേഹിക്കുവാനായി ഒരു അസ്തിത്വം അനിവാര്യമായിരുന്നു. അതിനാൽ പുത്രന്റെ ആവശ്യം വന്നു. ദൈവത്തിന് സ്നേഹിക്കാൻ തക്കതായ ഒരു അസ്തിത്വം ഇല്ലായെങ്കിൽ ആ സ്നേഹം വ്യർഥാവിലാകുമെന്ന് താങ്കളും വിശ്വസിക്കുന്നുണ്ടല്ലോ.

- **സത്യാന്വേഷി**: പാതിരി സാഹിബ് താങ്കൾ വളരെ യുക്തിപരമായ കാര്യമാണ് പറഞ്ഞത്. എന്നാൽ ഞാൻ ഇപ്പോൾ ത്രിയേകത്വത്തെ സംബന്ധിച്ചാണ് മനസ്സിലാക്കാൻ ആഗ്രഹിക്കുന്നത്. അതിന്റെ ആവശ്യകതയെ സംബന്ധിച്ചല്ല. ലോകം എങ്ങിനെയാണ് ഉണ്ടായത്, ആരാണ് സൃഷ്ടിച്ചത് എന്നതാണ് എന്റെ ചോദ്യം.

  **പാതിരി സാഹിബ്**: വചനങ്ങളിൽ നിന്ന് ഉണ്ടായി. ദൈവമാണ് സൃഷ്ടിച്ചത്.

- **സത്യാന്വേഷി**: വചനം ലോകമായി. ഈ ലോകം അതിന്റെ ഭാഗമാണോ അതോ ദൈവം കല്പിച്ചപ്പോൾ രൂപപ്പെട്ടതാണോ?

  **പാതിരി സാഹിബ്**: പുഞ്ചിരിച്ചു കൊണ്ട്. ഓഹോ! ലോകം ഇല്ലായ്മയിൽ നിന്ന് ഉണ്ടായതാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല. ഇത് ആര്യമതക്കാരുടെ ചിന്തയാണ്. ഒരിക്കൽ ഒരു ആര്യമതക്കാരനുമായി ഞാൻ കണ്ടുമുട്ടി. അയാൾ എന്നോട് ചോദിച്ചു, ലോകം എങ്ങിനെയാണ് ഉണ്ടായത്. ഇല്ലായ്മയിൽ നിന്ന് എങ്ങിനെയാണ് രൂപപ്പെട്ടത്? ഞാൻ മറുപടിയായി പറഞ്ഞു, ഇല്ലായ്മയിൽ നിന്ന് ഉണ്ടായതാണെന്നുള്ള വിശ്വാസം ഞങ്ങൾക്കൊരിക്കലും ഇല്ല. ദൈവം ഉണ്ടാകുക എന്ന കല്പന നൽകി അത് ഉണ്ടായി. അവൻ ഇല്ലായ്മയോടാണ് എന്തെങ്കിലും ഉണ്ടാകുക എന്ന് പറഞ്ഞതെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല.

- **സത്യാന്വേഷി**: ഓഹോ, താങ്കൾ വളരെ നല്ല മറുപടിയാണ് പറഞ്ഞത്. വളരെ രസകരമായ കാര്യമാണ് പറഞ്ഞത്. എന്നാൽ വചനത്തിൽ നിന്നാണോ ലോകം ഉണ്ടായത് അതോ ദൈവ കല്പനയാലാണോ എന്നതാണ് എന്റെ ചോദ്യം.

  **പാതിരി സാഹിബ്**: വചനം മസീഹാകുന്നു. ഇഞ്ചീലിൽ രേഖപ്പെടുത്തിയിരിക്കുന്നു, ആദ്യത്തിൽ വചനമായിരുന്നു. വചനം ദൈവത്തോടൊപ്പമായിരുന്നു. വചനം ദൈവമായിരുന്നു. ഇതാണ് ആദ്യത്തിൽ ദൈവത്തോടൊപ്പം ഉണ്ടായിരുന്നത്. എല്ലാം അതിൽ നിന്നാണ് രൂപം പ്രാപിച്ചത്. അതിൽ നിന്നല്ലാതെ ഒന്നും തന്നെ രൂപപ്പെട്ടിട്ടില്ല. ജീവിതം അവനിലായിരുന്നു. ആ ജീവിതം മനുഷ്യന്റെ പ്രകാശമായിരുന്നു. ആരംഭത്തിൽ ദൈവത്തോടൊപ്പം മസീഹ് ഉണ്ടായിരുന്നു, മസീഹിൽ നിന്ന് ലോകം ഉണ്ടായി എന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. താങ്കളുടെ മതമായ ഇസ്‌ലാമിലും മസീഹിനെ വചനം എന്നാണ് പറഞ്ഞിരുന്നത്. അതിനെ സംബന്ധിച്ച് ഞാൻ താങ്കൾക്ക് പറഞ്ഞു തരട്ടെയോ?

- **സത്യാന്വേഷി**: പാതിരി സാഹിബ്, എല്ലാ മതങ്ങളെയും തുല്യനിലയിൽ വീക്ഷിക്കുന്ന ഒരാളുടെ അവസ്ഥയിലാണ് ഞാൻ താങ്കളുടെ പക്കൽ വന്നിരിക്കുന്നതെന്ന് ഞാൻ ആരംഭത്തിൽ തന്നെ താങ്കളോട് പറഞ്ഞിരുന്നുവല്ലോ. ഞാൻ ഒരു മുസ്‌ലിം ആണെങ്കിലും ഇപ്പോൾ ഞാൻ മതങ്ങൾ എന്റെ പഠനത്തിലാണ് എന്ന നിലയിലാണ് താങ്കളോട് സംസാരിക്കുന്നത്. അതിനാൽ താങ്കൾ ഇപ്പോൾ ഇഞ്ചീലിനെ സംബന്ധിച്ച് പറയുക. വിശുദ്ധഖുർആനെ സംബന്ധിച്ച് അന്വേഷിക്കേണ്ടി വരുമ്പോൾ ഞാൻ ഏതെങ്കിലും മൗലവിയുടെ അടുത്ത് പോകുന്നതാണ്. വിശുദ്ധഖുർആനെ കുറിച്ച് അന്വേഷിക്കുന്നതിനായി എനിക്ക് ഏതെങ്കിലും പാതിരിയുടെ പക്കൽ പോകേണ്ട ആവശ്യം ഇല്ല. വേദത്തെ സംബന്ധിച്ച് ഞാൻ ഏതെങ്കിലും പണ്ഡിതനോട് ചോദിക്കും. വിശുദ്ധഖുർആനെ സംബന്ധിച്ച് മൗലവിയോടും. ബൈബിളിനെ സംബന്ധിച്ച് പാതിരി സാഹിബിനോട് ചോദിക്കും. ബൈബിൾ മനസ്സിലാക്കാനായി ഏതെങ്കിലും മൗലവിയുടെ അടുത്തും വിശുദ്ധഖുർആൻ മനസ്സിലാക്കാനായി ഏതെങ്കിലും പാതിരിയുടെ അടുത്തും പോകുന്നത് എങ്ങിനെയാണ്? താങ്കൾ ഇപ്പോൾ ബൈബിളിൽ നിന്ന് പറയുക.


  **പാതിരി സാഹിബ്**: പുഞ്ചിരിച്ചുകൊണ്ട്. താങ്കൾ ബൈബിളിൽ നിന്നാണ് ചോദിക്കുന്നത്. ബൈബിളിൽ നിന്ന് ലോകം ഉണ്ടായത് വചനത്തിൽ നിന്നാണെന്നാണ് മനസ്സിലാകുന്നത് എന്ന് ഞാൻ പറഞ്ഞല്ലോ.

- **സത്യാന്വേഷി**: അങ്ങിനെയെങ്കിൽ പാതിരി സാഹിബ് താങ്കൾ ത്രിയേകത്വത്തെ എന്തിന് വിശ്വസിക്കുന്നു. വചനം ഒരു സവിശേഷ ഗുണമാകുന്നു. ദൈവത്തിൽ അനേകം സവിശേഷഗുണങ്ങൾ കാണപ്പെടുന്നു. കാണുന്നു, കേൾക്കുന്നു, കഴിവുള്ളവനാണ്, അറിവുള്ളവനാണ്, സ്രഷ്ടാവാണ്. താങ്കൾ വചനം എന്ന സവിശേഷഗുണത്തെ മാത്രം എന്തിന് ദൈവമായി അംഗീകരിക്കുന്നു. താങ്കൾ എല്ലാ ദൈവീകഗുണങ്ങളെയും ദൈവപുത്രന്മാരായി അംഗീകരിക്കുക. താങ്കളുടെ മതമനുസരിച്ച് കേവലം ത്രിയേകത്വത്തിൽ മാത്രം പരിമിതപ്പെടാവുന്നതല്ല.

  **പാതിരി സാഹിബ്**: ഓഹോ, താങ്കൾക്ക് തെറ്റ് പറ്റി. താങ്കൾ ദൈവീക വചനത്തെ മനുഷ്യവചനമായിട്ടാണോ ധരിക്കുന്നത്? ദൈവത്തിലും മനുഷ്യനിലും സദൃശ്യതയില്ല എന്ന് താങ്കളും അംഗീകരിക്കുന്നുല്ലോ? വചനം സവിശേഷഗുണമല്ല, വചനം ശക്തിയാകുന്നു.
- **സത്യാന്വേഷി**: പാതിരി സാഹിബ്, നാം നമ്മുടെ മനസ്സിലുള്ളത് മറ്റുള്ളവരിൽ പ്രകടിപ്പിക്കുന്നതിനുള്ള മാധ്യമമാണ് വചനം. ദൈവത്തിലും നമ്മിലും ധാരാളം വ്യത്യാസം ഉണ്ടെന്നത് വാസ്തവമാണ്. അവൻ സ്രഷ്ടാവും നാം സൃഷ്ടികളുമാണ്. എന്നാൽ മനഷ്യന്റെ കാണുന്നതിനുള്ള ശക്തിയെയും, കേൾക്കുന്നതിനുള്ള കഴിവിനെയും അവന്റെ അറിവിനെയും നിങ്ങൾ മനുഷ്യഗുണങ്ങളാണെന്ന് പറയുന്നത് പോലെ ദൈവത്തിന്റെയും ഈ കഴിവുകളെ ഗുണങ്ങളായിട്ടാണ് അംഗീകരിക്കുന്നത്. പിന്നെന്തുകൊണ്ടാണ് ദൈവത്തിന്റെ അറിവ് എന്ന ഗുണത്തെ അല്ലെങ്കിൽ കാണുക എന്ന ഗുണത്തെ താങ്കൾ സവിശേഷഗുണങ്ങൾ എന്ന് അംഗീകരിക്കുകയും വചനം എന്നുള്ള സവിശേഷഗുണത്തെ മനുഷ്യനും ദൈവവും തമ്മിൽ അന്തരമുണ്ട് എന്ന കാരണത്താൽ മറ്റൊരു അസ്തിത്വമായി അംഗീകരിക്കുകയും ചെയ്യുന്നത് താങ്കൾക്കറിയാം, നീ വരിക എന്ന് നാം നാവ് കൊണ്ട് സൈദിനോട് ആജ്ഞാപി ക്കുമ്പോൾ അവൻ വരുന്നു. നമ്മുടെ മനസ്സിലുള്ളത് പ്രകടിപ്പിക്കുന്ന ിനുള്ള മാർഗമാണിത്. എന്നാൽ നമ്മുടെ ഈ വചനത്തെ നമ്മെപ്പോലുള്ള മനുഷ്യനാണെന്ന് അംഗീകരിക്കാൻ കഴിയില്ല. നാം രണ്ടാണെന്നും പറയുന്നില്ല. അതായത് ഒന്ന് നാമും ഒന്ന് നമ്മുടെ വചനവും. ഇനി അഥവാ അങ്ങനെയാണെങ്കിൽ തന്നെ വചനത്തെ ഒരു അസ്തിത്വമായി അംഗീകരിക്കുകയും കാഴ്ചയെയും കേൾവിയെയും അങ്ങിനെ അംഗീകരിക്കാതിരിക്കുകയും ചെയ്യുക എന്നത് അനീതിയായിരിക്കും. കൂടാതെ ലോകം സൃഷ്ടിക്കപ്പെട്ട വചനത്തെ മാത്രം നിങ്ങൾ എന്തുകൊണ്ട് ദൈവം എന്നു പറയുന്നു. തൗറാത്തിനെയും ഇഞ്ചീലിനെയും മറ്റ് പ്രവാചകഗ്രന്ഥ ങ്ങളെയും എന്ത് കൊണ്ട് ദൈവമായി അംഗീകരിക്കുന്നില്ല. താങ്കൾ ദൈവഗുണങ്ങളായ കാഴ്ചയെയും കേൾവിയെയും അറിവിനെയും ദൈവമായി അംഗീകരിക്കുന്നില്ലെങ്കിൽ കുറഞ്ഞപക്ഷം 'ആരംഭത്തിൽ വചനമായിരുന്നു. വചനം ദൈവത്തോടൊപ്പമായിരുന്നു. വചനം ദൈവമായിരുന്നു' എന്ന ഇഞ്ചീലിലെ യോഹന്നാന്റെ അടിസ്ഥാനത്തിൽ ഇഞ്ചീലിനെയും തൗറാത്തിനെയും മറ്റ് പ്രവാചകന്മാരുടെ ഗ്രന്ഥങ്ങളെയും ദൈവമായി അംഗീകരിക്കുക.

  **പാതിരി സാഹിബ്**: പുഞ്ചിരിച്ചുകൊണ്ട്. ഇല്ലേയില്ല. ഞങ്ങൾ ഇഞ്ചീൽ തൗറാത്ത് എന്നിവയെ ദൈവമായി അംഗീകരിക്കുന്നില്ല. ഞങ്ങളുടെ മതത്തിൽ അത് അനുവദനീയമല്ല. ഞങ്ങൾ വചനത്തെ സവിശേഷഗുണമായിട്ടും അംഗീകരി ക്കുന്നില്ല. മറിച്ച് ഒരു അസ്തിത്വമായിട്ടാണ് അംഗീകരിക്കുന്നത്.
- **സത്യാന്വേഷി**: അപ്പോൾ താങ്കൾ വചനത്തെ എന്തായാണ് മനസ്സിലാക്കുന്നത്?

  **പാതിരി സാഹിബ്**: ശക്തി.
- **സത്യാന്വേഷി**: വചനത്തെ ഒരു ശക്തിയായി മനസ്സിലാക്കുന്നു എന്നാണ് താങ്കൾ പറഞ്ഞത്. എന്നാൽ ശക്തിയും ഒരു വ്യതിരിക്ത അസ്തിത്വമല്ല എന്ന് മനസ്സിലാക്കേണ്ടതാണ്. ഉദാഹരണമായി, എന്റെ കയ്യിന് പിടിക്കുന്നതിനുള്ള കഴിവുണ്ട്. ഈ കഴിവ് എന്റെ തീരുമാനത്തിന്റെ കീഴിലാണ്. അതിന് സ്വന്ത മായി യാതൊരറിവുമില്ല. നീ പിടിക്കുക എന്ന് കയ്യിന് കല്പന നൽകുമ്പോൾ അത് പിടിക്കുന്നു. അതേ കൈകൊണ്ട് എനിക്ക് ഏറ്റവും ഉപകാരമുള്ള വസ്തുക്കളെയും ഏറ്റവും നാശകാരിയായ വസ്തുവിനെയും പിടിക്കാൻ സാധിക്കും. എന്റെ അറിവിന്റെയും തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ഞാൻ കല്പിക്കുന്നതിനെ പിടിക്കേണ്ടി വരും. ഉദാഹരണമായി, ഇതെന്റെ മുന്നിൽ കിടക്കുകയാണ്. നീയിതിനെ പിടിക്കുക എന്ന് കയ്യിന് കല്പന നൽകുന്നു. അത് എന്റെ ആഗ്രഹമനുസരിച്ച് ആ വസ്തുവിനെ പിടിക്കുന്നു. എന്നാൽ സ്വയം എന്റെ കയ്യുടെ പിടിക്കുന്നതിൽ ഒരു അറിവുമില്ല. അഥവാ താങ്കൾ മസീഹിനെ ശക്തിയായി, കഴിവായി അംഗീകരിക്കുകയും, വചനത്തിന്റെ മറ്റൊരു പേര് ശക്തി എന്ന് വെക്കുകയാണെ ങ്കിൽ തന്നെയും മസീഹിനെ ഒരു വ്യത്യസ്ത അസ്തിത്വമായി അംഗീകരിക്കാൻ സാധിക്കില്ല. എല്ലാ വസ്തുക്കളിലും എന്തെങ്കിലും കഴിവുകൾ നിശ്ച യമായും കാണപ്പെടുന്നു. അപ്പോൾ എല്ലാത്തിനെയും രണ്ട്



അസ്ഥിത്വങ്ങളായി അംഗീകരിക്കേണ്ടി വരുന്നതാണ്. മറ്റൊന്ന് ഈയവസ്ഥയിൽ മസീഹിന് അറിവും ആഗ്രഹങ്ങളും ഇല്ലായിരുന്നു എന്ന് വിശ്വസിക്കേണ്ടി വരുന്നതാണ്. കാരണം ശക്തിക്ക് അറിവ്, ആഗ്രഹം എന്നീ ഗുണങ്ങളില്ല എന്ന് ഞാൻ തെളിയിക്കുകയുണ്ടായി. അപ്പോൾ മസീഹ് ദൈവത്തിന്റെ അറിവിന്റെയും ആഗ്രഹത്തിന്റെയും കീഴിലാകുന്നു. സർവജ്ഞനും സർവശക്തനുമായ അസ്തിത്വത്തിനു കീഴിൽ ഒരു മാധ്യമം മാത്രമായ വസ്തുവിനെ, സ്വയം യാതൊരു അധികാരവുമില്ലാത്ത വസ്തുവിനെ ദൈവം എന്ന് പറ യാൻ കഴിയില്ല. ദൈവം സർവജ്ഞനും സർവശക്തനും സർവ ന്യൂനതകളിൽ നിന്നും പരിശുദ്ധനും എല്ലാ ഗുണങ്ങളും അടങ്ങുന്നതുമാകുന്നു.

**പാതിരി സാഹിബ്**: ഞങ്ങൾ മസീഹിനെ അറിവില്ലാത്തവനെന്ന് വിശ്വസിക്കുന്നില്ല. മസീഹ് നിശ്ചയമായും എല്ലാം അറിയുന്നവനാകുന്നു.

- **സത്യാന്വേഷി**: ഇഞ്ചീലിൽ മസീഹ് തന്റെ അറിവിനെ നിഷേധിക്കുന്നുവെങ്കിലും താങ്കൾ മസീഹിനെ ഒരു സർവജ്ഞനായി അംഗീകരിക്കുന്നു എന്നത് വാസ്തവമാണ്. എന്നാൽ ഇപ്പോൾ എനിക്ക് അതുമായി യാതൊരു ബന്ധവുമില്ല. ഞാൻ താങ്കളുടെ വാക്കുകളെ തന്നെ വിശ്വസിക്കുന്നു. മസീഹ് ദൈവമാണെങ്കിൽ അങ്ങനെ തന്നെയാണ് ആകേണ്ടതും. എന്നാൽ ഇത് വിശ്വാസത്തിന്റെ കാര്യമാണ്. ലോകത്തിലെ പൊതുവായ എല്ലാ വിശ്വാസങ്ങളെയും അന്വേഷിച്ചതിനു ശേഷം ഏത് വിശ്വാസമാണ് സത്യമാണെന്നത് തീരുമാനിക്കണം എന്ന നിലയിലാണ് ഞാൻ താങ്കളുടെ സവിധത്തിൽ സന്നിഹിതനായിട്ടുള്ളതെന്ന് ഞാൻ നേരത്തെ പറഞ്ഞു കഴിഞ്ഞു. അത്തരത്തിലുള്ള സത്യാന്വേഷകൻ ഏതെങ്കിലും ഗ്രന്ഥത്തിൽ വിശ്വസിക്കുന്ന ആളായിരിക്കില്ല. അവരുടെ മുന്നിൽ യുക്തിഭദ്രമായ തെളിവുകൾ സമർപ്പിക്കേണ്ടത് അനിവാര്യമായി വരുന്നു. ഞാൻ നേരത്തെ പറഞ്ഞു കഴിഞ്ഞു, അഥവാ മസീഹിനെ വചനമായി അംഗീകരിച്ചാൽ ഒന്നാമതായി അദ്ദേഹം ഒരു ഗുണത്തിൽ നിന്നും പിന്നീട് അറിവിൽ നിന്നും പിന്തള്ളപ്പെടുന്നു. എനിക്ക് ബുദ്ധിപരമായ തെളിവുകൾ മാത്രമേ ഉപകാരിയാകുകയുള്ളു. അതിനാൽ ഒന്നുകിൽ മസീഹ് വചനമാണെന്നുള്ളത് നിഷേധിക്കേണ്ടി വരും. അല്ലെങ്കിൽ താങ്കളുടെ വാക്കുകളെ അംഗീകരിച്ചു കൊണ്ട് അദ്ദേഹത്തെ വചനമായി കണക്കാക്കുകയും എന്നാൽ അറിവുണ്ടായിരുന്നില്ല എന്ന് അംഗീകരിക്കേണ്ടി വരും.

  **പാതിരി സാഹിബ്**: ബുദ്ധി അത് അംഗീകരിക്കുന്നുണ്ടെങ്കിലും ഇഞ്ചീൽ അത് അംഗീകരിക്കുന്നില്ല.
- **സത്യാന്വേഷി**: അപ്പോൾ യുക്തിയുടെ അടിസ്ഥാനത്തിൽ ത്രിയേകത്വത്തെ അംഗീകരിക്കുക അസാധ്യമാണോ?

  **പാതിരി സാഹിബ്**: മനുഷ്യബുദ്ധിക്ക് ദൈവാസ്തിക്യത്തിന്റെ അഗാധ തലങ്ങളിലേക്ക് എത്തിപ്പെടാൻ സാധിക്കില്ല എന്നതിൽ സംശയമില്ല.
- **സത്യാന്വേഷി**: കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി നമുക്ക് ദൈവം നൽകിയിരിക്കുന്ന ഒരേയൊരു മാധ്യമം ബുദ്ധിയാണെന്നിരിക്കെ ചിന്തിക്കാതെ ഒരു കാര്യത്തെ നാം എങ്ങനെയാണ് വിശ്വസിക്കുക. ചില കാര്യങ്ങൾ ബുദ്ധിക്കതീതമായിരുക്കും എന്നത് ശരി തന്നെ. എന്നാൽ ഒരു ദൈവീക മതവും തന്നെ തന്റെ അനുയായികളെ യുക്തിക്കു വിരുദ്ധമായ കാര്യങ്ങൾ വിശ്വസിപ്പിക്കുന്നില്ല. ദൈവാസ്തിക്യത്തിന്റെ അഗാധ തലങ്ങളെ മനസ്സിലാക്കുക മനുഷ്യബുദ്ധിക്ക് സാധ്യമല്ല എന്ന താങ്കളുടെ വാക്കിനോട് ഞാൻ യോജി

ക്കുന്നു. കാരണം മനുഷ്യബുദ്ധി പരിമിതമാണ്. എന്നാൽ മോക്ഷപ്രാപ്തിക്ക് അനിവാര്യമായ വിശ്വാസകാര്യങ്ങൾ മനുഷ്യബുദ്ധിക്കുള്ളി ലുള്ളതായിരിക്കേണ്ടത് അനിവാര്യമാകുന്നു. കാരണം യുക്തിക്ക് വിരുദ്ധമായ കാര്യം മോക്ഷദായകമായി നിർണയിക്കുകയാണെങ്കിൽ മനുഷ്യന് മോക്ഷത്തിന്റെ കവാടങ്ങൾ തികച്ചും അടഞ്ഞതായിത്തീരും. ഉദാഹരണമായി, അല്ലാഹുവിന്റെ അസ്തിത്വത്തിൽ വിശ്വസിക്കേണ്ടത് മേക്ഷത്തിന് അനിവാര്യമാണ്. അപ്പോൾ ദൈവാസ്തിക്യത്തിനുള്ള തെളിവ് യുക്തിക്ക് വിരുദ്ധമാകരുത്. മനുഷ്യബുദ്ധി വിവിധ രീതിയിൽ ദൈവാസ്തിക്യത്തിൽ വിശ്വസിക്കുന്നതിന് നിർബന്ധിതമാകുന്നത് നാം കാണുന്നു. അതിന് വിരുദ്ധമായ നിലയിൽ അല്ലാഹുവിന്റെ അസ്തിത്വത്തിന്റെ അവസ്ഥ മനുഷ്യമനസ്സുകളിൽ വരുന്നതല്ല. അതിനാൽ അതിനെ ദൈവീക മതങ്ങൾ പരാമർശിക്കാറില്ല. എന്നാൽ മനുഷ്യന് മനസ്സിലാകുന്ന ദൈവീക ഗുണങ്ങളുടെ ഭാഗങ്ങൾ പരാമർശിക്കുന്നു. ചുരുക്കത്തിൽ ത്രിയേകത്വത്തിന്റെ വിശ്വാസം താങ്കളുടെ മതത്തിൽ മോക്ഷത്തിന്റെ സുപ്രധാന ഭാഗമായതിനാൽ മനുഷ്യബുദ്ധിക്ക് എളുപ്പത്തിൽ മനസ്സിലാകുന്ന രീതിയിൽ വിവരിക്കേണ്ടത് അനിവാര്യമാകുന്നു.

**പാതിരി സാഹിബ്:** യുക്തി പറയുന്നത് ഇങ്ങനെയായിരിക്കാം. എന്നാൽ ത്രിയേകത്വത്തെ അംഗീകരിക്കുന്നതിന് മുമ്പ് ഇഞ്ചീലിനെ വിശ്വസിക്കേണ്ടത് അനിവാര്യമാകുന്നു.

- **സത്യാന്വേഷി:** ക്രിസ്തുമതത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ തെളിയിക്കപ്പെടുമ്പോഴാണ് മനുഷ്യൻ ഇഞ്ചീലിൽ വിശ്വസിക്കുക. അവ പരിഹരിക്കപ്പെടുന്നതിന് മുമ്പ് മനുഷ്യൻ ഇഞ്ചീലിൽ എങ്ങനെയാണ് വിശ്വസിക്കുക?

**പാതിരി സാഹിബ്:** ഞാൻ മുമ്പേ പറഞ്ഞു കഴിഞ്ഞു, ഇഞ്ചീലിൽ വിശ്വസിക്കുന്നതിനു മുമ്പ് ഇവയുടെ പരിഹാരങ്ങൾ മനസ്സിലാക്കുക പ്രയാസമാണ്.

- **സത്യാന്വേഷി:** വളരെ നല്ലത്. ഈ വിഷയത്തെ ബുദ്ധിപരമായി താങ്കൾക്ക് പരിഹരിക്കാൻ സാധിക്കില്ല. ഇക്കാലഘട്ടത്തിൽ ഈ മുഴുവനും പ്രപഞ്ചത്തിന്റെ വ്യവസ്ഥിതികൾ ആരുടെ ചുമലിലാണ് എന്ന് പറഞ്ഞാലും. പിതാവായ ദൈവത്തിന്റെയോ പുത്രനായ ദൈവത്തിന്റെയോ.

**പാതിരി സാഹിബ്:** സൃഷ്ടികളുടെ വ്യവസ്ഥിതി മസീഹ് അതായത് പുത്രന്റെ ചുമലിലാണെന്നാണ് ഇഞ്ചീലിൽ നിന്ന് മനസ്സിലാകുന്നത്.

- **സത്യാന്വേഷി:** അപ്പോൾ പിതാവായ ദൈവം ലോകത്തെ വചനത്തിൽ നിന്നും സൃഷ്ടിച്ച ശേഷം വെറുതെയിരിക്കുകയാണോ?

**പാതിരി സാഹിബ്:** അല്ല. ദൈവീക ഗുണങ്ങൾക്ക് ഇടവേള അനുവദനീയമല്ല. മുഴുവൻ പ്രപഞ്ചത്തിന്റെയും വ്യവസ്ഥിതി അവനാണ് ചെയ്യുന്നത്.

- **സത്യാന്വേഷി:** പാതിരി സാഹിബ്: താങ്കൾ ഇപ്പോൾ പറഞ്ഞത് പുത്രനാണ് ചെയ്യുന്നത് എന്നാണല്ലോ. ഇപ്പോൾ ഇതിന്റെ മൂന്ന് വശങ്ങളാണ് ഉണ്ടാകുക. ഒന്നുകിൽ ഒരാൾ അവധിയിലാണ് മറ്റെയാളാണ് ജോലി ചെയ്യുന്നത് എന്ന് വിശ്വസിക്കണം. അത്തരം അവസരത്തിൽ ഒരു ദൈവഗുണം മുടങ്ങുന്നു, അത് അനുവദനീയമല്ല. രണ്ടാമത്തെ അവസ്ഥ, രണ്ടു പേരും വിഭജിച്ച് പണിയെടുക്കുന്നു. അപ്പോൾ ഒരു ദൈവത്തിന് എല്ലാ ജോലിയും ചെയ്യാൻ സാധ്യമാകില്ല, രണ്ടു ദൈവങ്ങളും തന്താങ്ങളുടെ ഭാഗത്തുള്ള ജോലിയാണ് ചെയ്യുന്നത് എന്ന് അംഗീകരിക്കേണ്ടി വരും. ആ അവസ്ഥയിൽ ദൈവം പരിമിതമാണെന്ന ആരോപണം ഉന്നയിക്കേണ്ടി വരും. ഇനി അഥവാ രണ്ടു പേരും ഒന്നിച്ച് നിന്നാണ് എല്ലാ കാര്യങ്ങളും നിർവഹിക്കുന്നത് എന്ന് വിശ്വസിക്കുകയാണെങ്കിലും അല്ലാഹു നഊദുബില്ലാഹ് വ്യർഥമായ കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണെന്ന ആരോപണം ഉണ്ടാകും.

**പാതിരി സാഹിബ്:** ഇക്കാര്യങ്ങൾ മനസ്സിലാകില്ല എന്ന് ഞാൻ താങ്കളോട് പറഞ്ഞില്ലേ. ദൈവത്തിന്റെ വചനങ്ങൾ ഇഞ്ചീലിൽ വിശ്വസിച്ചതിന് ശേഷം മാത്രമേ മനസ്സിലാകുകയുള്ളൂ.

- **സത്യാന്വേഷി:** അടിസ്ഥാന തത്ത്വം തന്നെ മനസ്സിലാകാത്തപ്പോൾ എങ്ങനെയാണ് ബൈബിളിൽ വിശ്വസിക്കുക. മാത്രമല്ല ത്രിയേകത്വത്തിന്റെ കാര്യം യുക്തിക്ക് വിരുദ്ധമാണെന്ന് താങ്കൾ സ്വയം സമ്മതിക്കുന്നു എന്നിരിക്കെ ഇനി ഞങ്ങൾക്ക് അനുമതി നൽകിയാലും. കാരണം അധികം സംസാരിക്കുന്നത് വ്യർഥമാണ്. ഞങ്ങൾക്ക് മറ്റ് ചില കാര്യങ്ങളും ചോദിക്കണമായിരുന്നു. എന്നാൽ അതിനായി മറ്റൊരു സന്ദർഭത്തിൽ വരാം.

**പാതിരി സാഹിബ്:** ദൈവാസ്തിക്യത്തെ സംബന്ധിച്ച് ബുദ്ധിക്ക് തീരുമാനം കല്പിക്കാവുന്നതല്ല. ഞങ്ങളുടെ വലിയ അടിസ്ഥന തത്ത്വം പാപപരിഹാര സിദ്ധാന്തമാണ്. അതിലാണ് ഞങ്ങൾ കൂടുതൽ ശ്രദ്ധിക്കുന്നത്. താങ്കൾ മറ്റൊരിക്കൽ വന്നുകൊണ്ട് ഇക്കാര്യത്തെ കുറിച്ച് സംസാരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഇക്കാര്യത്തിൽ വാഗ്ദാനം നൽകിക്കൊണ്ട് ഞങ്ങൾ പാതിരി സാഹിബിൽ നിന്നും വിട വാങ്ങി വീട്ടിലേക്ക് മടങ്ങി. ദീർഘനേരത്തോളം പാതിരി സാഹിബിന്റെ മറുപടികളിൽ ആശ്ചര്യവും അമ്പരപ്പും ഉണ്ടായിരുന്നു.

(അവ: അൻവാറുൽ ഉലൂം)

# പൂർണ്ണതയ്ക്ക് അനിവാര്യമായ ഘടകങ്ങൾ

أَلَّا تَطْغَوْا فِي الْمِيزَانِ ۝ وَأَقِيمُوا الْوَزْنَ بِالْقِسْطِ وَلَا تُخْسِرُوا الْمِيزَانَ ۝

**നിങ്ങൾ നീതിയുടെ തുലാസിൽ അതിക്രമം പ്രവർത്തിക്കാതിരിക്കാൻ വേണ്ടി. നിങ്ങൾ നീതിപൂർവ്വം തൂക്കം നിലനിർത്തുക. നിങ്ങൾ അളവിൽ കുറവു വരുത്തുകയുമരുത്.** *(സൂറാ : റഹ്മാൻ. 9,10)*

## ലോക വ്യവസ്ഥിതിയുടെ പൂർണ്ണതയ്ക്ക് മൂന്ന് ഘടകങ്ങളുണ്ട്.

1) ഒരു വ്യക്തി തന്നിൽ അർപ്പിതമായ പ്രവൃത്തിയിൽ കൂടുതൽ ചെയ്യുന്നില്ല.
2) ഓരോ വ്യക്തിയിലും തന്നിൽ അർപ്പിതമായ പ്രവൃത്തി പൂർണ്ണമായും ചെയ്യുന്നു.
3) മറ്റേതെങ്കിലും വ്യക്തി തന്റെ കടമ നിർവ്വഹിക്കുന്നതിൽ ഒരുവൻ തടസ്സം നിൽക്കുന്നില്ല. അല്ലെങ്കിൽ ആ കടമ നിർവ്വഹണത്തിന്റെ യോഗ്യതയിൽ നിന്നും അവനെ തടയുന്നില്ല.

ചിന്തിച്ചു നോക്കുക. ഈ മൂന്ന് കാര്യങ്ങളാണ് ലോക വ്യവസ്ഥിതിയുടെ വിജയത്തിന് നിദാനം. മാനവവ്യവസ്ഥിതിയുടെ അധഃപതനത്തിനും അനിശ്ചിതത്വത്തിനും കാരണം ഇവ മൂന്നോ അല്ലെങ്കിൽ ഇവയിലേതെങ്കിലും ഒന്നിന്റെ അഭാവമോ ആണ്. ഇവയിൽ നിന്നും സുരക്ഷിതരായിരിക്കാൻ വേണ്ടിയാണ് പ്രപഞ്ച സംവിധാനത്തിലേക്ക് കണ്ണോടിക്കാനും അതിൽ നിന്ന് പാഠം ഉൾക്കൊള്ളാനും വിശുദ്ധ ഖുർആൻ പറഞ്ഞിരിക്കുന്നത്. സൂറ:റഹ്മാനിലെ ആദ്യ വചനങ്ങളായ ഇവയിൽ വിശുദ്ധഖുർആന്റെ അവതരണത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് വിവരിച്ചിരിക്കുന്നത്. വെറും ത്രാസിന്റെ അളവും മറ്റ് കൃത്രിമ അളവുകളെ സംബന്ധ വിഷയവുമെല്ലാം വിശുദ്ധ ഖുർആന്റെ അവതരണവുമായോ പ്രപഞ്ചസംവിധാനവുമായോ ബന്ധപ്പെട്ടതല്ല എന്നുള്ളത് വ്യക്തമാണ്. ആയതിനാൽ ഇവിടെ മനുഷ്യപ്രവർത്തനങ്ങളെ അളക്കുന്ന പരാമർശമാണെന്നുള്ളത് സ്പഷ്ടം. മനുഷ്യൻ തന്റെ സമൂഹത്തിന്റെ അസ്തിവാരം കെട്ടിപ്പടുക്കേണ്ടത് പ്രപഞ്ച വ്യവസ്ഥിതിയുടെ ഈ ഘടകങ്ങൾക്കനുസൃതമായിട്ടായിരിക്കണം. ദൈവികനിയമം ചുമത്തിയിട്ടുള്ള പരിധികളെയും അതിരുകളെയും ലംഘിക്കാൻ പാടില്ല. മറ്റുള്ളവരിൽ ഏൽപ്പിക്കപ്പെട്ടിട്ടുള്ള പ്രവർത്തികളെ ബാധിക്കുന്ന വിധത്തിലുള്ള ആവേശപൂർവ്വമായ പ്രവർത്തനങ്ങളും ഉണ്ടാകാൻ പാടില്ലാത്തതാണ്. തങ്ങളുടെ കടമകളെ നിർവ്വഹിക്കുന്നതിനെ അവഗണിക്കുകയോ മറ്റുള്ളവരുടെ പ്രവർത്തികളെ നേരിട്ടോ അല്ലാതെയോ തടഞ്ഞ്കൊണ്ട് അക്രമം പ്രവർത്തിക്കുകയോ അരുത്. **– അൽ മുസ്‌ലിഹ് മൗഊദ് (റ)**



# ഹരിത വിജ്ഞാപനം: ഒരു മുഖവുര

**ഈ ഗ്രന്ഥം റൂഹാൻ ഇ ഖസായിൻ വാല്യം 2 ൽ പേജ് 447 മുതൽ 470 വരെ 24 പേജുകൾ ഉൾക്കൊള്ളുന്നതാണ്. ഈ സേവനത്തിന്റെ യഥാർത്ഥ പേര് "ബശീറിന്റെ മരണ സംഭവും അതിന്റെ യഥാർത്ഥ്യവും" എന്നതാണ്. എന്നാൽ ഇത് പച്ച നിറത്തിലുള്ള പേജുകളിൽ അച്ചടിച്ചു വന്നതിനാൽ "ഹരിത വിജ്ഞാപനം" എന്ന പേരിൽ പ്രസിദ്ധമായി. ഈ വിജ്ഞാപനം 1888 ഡിസംബറിലാണ് എഴുതിയതും പ്രസിദ്ധീകരിച്ചതും ബശീർ അവ്വലിന്റെ മരണ സമയത്ത് ശത്രുക്കളുന്നയിച്ച ആക്ഷേപങ്ങൾക്ക് മറുപടിയാണ് ഹ: മസീഹ് മൗഊദ് (അ) ഈ വിജ്ഞാപനം എഴുതിയത്. അതായത് ഈ കുട്ടി (ബശീർ അവ്വൽ) യെ സംബന്ധിച്ചാണ്.**

1886 ഫെബ്രുവരി 20 ലെയും 1886 ഏപ്രിൽ 8 ലെയും 1887 ആഗസ്റ്റ് 7 ലെയും വിജ്ഞാപനത്തിൽ അവൻ പ്രതാപവാനും മഹത്വമുള്ളവനും ആയിരിക്കുമെന്നും സമൂഹങ്ങൾ അവനിൽ നിന്ന് അനുഗ്രഹം തേടുമെന്നുമുള്ള പ്രവചനമാണ് സൂചിപ്പിക്കുന്നതെന്ന് ശത്രുക്കൾ ആക്ഷേപിച്ചിരുന്നു. ഈ വിജ്ഞാപനത്തിൽ ഹ: മസീഹ് മൗഊദ് (അ) വാഗ്ദത്ത പരിഷ്ക്കർത്താവിന്റെ പേരിനെ സംബന്ധിച്ചും അതുമായി ബന്ധപ്പെട്ട പ്രവചനത്തെ സംബന്ധിച്ചും വിശദമായി പ്രതിപാദിക്കുകയുണ്ടായി. അതിലെ ചില ഉദ്ധരണികൾ താഴെ ചേർക്കുന്നു.

## ദൈവകാര്യം രുവിധം

പറഞ്ഞു, ദൈവ കാരുണ്യവും ആത്മീയാനുഗ്രഹങ്ങളും വർഷിക്കുന്നതിന് രണ്ട് മഹത്തായ മാർഗ്ഗങ്ങളാണുള്ളത്.

1) വല്ല ക്ലേശമോ ദുഃഖമോ ഇറക്കിക്കൊണ്ട് ക്ഷമ അവലംബിക്കുന്നവരുടെ മേൽകാരുണ്യത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുന്നു. അല്ലാഹു പറയുന്നു:
وَبَشِّرِ الصّٰبِرِيْنَ ............. هُمُ الْمُهْتَدُوْنَ (2:156,58)
മുഅ്മിനീങ്ങളുടെ മേൽ വിവിധ ക്ലേശങ്ങളും ഇടുക എന്നുള്ളത് നമ്മുടെ പ്രകൃതിനിയമമാണ്. ക്ഷമ കൈകൊള്ളുന്നവരുടെ മേൽ കാരുണ്യം വർഷിക്കപ്പെടുന്നതാണ്. വിജയത്തിന്റെ മാർഗ്ഗങ്ങൾ ക്ഷമ കൈകൊള്ളുന്നവരുടെ മേലാണ് ഇറക്കപ്പെടുക.

2) ദൈവകാരുണ്യത്തിന്റെ രണ്ടാമത്തെ മാർഗ്ഗം മുർസലീങ്ങളും പ്രവാചകന്മാരും ഖുലഫാക്കളുമാണ്. അവരെ പിൻപറ്റുകയും അവരുടെ മാർഗ്ഗദർശനം സ്വീകരിക്കുന്നതിലൂടെയും ജനങ്ങൾ സന്മാർഗ്ഗം പ്രാപിക്കുന്നത് അവരുടെ മാതൃകയിൽ തങ്ങളെ മാറ്റിത്തീർത്തുകൊണ്ടവർ മോക്ഷം പ്രാപിക്കുന്നു. ആയതിനാൽ ഈ രണ്ട് മാർഗ്ഗങ്ങളും ഈ വിനീതന്റെ സന്താനങ്ങളിലൂടെ പ്രകടമാക്കണമെന്ന് ദൈവം ആഗ്രഹിച്ചു.

(ഹരിത വിജ്ഞാപനം. റൂ.ഖ. വാല്യം 2 പേജ് 461,62)

## പരീക്ഷണങ്ങളിലെ യുക്തി

പറഞ്ഞു: ദൈവം തന്റെ കരങ്ങളാൽ നട്ട ചെടിയുടെ ശിഖിരങ്ങൾ മുറിക്കുന്നത് അതിനെ നശിപ്പിക്കാനല്ല മറിച്ച് അത് കൂടുതൽ പുഷ്പിക്കുന്നതിനും കായ്ക്കുന്നതിനും അവയിൽ അനുഗ്രഹം ചൊരിയുന്നതിനുമാണെന്ന കാര്യം ജനങ്ങളറിയുന്നില്ല. ചുരുക്കത്തിൽ, പ്രവാചകന്മാരുടെയും ആന്തരിക ശിക്ഷണത്തിനും ആത്മീയ പരിപൂർണതയ്ക്കും പരീക്ഷണങ്ങൾ ഉണ്ടാവേത് അനിവാര്യമാണ്. ഈ സമൂഹത്തിന് പരീക്ഷണങ്ങൾ ദൈവിക പട്ടാളത്തെ തിരിച്ചറിയുന്നതിനുള്ള ആത്മീയവേഷം പോലെ അനുപേക്ഷണീയമാണ്. ഈ സുന്നത്തിന് തികച്ചും വിപരീതമായി വല്ല വിജയവും ലഭിക്കുന്നവന് അത് വിജയമല്ല. ഒരു കാര്യം കൂടി ഓർമ്മിച്ചു കൊള്ളുക. ദുർഭാവനയിൽ അകപ്പെട്ട് പോവുകയും ദൈവിക മാർഗ്ഗത്തിൽ വാദം ഉന്നയിക്കുന്നവർ കുതന്ത്രജ്ഞാനികളും വഞ്ചകരും ഭൗതികരുമാണെന്ന് ധരിക്കുകയും ചെയ്യുന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. എന്ത് കൊണ്ടെന്നാൽ ഇത്തരം വിശ്വാസം വിലായത്തിന്റെ അസ്തിത്വത്തെ സംശയഗ്രസ്തമാക്കിമാറ്റും. പിന്നീട് വിലായത്തിനെ നിഷേധിച്ച ശേഷം നുബുവ്വത്തിന്റെ സ്ഥാനമാനത്തെ പറ്റിയും ഏതാണ്ടൊരു ശങ്ക അവനിൽ ഉണ്ടായിത്തീരുന്നതാണ്. നുബുവ്വത്തിനെ നിഷേധിച്ചതിന് പിന്നാലെ ദൈവാസ്തിത്വത്തെ സംബന്ധിച്ച് ചാഞ്ചാട്ടം അവനുണ്ടായിത്തീരുകയും ഇതൊക്കെ കൃത്രിമവും അടിസ്ഥാനരഹിതങ്ങളുമായേക്കുമെന്നും ജനങ്ങളുടെ ഹൃദയങ്ങളിൽ ഉറച്ച് പോയ അന്ധവിശ്വാസങ്ങളായിരിക്കും ഇവയൊക്കെ എന്നുമുള്ള വിചാരം അവന്റെ ഹൃദയത്തെ മഥിച്ചു കൊണ്ടിരിക്കും.



ആകയാൽ സത്യത്തെ ഹൃദയാത്മനാ സ്നേഹിക്കുകയും അതിനായി ദാഹിക്കുകയും ചെയ്യുന്നവരോ മനസ്സിലാക്കികൊൾവിൻ! ഈമാനെ ഈ ദുരിതഗ്രഹത്തിൽ നിന്നും രക്ഷിക്കുന്നതിന് വിലായത്തിലും അതിന്റെ അനിവാര്യഘടകങ്ങളിലും വിശ്വസിക്കുകയെന്നത് നിർബന്ധമത്രേ. നുബുവ്വത്തിലുള്ള വിശ്വാസത്തിന്റെ അഭയകേന്ദ്രമാണ് വിലായത്ത്. നുബുവ്വത്ത് ദൈവാസ്തിത്വ പ്രഖ്യാപനത്തിന്റെ അഭയകേന്ദ്രമാണ്. ആയതിനാൽ അമ്പിയാക്കളുടെ അസ്തിത്വത്തിന് ഔലിയാക്കൾ മുള്ളാണിപോലെയും അമ്പിയാക്കൾ ദൈവാസ്തിത്വം സ്ഥാപിക്കുന്ന ഇരുമ്പാണിക്ക് സദൃശ്യവുമാണ്. ആയതിനാൽ ഏതൊരുവനാണോ ദൈവിക ജ്ഞാനത്തിലൂടെ ഒരു വലിയെ ദർശിക്കാൻ സാധിക്കാത്തത്. അവന് നബിയെ തിരിച്ചറിയാനും സാധ്യമല്ല. നബിയെ സംബന്ധിച്ച് ദിവ്യജ്ഞാനമില്ലാത്തവൻ ദൈവത്തെ സംബന്ധിച്ചും പരിപൂർണ്ണ ജ്ഞാനം ഇല്ലാത്തവനാണ്. (ഹരിത വിജ്ഞാപനം: 460,61)

# ഹദ്റത് മിർസാ ഹനീഫ് അഹ്മദ് സാഹിബ് ദിവംഗതനായി


**റബ്വ:** ഹ.മസീഹ് മൗഊദ്(അ)ന്റെ പൗത്രനും ഹ.മുസ്ലിഹ് മൗഊദ്(റ)ന്റെ പുത്രനും ഹ. ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) തിരുമനസ്സിന്റെ മാതൃസഹോദരനുമായ ഹദ്റത് മിർസാ ഹനീഫ് അഹ്മദ് സാഹിബ് (82) ദിവംഗതനായി.

1932 മാർച്ച് 24 ന് ഖാദിയാനിലാണ് ഹനീഫ് സാഹിബ് ഭൂജാതനായത്. ഹ. ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്), ഹ. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) എന്നിവർ സഹോദരങ്ങളാണ്.

ഹ.സയ്യിദ് സയ്നുൽ ആബിദീൻ ശാഹ് വലിയുല്ലാഹ് സാഹിബ്(റ)ന്റെ മകൾ സയ്യിദ ത്വാഹിറ ശാഹ് സാഹിബയാണ് ഭാര്യ.

സാഹിബ് സാദി അമതുൽ മുഅ്മിൻ സാഹിബ, സാഹിബ് സാദി മീന മുബാറക സാഹിബ, സാഹിബ് സാദി അമതുസ്സമീഅ് സാഹിബ, സാഹിബ് സാദാ മിർസാ സൽമാൻ സാഹിബ് എന്നിവരാണ് മക്കൾ.

തഅ്ലീമോ ഫഹ്മോ ഖുർആൻ, അദബുൽ മസീഹ് എന്നീ ബൃഹദ് ഗവേഷക ഗ്രന്ഥങ്ങളുടെ കർത്താവാണ്.



ഹ.മുസ്ലിഹ് മൗഊദ്(റ)ന്റെ നാലാമത്തെ ഭാര്യയായ ബിഹാർ സ്വദേശി ഹ.പ്രൊഫ. അബ്ദുൽ മാജിദ് സാഹിബ്(റ)ന്റെ പുത്രി ഹ.സയ്യിദ സാറ ബേഗം സാഹിബയാണ് മാതാവ്. ഇവരിൽ മിർസാ ഹനീഫ് അഹ്മദ് സാഹിബിനെക്കൂടാതെ രണ്ട് മക്കൾ കൂടി ഹ. മുസ്ലിഹ് മൗഊദ്(റ)നുണ്ട്. സാഹിബ് സാദാ മിർസാ റഫീഅ് അഹ്മദ് സാഹിബും സാഹിബ് സാദി അമത്തുന്നസീർ ബേഗം സാഹിബയും.

# മജ്ലിസ് ആമില റെഫ്രഷർ കോഴ്സ്

**എറണാകുളം:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ എറണാകുളം ജില്ലയുടെയും കൊല്ലം ജില്ലയുടെയും സംയുക്ത മജ്ലിസ് ആമില റെഫ്രഷർ കോഴ്സ് മസ്ജിദ് ഉമറിൽ വെച്ച് നടത്തപ്പെട്ടു. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് മുആവിൻ സദ്ർ മൗലവി എസ്.എം. ബശീറുദ്ദീൻ സഹിബിന്റെ അദ്ധ്യക്ഷതയിൽ എറണാകുളം ജില്ലാ അമീർ സാഹിബ് ഉദ്ഘാടനം ചെയ്തു. രണ്ട് ജില്ലാ ഖാഇദുമാരുടെയും ആമുഖഭാഷണത്തിനു ശേഷം സി.ശമീം സാഹിബ് ക്ലാസ്സ് എടുത്തു. മൗലവി ടി.അമീറുദ്ദീൻ സാഹിബ് നേതൃത്വഗുണം എന്ന വിഷയം പ്രസന്റേഷൻ രൂപത്തിൽ അവതരിപ്പിച്ചു. അഖിലേന്ത്യാ സദ്ർ സാഹിബുമായി വീഡിയോ കോൺഫറൻസും നടത്തുകയുണ്ടായി.



# കൂലു ജമീഅ

**കോഴിക്കോട്:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കോഴിക്കോട് ജില്ലയുടെ ആഭിമുഖ്യത്തിൽ ദാറുസ്സലാമിൽ വെച്ച് കൂലു ജമീഅ നടത്തി. കോഴിക്കോട്, മാത്തോട്ടം, കൊടിയത്തൂർ, വടകര എന്നീ മജ്ലിസുകളിൽ



നിന്നുള്ള ഖാദിം അത്ഫാൽ അംഗങ്ങൾ ഭക്ഷണം തയ്യാറാക്കി കൊണ്ടുവന്നു. മൗലവി സലീം സാഹിബ്, മൗലവി ആരിഫ് സാഹിബ്, മൗലവി നിസാർ സാഹിബ്, മാത്തോട്ടം അമീർ പി.എം ബഷീർ സാഹിബ്, കോഴിക്കോട് നാഇബ് അമീർ ഡോ. സലാഹുദ്ദീൻ സാഹിബ്, കൊടിയത്തൂർ സദ്ർ എം. അഹ്മദ് കുട്ടി സാഹിബ്, വടകര സദ്ർ സയ്യിദ് മുഹമ്മദ് ജാഫർ തങ്ങൾ സാഹിബ്, ജില്ലാ നാസിം അൻസാറുല്ലാഹ് റഫി അഹ്മദ് സാഹിബ്, സി. ശമീം സാഹിബ്, റഹീം ശംസുദ്ദീൻ സാഹിബ് എന്നിവരും ഖാദിം അത്ഫാൽ സഹോദരങ്ങളോടൊപ്പം ഭക്ഷണം പങ്കിട്ടു കഴിച്ചു.

# മെഡിക്കൽ ക്യാമ്പ്



**ഖാദിയാൻ:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ഖാദിയാനു സമീപമുള്ള ഭാം ഗ്രാമത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തി. ഹോമിയോ, അലോപ്പതി ഡോക്ടർമാരായ നിഷാൻ അഹ്മദ്, റഫീഖ് ഖമർ എന്നിവർ പരിശോധന നടത്തി.250 ാളം രോഗികളെ ക്യാമ്പിൽ പരിശോധിച്ചു.


# സീറത്തുന്നബി യോഗം

**കരുളായി:** ജില്ലാ അമീർ ടി.കെ അമീർ അലി സാഹിബിന്റെ അദ്ധ്യക്ഷതയിൽ പള്ളി അങ്കണത്തിൽ വെച്ച് സീറത്തുന്നബി യോഗം സംഘടിപ്പിച്ചു. ഫാദർ എബി അലക്സ്, നിലമ്പൂർ മുൻസിപ്പൽ ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ അഡ്വക്കേറ്റ് ബാബു മോഹന കുറുപ്പ്, മൗലവി എം.നാസിർ അഹ്മദ് സാഹിബ് എന്നിവർ പ്രഭാഷണം നിർവഹിച്ചു.

**അരീക്കോട്:** ജില്ലാ അമീർ ടി.കെ അമീർ അലി സാഹിബിന്റെ അദ്ധ്യക്ഷതയിൽ രണ്ടു ദിവസങ്ങളിലായി സീറത്തുന്നബി യോഗം സംഘടിപ്പിച്ചു. മൗലവി ടി.എം. അബ്ദുൽ മുജീബ് സാഹിബ്, മൗലവി എം. നാസിർ അഹ്മദ് സാഹിബ്, മൗലവി മുഹമ്മദ് ഇസ്മാഈൽ സാഹിബ് എന്നിവർ പ്രഭാഷണം നടത്തി.



ബാംഗ്ളൂരിൽ നടന്ന രക്തദാനക്യാമ്പ്



**നിരാൻകാരി സന്ത് സമാജം ആത്മീയാചാര്യൻ സദ്ഗുരു ബാബാ ഹർദേവ് സിംഗ് ജി മഹാരാജിനെ ബാംഗ്ളൂർ ജമാഅത്ത് അംഗങ്ങൾ സന്ദർശിച്ചു**

# യാത്രയയപ്പ് നൽകി

**കോഴിക്കോട്:** ജില്ലാ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ദാറുസ്സലാമിൽ വെച്ച് മുൻ നാഇബ് സദ്ർ ഭാരത് സി. ശമീം സാഹിബിനും മുൻ നോർത്ത് ഇലാഖാ ഖാഇദ് റഹീം ശംസുദ്ദീൻ സാഹിബിനും യാത്രയയപ്പ് നൽകി. ജില്ലാ ഖാഇദിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ മാത്തോട്ടം അമീർ പി.എം ബഷീർ സാഹിബ്, കോഴിക്കോട് നാഇബ് അമീർ ഡോ.സലാഹുദ്ദീൻ സാഹിബ്, കൊടിയത്തൂർ സദ്ർ എം.അഹ്മദ് കുട്ടി സാഹിബ്, വടകര സദ്ർ സയ്യിദ് മുഹമ്മദ് ജാഫർ തങ്ങൾ സാഹിബ്, ജില്ലാ നാസിം അൻസാറുല്ല റഫി അഹ്മദ് സാഹിബ്, മൗലവി സലീം സാഹിബ്, മൗലവി ആരിഫ് സാഹിബ്, മൗലവി നിസാർ സാഹിബ് എന്നിവർ സംബന്ധിച്ചു. കോഴിക്കോട്, മാത്തോട്ടം, വടകര, കൊടിയത്തൂർ എന്നീ മജ്ലിസുകളിൽ നിന്ന് 100ാളം ഖുദാം അത്ഫാൽ സഹോദരങ്ങൾ പങ്കെടുത്തു.





# സുഅമാഅ് റെഫ്രഷർ കോഴ്സ്



**കരുളായി:** രണ്ടു ദിവസങ്ങളിലായി നടന്ന മജ്ലിസ് അൻസാറുല്ലാഹ് സംസ്ഥാന സുഅമഅ് റെഫ്രഷർ കോഴ്സ് അഖിലേന്ത്യാ നാഇബ് സദ്ർ അൻസാറുല്ലാഹ് മൗലവി അബ്ദുൽ മുഅ്മിൻ സാഹിബ് റാശിദ് ഉൽഘാടനം ചെയ്തു. അൻസാറുല്ലാഹ് സംസ്ഥാന നാസിം പി.പി. നാസിമുദ്ദീൻ സാഹിബ് അദ്ധ്യക്ഷത വഹിച്ചു. എറണാകുളം ജില്ലാ അമീർ ടി.കെ. അമീറലി സാഹിബ്, എറണാകുളം ജില്ലാ അമീർ ശാഹുൽ ഹമീദ് സാഹിബ്, മലപ്പുറം മുബല്ലിഗ് ഇൻചാർജ് മൗലവി ടി.എം. അബ്ദുൽ മുജീബ് സാഹിബ് എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. തുടർന്ന് വിവിധ സെഷനുകളിലായി താജുദ്ദീൻ സാഹിബ് പാലക്കാട് ജില്ലാ നാസിം അൻസാറുല്ലാഹ്, പി.എം ബശീർ സാഹിബ് അമീർ മാത്തോട്ടം, മുഹമ്മദ് ഹുസൈൻ സാഹിബ് തിരുവനന്തപുരം, മൗലവി എം. നാസിർ അഹ്മദ് സാഹിബ് തുടങ്ങിയവർ ക്ലാസ്സെടുത്തു. നെടുങ്കയം ഫോറസ്റ്റിലേക്ക് ഒരു ഉല്ലാസയാത്രയും സംഘടിപ്പിച്ചിരുന്നു. സമാപന പ്രഭാഷണം ഖാദിയാനിൽ നിന്ന് സദ്ർ അൻസാറുല്ലാഹ് ഭാരത് തൽസമയ വീഡിയോ സ്ട്രീമിങ്ങിലൂടെ നടത്തി.

ആരോഗ്യം



# കടല

രണ്ട് തരത്തിലുള്ള കടലയാണ് പൊതുവെ കാണപ്പെടുന്നത്.
**ഒന്ന് കറുത്ത കടല. രണ്ട് വെളുത്ത കടല.**
കറുത്ത കടലയെ പൊളിച്ച് പരുപ്പുണ്ടാക്കുന്നു. അത് ഭക്ഷണമായി ഉപയോഗിക്കുന്നത് കൂടാതെ പൊടിച്ച് കടല മാവുണ്ടാക്കുന്നു. അത് ഉപയോഗിച്ച് പല പലഹാരങ്ങളും ഉണ്ടാക്കുന്നു.






കടല മരുന്നായും ഉപയോഗിക്കുന്നു. 30 ഗ്രാം കടല പാലിൽ കുതിർത്തിയതിന് ശേഷം രാവിലെ കഴിക്കുന്നത് ഷുഗറിന് നല്ലതാണ്. കടലയും യവവും സമം ചേർത്ത് പൊടിച്ച് അതുകൊണ്ട് ചപ്പാത്തി ഉണ്ടാക്കി രാവിലെയും രാത്രിയും കഴിക്കുന്നത് ഷുഗർ രോഗികൾക്ക് നല്ലതാണ്. കൂടാതെ ചില ത്വക്ക് രോഗങ്ങൾക്കും, കണ്ണിന്റെ കാഴ്ചയ്ക്കും അത് ഉത്തമമാണ്.

(ഹുവശ്ശാഫി)

കടലയിൽ ഏകദേശം 10% ജലമാകുന്നു. 62% കാർബോഹൈഡ്രേറ്റും, 17% പ്രോട്ടീനും, 5% കൊഴുപ്പും അടങ്ങിയിരിക്കുന്നു. കൂടാതെ ഫോസ്ഫറസ് ഇരുമ്പ്, കാൽസ്യം തുടങ്ങിയ മൂലകങ്ങൾ 2% വും അടങ്ങിയിരിക്കുന്നു.

കടല കഴിച്ചാൽ പൊതുവിൽ വയറ്റിൽ ഗ്യാസുണ്ടാകുന്നു. എന്നാൽ വറുത്ത കടല ആരോഗ്യത്തിന് ഉത്തമവും സ്വാദിഷ്ഠവുമാകുന്നു.







പൊതുവിജ്ഞാനം

# Nuclear Waste




ആറ്റമികോർജം ഇക്കാലഘട്ടത്തിൽ വൈദ്യുതോൽപാദനത്തിനായി കൂടുതൽ ഉപയോഗിക്കപ്പെടുന്നു. തൽഫലമായി വളരെ അപകടകാരിയായ വികിരണങ്ങൾ ഉൽപാദിപ്പിക്കപ്പെടുന്നു. അവയെ Radio Active Waves എന്ന് പറയുന്നു. ഈ കിരണങ്ങൾ ഒരു പ്രത്യേക അളവിൽ കൂടുതലായി മനുഷ്യനിൽ പതിക്കുകയാണെങ്കിൽ അത് അർബുദം പോലെയുള്ള മാരക രോഗങ്ങൾക്ക് കാരണമായിത്തീരുന്നു. ഈ മൂലകങ്ങളിൽ നിന്ന് ആയിരക്കണക്കിന് വർഷങ്ങളോളം കിരണങ്ങൾ ബഹിർഗമിച്ചു കൊണ്ടേയിരിക്കുന്നതാണ്.



Radio Active Waves

- ഇത്തരത്തിലുള്ള മൂലകങ്ങളെ മീറ്ററുകളോളം ഘനമുള്ള കോൺക്രീറ്റ് കട്ടകൾക്കുള്ളിൽ അടക്കം ചെയ്യുന്നു. അതിന്റെ ഫലമായി അതിൽ നിന്ന് പുറപ്പെടുന്ന വികിരണങ്ങളെ കോൺക്രീറ്റിന്റെ ശക്തമായ ആവരണം ആഗിരണം ചെയ്യുന്നതാണ്. ഇത് വളരെ ചെലവേറിയ പദ്ധതിയാണ്. Navada എന്ന മരുസ്ഥലത്തുള്ള Yecca Mountain ന്റെ അടിത്തട്ടിൽ Nuclear Waste നെ അടക്കം ചെയ്യുന്നതിനുള്ള ഖബർസ്ഥാൻ നിർമിക്കാനുള്ള പ്രയത്നത്തിലാണ് അമേരിക്ക. ഇതിന്നായി 30 മുതൽ 40 വരെ ബില്യൺ ഡോളർ ചെലവ് പ്രതീക്ഷിക്കുന്നു.


- ഈ Radio Active Waste നെ ഇല്ലാതാക്കി നിരുപദ്രവകാരിയായ മൂലകങ്ങളിലേക്ക് പരിവർത്തനം ചെയ്യാനുള്ള പദ്ധതിയും ആവിഷ്കരിച്ചു കൊണ്ടിരിക്കുകയാണ്. അതിന്നായി Particle Accelerators എന്ന് നാമകരണം ചെയ്തിട്ടുള്ള യന്ത്രം നിർമിക്കേണ്ടതുണ്ട്. അതിലൂടെ പ്രോട്ടോൺ കണങ്ങൾക്ക് അധികമായി ശക്തി നൽകപ്പെടുന്നു. തൽഫലമായി അത് പ്രകാശവേഗതയേക്കാൾ വേഗതയിൽ സഞ്ചരിക്കുന്നു. അതിനെ ഈയത്തിന്റെ പ്ലേറ്റുകളുമായി കൂട്ടിയിടിപ്പിക്കുമ്പോൾ അപാര ശക്തിയുള്ള ന്യൂട്രോൺ ഉൽപാദിക്കപ്പെടുന്നു.




Nuclear Waste



Yecca Mountain





Particle Accelerators

ഈ ന്യൂട്രോണുകളെ Radio Active Waste ലൂടെ കടത്തിവിട്ട് നിരുപദ്രവകാരിയായ മൂലകങ്ങളാക്കി മാറ്റുന്നു. ഈ രീതിയെ Transimulation എന്നാണ് പറയുന്നത്. അതിന്നായി 7 മുതൽ 8 വരെ ബില്ല്യൺ ഡോളർ ചെലവ് പ്രതീക്ഷിക്കുന്നു.

*(അൽ ഫദ്ൽ: 03.03.95)*

Printer & Publisher : T.K.Mushtaq Ahmad
Manager : A.T.Nasarudheen
Layout : Quraish

Editor : T.M.Abdul Mujeeb
Members : Arif Mohammad , Ameerudheen Sajid

Not for Sale, Circulation among members only

Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut